**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


*Vol. XXXVII* *2009 March* *No. 3*

വാർഷിക വരിസംഖ്യ 120 രൂപ, ഒറ്റപ്രതി 10 രൂപ

# ഉള്ളടക്കം


ഇടയലേഖനം ............................................................ 171
സർക്കുലർ ................................................................ 175
സർക്കുലർ ................................................................ 180
രൂപതാ കച്ചേരി വാർത്തകൾ.................................... 183
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .............................. 197
വൈദികസമ്മേളനം റിപ്പോർട്ട് ................................. 200
NOTES ON TAXATION AND OTHER STATUTES OF CENTRAL AND STATE GOVERNMENTS AFFECTING RELIGIOUS & CHARITABLE INSTITUTIONS ................................................................ 202
മതബോധനരംഗം ..................................................... 210
ചെറുപുഷ്പമിഷൻലീഗ് .............................................. 218
കെ. സി. വൈ. എം. .................................................. 226
കുടുംബപ്രേഷിതത്വം ................................................ 231
സിയോൻ വാർത്തകൾ................................................ 232
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 235
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 240
സാമൂഹ്യസേവന രംഗം ............................................... 242
ദൈവവിളി ക്യാമ്പ് ...................................................... 244
വിദ്യാഭ്യാസ മണ്ഡലം ................................................ 245
അറിയിപ്പുകൾ .......................................................... 250
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................... 252
ബിഷപ്സ് പ്രോഗ്രാം .................................................... 254



# ഇടയലേഖനം

**_Pastoral Letter No. 01/2009_**
**_Prot. No. 7699/2009_**

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ മെത്രാനായ
**മാർ ജോസ് പൊരുന്നേടം**
തന്റെ സഹശുശ്രൂഷകരായ ബഹുമാനപ്പെട്ട വൈദികർക്കും,
ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും,
തന്റെ ആത്മീയ ശുശ്രൂഷയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന
ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ പീഢാനുഭവവും കുരിശുമരണവും ഉയിർപ്പും ആചരിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കുന്ന അമ്പത് നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഇത്തരുണത്തിൽ നോമ്പാചരണത്തേപ്പറ്റി നിങ്ങളുമായി ഏതാനും ചില ചിന്തകൾ പങ്കുവയ്ക്കട്ടെ.

ക്രൈസ്തവജീവിതം ഉയിർപ്പിന്റെ ജീവിതമാണ്. അത് കർത്താവിനോടൊത്തുള്ള ജീവിതമാണ്. വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: *യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോട് നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിന് സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുദ്ധാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും.* (റോമാ 6:3-5) വി. പൗലോസിന്റെ ഈ വീക്ഷണമനുസ

രിച്ച് പാപരഹിതമായ ക്രൈസ്തവജീവിതം നമ്മുടെ ഉയിർപ്പിന് ശേഷമുള്ള ജീവിതത്തിന് സദൃശമാണ്. നമ്മുടെ മരണ ശേഷം നമുക്ക് കിട്ടാൻ പോകുന്നത് ഭൗതികമായ ലാഭനേട്ടങ്ങളോ സുഖസൗകര്യങ്ങളോ അല്ലല്ലോ. പ്രത്യുത ദൈവവുമൊത്തുള്ള ജീവിതമാണ്. ആ ജീവിതം ഈ ലോകത്തിൽ തന്നെ പാപരഹിതമായ ക്രൈസ്തവ ജീവിതത്തിൽ നാം അനുഭവിക്കാൻ തുടങ്ങുന്നു എന്നത്രേ വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നത്. മറ്റ് വാക്കുകളിൽ ക്രൈസ്തവജീവിതം ദൈവാനുഭവത്തിന്റെ ജീവിതമായിരിക്കണം എന്നർത്ഥം.

മരണം ഉത്ഥാനത്തിനുള്ള അവശ്യ വ്യവസ്ഥയായിരിക്കുന്നതുപോലെ നമ്മുടെ പാപരഹിതമായ അവസ്ഥ ദൈവാനുഭവജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ക്രിസ്തുവിനോടൊത്തുള്ള ജീവിതം അവിടുന്ന് നയിച്ച ജീവിതത്തോട് സദൃശമായ ഒരു ജീവിതം നാമും നയിക്കുന്നതിലാണടങ്ങിയിരിക്കുന്നത്. എന്നാൽ ഉദ്ഭവപാപത്തിന് അടിമകളായ നമ്മുടെ പ്രകൃതി തന്നെ പാപത്തിലേയ്ക്ക് തിരിഞ്ഞാണിരിക്കുന്നത് എന്നു നാം ഓർക്കേണ്ടതുണ്ട്. ഈ വസ്തുതയാണ് നോമ്പും ഉപവാസവും എടുക്കാനും പരിഹാരപ്രവൃത്തികൾ ചെയ്യാനും നമ്മെ നിർബന്ധിതരാക്കുന്നത്. അവയിലൂടെ പാപത്തിലേയ്ക്കുള്ള നമ്മുടെ ആകർഷണത്തെ അതിജീവിക്കാൻ നാം ശ്രമിക്കുകയാണ്. ചില സന്ദർഭങ്ങളിലെങ്കിലും ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക എന്നത് നമ്മുടെ മനസ്സിന്റെ ബലം അളക്കാനുള്ള ഒരു മാർഗ്ഗമാണ്. പ്രയാസത്തോടെയെങ്കിലും പലയാവർത്തി അങ്ങനെ ചെയ്ത് കഴിയുമ്പോൾ നാം മനസ്സിൽ ശക്തി പ്രാപിച്ചവരാകുന്നു. അങ്ങനെ പാപപ്രേരണയെ അതിജീവിയ്ക്കാൻ നാം പ്രാപ്തരാകുന്നു. അതോടൊപ്പം കുരിശിന്റെ വഴി തുടങ്ങിയ ഭക്താഭ്യാസങ്ങളിലൂടെ യേശുവിന്റെ ജീവിതത്തിലെ ഏടുകളെപ്പറ്റി ധ്യാനിക്കുകയും അവ പ്രാർത്ഥനാവിഷയമാക്കുകയും ചെയ്യുകയും അവ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ നാം ഉത്ഥാനജീവിതത്തിന് സദൃശമായ ഒരു ജീവിതം നയിക്കാൻ ആരംഭിക്കുന്നു.

ശരിയായ കൗദാശികജീവിതം ഉയിർപ്പിന്റെ ജീവിതം അനുഭവിക്കാൻ അത്യന്താപേക്ഷിതമാണ്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് പാപമോചനമെന്ന കൂദാശയും വിശുദ്ധ കുർബാനയും. ജ്ഞാനസ്നാനത്തിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും നാം ക്രിസ്തുവിനോട് ഐക്യപ്പെടുകയും വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെടുകയും ചെയ്തെങ്കിലും ഈ രണ്ട് കൂദാശകളാണ് അതിൽ നമ്മെ ഉറപ്പിച്ച് നിർത്തുന്നത്. ഇവ

രണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താത്തവർക്ക് അവരുടെ കത്തോലിക്കാ ക്രൈസ്തവ വിശ്വാസം നിലനിർത്താൻ എളുപ്പമായിക്കുകയില്ല. കുമ്പസാരമെന്ന കൂദാശ നമ്മുടെ പാപങ്ങൾക്ക് മോചനം തരുന്നതോടൊപ്പം പാപരഹിതമായ അവസ്ഥയിൽ ജീവിക്കുന്നതിനാവശ്യമായ ദൈവാനുഗ്രഹം ലഭ്യമാക്കുകയും ചെയ്യുന്നു. എന്നാൽ അതൊരു യാന്ത്രികപ്രക്രിയ അല്ലെന്നും നാം ഓർക്കേണ്ടതുണ്ട്. നമ്മുടെ ഭാഗത്തു നിന്നുള്ള ആത്മാർത്ഥമായ സഹകരണവും പരിശ്രമവും അതിന് കൂടിയേ തീരു. നമ്മുടെ മനസ്സിന്റെ നവീകരണം അതിൽ പ്രധാനപ്പെട്ടതാണ്. വാശിയും വൈരാഗ്യവും വിദ്വേഷവും അസൂയയും സ്പർദ്ധയും സ്വാർത്ഥതയുമെല്ലാം നമ്മുടെ മനസ്സിൽ നിന്ന് അകന്നു പോകണം. അങ്ങനെ ശുദ്ധമാക്കപ്പെട്ട മനസ്സോടെ കർത്താവിന്റെ ബലിയിൽ നാം പങ്കുചേരുമ്പോൾ നാം അവനോട് സദൃശരാകുന്നു.


പാപം വ്യക്തിപരം മാത്രമല്ല പ്രത്യുത സമൂഹപരവും ആകാം. ഓരോരുത്തരും വ്യക്തിപരമായി പാപരഹിതമായ അവസ്ഥയിൽ ജീവിക്കാൻ പരിശ്രമിക്കുന്നതോടൊപ്പം തങ്ങൾ ജീവിക്കുന്ന സമൂഹത്തേയും പാപരഹിതമാക്കാൻ പരിശ്രമിക്കണം. കൊലയും കളവും പോലെ തന്നെ അഴിമതിയും അക്രമവും കൈക്കൂലിയും കള്ളപ്പണ സമ്പാദനവുമെല്ലാം തുടച്ചു മാറ്റപ്പെടേണ്ട പാപങ്ങളാണ്. മനുഷ്യന്റെ സ്വാർത്ഥതയും അത്യാഗ്രഹവുമാണ് ഇവയുടെ പ്രധാന കാരണം എന്ന് പറയേണ്ടതില്ലല്ലോ. ഒരു യഥാർത്ഥ ക്രൈസ്തവ വിശ്വാസി ഇവയ്ക്കെല്ലാം എതിരെ പ്രവർത്തിക്കാൻ തയ്യാറാകും എന്നത് നിസ്സംശയമാണ്. ഈ നോമ്പുകാലത്ത് വ്യക്തിപരമായ ജീവിതത്തിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നതുപോലെ സമൂഹജീവിതത്തിലും മാറ്റം വരുത്താൻ നാം ദൃഢനിശ്ചയം ചെയ്യണം.

നമ്മുടെ പ്രാർത്ഥനകളും പരിഹാരപ്രവൃത്തികളും കേവലം ഒരു ചടങ്ങായും വ്യക്തിപരമായ സംതൃപ്തി നൽകുന്ന ഒരു പ്രക്രിയയായും അവശേഷിക്കരുത്. ഇത്തരുണത്തിൽ സ്നാപകയോഹന്നാൻ തന്നെ സമീപിച്ചവരോട് പറഞ്ഞ കാര്യങ്ങൾ അനുസ്മരിക്കാം: *ജനക്കൂട്ടം അവനോട് ചോദിച്ചു: ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ. ചുങ്കക്കാരും സ്നാനം സ്വീകരിക്കാൻ വന്നു. അവരും അവനോട് ചോദിച്ചു: ഗുരോ, ഞങ്ങൾ എന്ത് ചെയ്യണം? അവൻ പറഞ്ഞു: നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്.*

*പടയാളികളും അവനോട് ചോദിച്ചു: ഞങ്ങൾ എന്ത് ചെയ്യണം? അവൻ അവരോട് പറഞ്ഞു: നിങ്ങൾ ആരേയും ഭീഷണിപ്പെടുത്തരുത്. വ്യാജമായ കുറ്റാരോപണം അരുത്. വേതനം കൊണ്ട് തൃപ്തിപ്പെടണം.* (ലൂക്കാ 3, 10–16). നാമും ഇങ്ങനെയൊക്കെയുള്ള തലങ്ങളിൽ വ്യാപരിക്കുന്നവരായിരിക്കുമല്ലോ. യോഹന്നാൻ കൊടുത്ത ഉത്തരങ്ങൾ നമുക്കും സ്വീകരിക്കാവുന്നതാണ്. ഇതിൽ പെടാത്ത പലതരം ജോലികൾ ചെയ്യുന്നവരും നമ്മുടെ മധ്യേ ഉണ്ട്. അവരും യോഹന്നാന്റെ ഉത്തരത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് തങ്ങളുടെ ജീവിതങ്ങളിൽ മാറ്റം വരുത്തട്ടെ. ഞാനൊരാൾ ചിന്തിച്ചാൽ ഈ സമൂഹത്തെ മുഴുവൻ മാറ്റാൻ കഴിയുമോ എന്ന സംശയം നമുക്കുണ്ടാകാം. ഒരോരുത്തരും അവരവർക്ക് പറ്റുന്നത് ചെയ്തു കഴിയുമ്പോൾ സമൂഹം മുഴുവൻ മാറിക്കഴിഞ്ഞിരിക്കും എന്നതാണ് സത്യം.

സ്വയം മാറാനും സമൂഹത്തെ മാറ്റാനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് ഈ നോമ്പുകാലത്ത് ഉപവാസവും പ്രാർത്ഥനയും പാപപരിഹാരങ്ങളും തീർത്ഥാടനവുമെല്ലാം നടത്താൻ നമുക്ക് പരിശ്രമിയ്ക്കാം. അങ്ങനെ വ്യക്തികളുടേയും സമൂഹത്തിന്റേയും സമ്പൂർണ്ണനവീകരണത്തിന് ഈ കാലഘട്ടം ഉപയുക്തമാകട്ടെ എന്നാണ് എന്റെ ആശംസയും പ്രാർത്ഥനയും. അതൊടൊപ്പം രാഷ്ട്രീയസംഘട്ടനങ്ങളും വർഗ്ഗവൈരവും ഭരണസ്ഥിരതയില്ലായ്മയുമെല്ലാം വർദ്ധിച്ച് വരുന്ന നമ്മുടെ രാജ്യത്ത് സമാധാനവും ശാന്തിയും പുലരാനും നിയമവാഴ്ചയും ക്രമസമാധാനവും ഉറപ്പാക്കി പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും കഴിവുള്ള സർക്കാരുകൾ അധികാരത്തിലേറാനും നമുക്ക് പ്രാർത്ഥിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2009 ഫെബ്രുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*NB:- ഈ ഇടയലേഖനം 2009 മാർച്ച് മാസം 8–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

## സ്ത്രീ പുരുഷന്മാരുടെ തുല്യമഹത്വവും, ഏകസ്ഥരായ വനിതകളുടെ വിളിയും

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ സാന്നിദ്ധ്യവും പങ്കാളിത്തവും ഇന്ന് ദൃശ്യമാണ്. അതിനെ പ്രധാനപ്പെട്ടതായിട്ടാണ് സഭയും സമൂഹവും കരുതുന്നതും. സ്ത്രീയും പുരുഷനും തുല്യമഹത്വത്തിനും ആദരവിനും സ്വാതന്ത്ര്യത്തിനും അവകാശത്തിനും അർഹരാണെന്ന കാര്യം ആധുനിക സഭാപ്രബോധനങ്ങൾ വ്യക്തമാക്കുന്നു (ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സ്ത്രീയുടെ മഹനീയത, 1988; സ്ത്രീകൾക്ക് എഴുതിയ കത്ത്, 1995; കുടുംബം സ്നേഹസമൂഹം, 1981; അല്മായ വിശ്വാസികൾ, 1988). പെൺകുട്ടികളും ഭാര്യമാരും അമ്മമാരും കന്യാസ്ത്രീകളും ഏകസ്ഥ ജീവിതം നയിക്കുന്നവരുമായി മനുഷ്യ മഹാകുടുംബത്തിന്റെ നേർപകുതി സ്ത്രീകളാണ്. സ്ത്രീയുടെ ദൗത്യം പരിപൂർണ്ണമാകുന്ന സമയം, ഇതിനു മുമ്പെങ്ങുമുണ്ടാകാത്ത ഒരു സ്വാധീനവും അർത്ഥവും ശക്തിയും കൈവരുന്ന സമയം വന്നു, എന്നിങ്ങനെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശത്തിൽ പറയുന്നു.

സ്ത്രീകൾ സഭയിലും സമൂഹത്തിലും സജീവ പ്രവർത്തകരും പങ്കാളികളുമാകുവാൻ സഹായിക്കുന്നതിനും അവരുടെ സുസ്ഥിതിയും വളർച്ചയും ഉറപ്പാക്കുന്നതിനും ഭാരതത്തിലെ കത്തോലിക്കാസഭയും പ്രതിജ്ഞാബദ്ധമാണ്. സ്ത്രീകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും അവരെ ശക്തീകരിക്കാനുമുള്ള പ്രവർത്തനങ്ങൾ ഭാരതസഭ 1984 മുതൽ ആരംഭിച്ചിരുന്നു. അതിനുവേണ്ടി 84-ൽ ആരംഭിച്ച *വിമൻ ഡെസ്ക്കിനെ* 1996-ൽ 'വിമൻസ് കമ്മീഷൻ' ആയി ഉയർത്തിക്കൊണ്ട് സ്ത്രീകൾക്കായുള്ള പ്രവർത്തനങ്ങളെ സി.ബി.സി.ഐ. കൂടുതൽ സജീവമാക്കിയിട്ടുണ്ട്. 2008 ഫെബ്രുവരിയിൽ നടന്ന സി.ബി.സി.ഐ. പ്ലീനറി അസംബ്ലിയുടെ പ്രധാന വിഷയം 'സ്ത്രീകളുടെ ശക്തീകരണം സഭയിലും സമൂഹത്തിലും' എന്നതായിരുന്നു. സ്ത്രീകളുടെ സമഗ്ര നന്മ ലക്ഷ്യം വയ്ക്കുന്ന ഒരു വനിതാനയം കേരളസഭയ്ക്കുവേണ്ടി ഇക്കഴിഞ്ഞ ഡിസംബറിൽ കെ.സി.ബി.സി. രൂപീകരിച്ചതും ശ്രദ്ധേയമാണ്.

സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങളും വിവേചനങ്ങളും അവസാനിപ്പിക്കണമെന്നും സഭയിലും സമൂഹത്തിലും അർഹമായ പങ്കാളിത്തം അവർക്ക് ഉറപ്പാക്കണമെന്നും സ്ത്രീകളുടെ ഉന്നമനത്തിനും വളർച്ചയ്ക്കുമായി പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും ആ രേഖ എല്ലാവരോടും ആവശ്യപ്പെടുന്നു. ഓരോ വ്യക്തിഗതസഭയുടെയും നിയമത്തിന് അനുസൃതമായി ഇടവകയിലും രൂപതയിലും സ്ത്രീകൾക്ക് സഭാപ്രവർത്തനങ്ങളിൽ പ്രാതിനിധ്യം കൊടുക്കണമെന്ന് ഈ വനിതാനയം ആവശ്യപ്പെടുന്നുണ്ട്. ഇതനുസരിച്ചുള്ള ഒരു പ്രവർത്തന ശൈലി രൂപതാതലത്തിലും ഇടവകാതലത്തിലും കരുപ്പിടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

ഉല്പത്തി പുസ്തകത്തിലെ രണ്ടും മൂന്നും അധ്യായങ്ങൾക്ക് ആധുനിക ബൈബിൾ പണ്ഡിതർ പുതിയ ഉൾക്കാഴ്ചകൾ ഇന്നു നല്കിയിട്ടുണ്ട്. 'പുരുഷന്റെ വാരിയെല്ലിൽ നിന്ന് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു', 'പുരുഷന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമാണ് സ്ത്രീ', എന്നീ പ്രയോഗങ്ങൾ സത്യത്തിൽ അർത്ഥമാക്കുന്നത് പുരുഷനും സ്ത്രീയും തുല്യരും ഒരേ പ്രകൃതിയിൽ പങ്കുചേരുന്നവരും സ്നേഹബന്ധത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരുമാണെന്ന കാര്യമാണ്. "പുരുഷൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമാവുകയും ചെയ്യും" (ഉല്പ. 2:24) എന്ന ദൈവിക കല്പനയാണ് ഈ കഥയുടെ പരകോടി. വിവാഹത്തിൽ ഇരുവരും വേർപിരിയാനാവാത്തവിധം സ്നേഹത്തിലും ഐക്യത്തിലും ഗാഢബന്ധത്തിലും ജീവിക്കണമെന്നാണ് ഇത് പഠിപ്പിക്കുന്നത് (മത്തായി. 19:4-5).

സ്ത്രീയും പുരുഷനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന പ്രസ്താവന (ഉത്പ. 1:27) ഇതിനോട് കൂട്ടി വായിക്കണം. മനുഷ്യത്വത്തിൽ ഇരുവരും തുല്യരാണെന്നും ഇരുവർക്കും തുല്യ അന്തസ്സും അവകാശവും സ്വാതന്ത്ര്യവും പങ്കാളിത്തവും ആണുള്ളതെന്നും ഇതിൽനിന്ന് വ്യക്തമാണല്ലോ. ഇത് അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക പ്രധാനപ്പെട്ട കാര്യമാണ്. സ്ത്രീകളെ അപൂർണ്ണരോ വികലരോ "നിത്യ മൈനറോ" ആയി കാണുന്ന നിലപാടുകൾ പൂർണ്ണമായി തിരുത്തപ്പെടുകതന്നെ വേണം. ക്രിസ്തുവിനു സ്ത്രീകളോടുണ്ടായിരുന്ന സമീപനം അവരുടെ മഹത്വവും തുല്യതയും ഉയർത്തുന്നതായിരുന്നു. അവരെ രണ്ടാം തരമായി അവതരിപ്പിക്കുന്ന ഒരു വാക്കോ പ്രവൃത്തിയോ അവിടുന്നിൽ കാണുകയില്ലെന്ന് ജോൺ

പോൾ രണ്ടാമൻ മാർപാപ്പ നിരീക്ഷിച്ചത് എത്രയോ ശരിയാണ്. ക്രിസ്തുവിനെ അനുകരിച്ച് ആദിമസഭയും സ്ത്രീകളുടെ മഹത്വം, സ്വാതന്ത്ര്യം, ശുശ്രൂഷ എന്നിവയ്ക്ക് വലിയ വില കല്പിച്ചിരുന്നു. പ്രേഷിതരംഗത്ത് അപ്പസ്തോലന്മാരോടൊപ്പം മുൻനിരയിൽ നിൽക്കുന്ന പ്രിസ്കാ, ലീദിയാ, ഫോയ്ബേ തുടങ്ങിയ എത്രയോ സ്ത്രീകളെ നമുക്കവിടെ കാണാനാവും (അപ്പ. 1:12–14, 2:16–18, 9:36–43, 12:12, 18:18–28, 16:11–40, റോമ. 16:1–2, 16:6–7, ഫിലി. 4:2–3, ഫില. 1–2). വി. പൗലോസ് സ്ത്രീ പുരുഷ തുല്യത ഉറപ്പിച്ചു പറയുന്നതും നാം ശ്രദ്ധിക്കണം (ഗലാ. 3:26–28).

സഭയുടെ ഈ കാഴ്ചപ്പാട് ഭാഗികമായേ നടപ്പായിട്ടുള്ളൂ എന്നതിനു തെളിവാണ് കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ ഇന്നും അനുഭവിക്കുന്ന വിവിധതരം പീഡനങ്ങളും വിവേചനങ്ങളും. ഹൃദയകാഠിന്യത്തിന്റെ - പാപത്തിന്റെ - ഫലമാണിത് (മത്താ. 19:8). ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക പങ്കാളിത്തം, രാഷ്ട്രീയാധികാരം എന്നീ തലങ്ങളിൽ ഭാരതീയ സ്ത്രീകൾ വളരെ താഴെയാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ഗാർഹിക പീഡനം, ശാരീരിക പീഡനം, നിർബന്ധിത ലൈംഗിക ബന്ധം, ബലാത്സംഗം എന്നിവയ്ക്ക് സ്ത്രീകൾ വിധേയരാക്കപ്പെടുന്നു. ഭരണസമിതികളിലും തീരുമാനങ്ങളെടുക്കുന്ന വേദികളിലും സ്ത്രീപങ്കാളിത്തം തീരെ കുറവാണ്. സ്ത്രീകളുടെ ദൗത്യം വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. കൂടാതെ, അവരുടെ കഴിവുകളും സേവനങ്ങളും വിലയിടിച്ചു കാണുകയോ അവഗണിക്കുകയോ ചെയ്യുക പതിവാണല്ലോ. ഈയൊരു അവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാൻ സഹായിക്കുന്ന കാര്യപരിപാടികൾ ആസൂത്രണം ചെയ്യുക അടിയന്തിരാവശ്യമാണ്.

ഇക്കാര്യത്തിനുവേണ്ടി പ്രഥമമായി ചെയ്യേണ്ടത് സ്ത്രീപുരുഷന്മാരുടെ അടിസ്ഥാനതുല്യത, പങ്കാളിത്തം, അവകാശങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം എല്ലാവരിലും സൃഷ്ടിക്കുകയാണ്. ഇടവകതലത്തിലും രൂപതാതലത്തിലും സ്ത്രീകളുടെ സമിതികൾ രൂപീകരിച്ച് അവരിലൂടെ ഈ പരിപാടി നടപ്പാക്കാവുന്നതാണ്. സഭയുടെ എല്ലാ വേദികളിലും 30% - 50% സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാൻ യത്നിക്കുക എന്നതാണ് മറ്റൊരു കാര്യം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീ പുരുഷന്മാരുടെ പരസ്പര സഹകരണവും പങ്കാളിത്തവും വഴി ദൈവികപദ്ധതിയനുസരിച്ചുള്ള ഒരു ലോകം കെട്ടിപ്പടുക്കുവാൻ നമുക്ക് സാധിക്കണം. ലോകമെങ്ങും മാർച്ച്

8 വനിതാദിനമായി ആചരിക്കുമ്പോൾ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ചർച്ചകൾ, റാലികൾ, സമ്മേളനങ്ങൾ, സെമിനാറുകൾ, പ്രാർത്ഥനകൾ എന്നിവ ഇടവകകളിൽ സംഘടിപ്പിക്കുവാൻ ശ്രമിക്കുമല്ലോ.

സ്ത്രീകളിൽ ഒരു പ്രത്യേക വിഭാഗത്തെക്കുറിച്ച് - ഏകസ്ഥരെക്കുറിച്ച്-ഇക്കൊല്ലം പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. വിവാഹത്തിലോ സന്യാസത്തിലോ പ്രവേശിക്കാത്ത സ്ത്രീകളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. അപ്പസ്തോലികകാലം മുതൽ സഭയിൽ ഏകസ്ഥജീവിതം നിലവിലുണ്ടായിരുന്നു (അപ്പ. 21:9-11, 1 കോറി. 7:25-35).

സ്വതന്ത്രമായി ഏകസ്ഥജീവിതം നയിക്കുന്നവരും സാഹചര്യംകൊണ്ട് ഏകസ്ഥജീവിതം നയിക്കേണ്ടി വരുന്നവരും ഉണ്ട്. ദൈവത്തിന്റെ പദ്ധതികൾക്ക് ഭാവാത്മകമായി പ്രത്യുത്തരിക്കാൻ ഇരുകൂട്ടർക്കും കഴിയണം. തങ്ങളുടെ അവസ്ഥയെ ദൈവവിളിയായി കണ്ട് ജീവിതത്തെ ക്രമപ്പെടുത്താൻ അവരെ സഹായിക്കേണ്ടതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശത്തിൽ പറയുന്നത് ശ്രദ്ധേയമാണ്, 'ഏകസ്ഥജീവിതം നയിക്കുന്ന സ്ത്രീകളേ, നിങ്ങളുടെ വിളി കൊണ്ട് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. സമുദായം നാലു വശത്തുനിന്നും ഏകസ്ഥരോട് ചിലത് ആവശ്യപ്പെടുന്നുണ്ട്. കുടുംബജീവിതം നയിക്കുന്നവർക്കുപോലും കുടുംബമില്ലാതെ ജീവിക്കുന്നവരുടെ സഹായം കൂടാതെ ജീവിക്കാൻ കഴിയുകയില്ല'. തങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് എന്തെല്ലാമാണെന്ന് അവർ കണ്ടെത്തണം. കൗൺസലിംഗ്, ഹോം നേഴ്സിംഗ്, മതബോധനം, വചനശുശ്രൂഷ, പ്രാർത്ഥനാ ശുശ്രൂഷ, ദേവാലയത്തിൽ സഹായിക്കൽ, ഉപവിപ്രവൃത്തികൾ, ഭക്തസംഘടനയിലെ പങ്കാളിത്തം തുടങ്ങിയ അനേകം കാര്യങ്ങൾ ഏകസ്ഥർക്ക് ചെയ്യാനാവും.

കുടുംബവും സമൂഹവും ഏകസ്ഥ ജീവിതം നയിക്കുന്നവരോട് സ്നേഹത്തോടും ധാരണയോടുംകൂടെ പെരുമാറണം. അവരെ അപമാനമായും ശാപമായും തരംതാണവരായും കാണാനിടയാകരുത്. ചരിത്രഗതിയിൽ അങ്ങനെ പലപ്പോഴും സംഭവിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഏകസ്ഥർ തന്നെ ആ മനോഭാവങ്ങൾ സ്വന്തമാക്കി, തങ്ങളോടു തന്നെ മതിപ്പില്ലാതെ, സ്വയം നിർമ്മിച്ച ബന്ധനത്തിൽ ദു:ഖിതരും ഏകാന്തരും നിരാശരും ആയി കഴിയാൻ ഇടയായിട്ടുണ്ട്, ഇന്നും ഇടയാകുന്നുമുണ്ട്. മറ്റുള്ളവരെപ്പോലെ അന്തസ്സോടും മഹത്വത്തോടും സ്വാത

ന്ത്ര്യത്തോടും അവകാശത്തോടുംകൂടെ ജീവിക്കേണ്ടവരാണ് ഏക സ്ഥരും. ഏകസ്ഥജീവിതം തിരഞ്ഞെടുത്ത മക്കൾക്ക് സ്വാതന്ത്ര്യവും പ്രോത്സാഹനവും മാതാപിതാക്കളിൽ നിന്നുണ്ടാകണം. കുടുംബത്തിൽ നിന്ന് അർഹമായി ലഭിക്കേണ്ട സ്വത്ത് അവർക്ക് സ്വാതന്ത്ര്യത്തോടെ കൈകാര്യം ചെയ്യത്തക്കവിധം മാതാപിതാക്കൾ നൽകണം. മാതാപിതാക്കളും സഹോദരങ്ങളും അവരെ സ്വാർത്ഥലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നത് തീർത്തും തെറ്റാണ്. അടിമയെപ്പോലെ ജോലിചെയ്യിച്ചിട്ട് വാർദ്ധക്യത്തിലും രോഗത്തിലും പുറംതള്ളപ്പെടുന്ന വനിതാഏകസ്ഥരുണ്ടെന്നത് വേദനാജനകമാണ്. ദൈവൈക്യത്തിലേ ഏകസ്ഥ ജീവിതം സന്തോഷപ്രദമാകൂ. അതിനാൽ ഏകസ്ഥരുടെ ആത്മീയ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ കുടുംബം സൃഷ്ടിക്കണം. ഓരോ രൂപതയിലുമുള്ള ഏകസ്ഥരെക്കുറിച്ച് പഠിക്കാനും അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനും ഫാമിലി അപ്പസ്തോലേറ്റ് കേന്ദ്രം നേതൃത്വം നൽകണമെന്ന് താത്പര്യപ്പെടുന്നു. ഏകസ്ഥരുടെ ഒരു ലിസ്റ്റ് രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പിന്നീട് അവരെ ഒന്നിച്ചുകൂട്ടി അവരുടെ വിളിയും ദൗത്യവും ജീവിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനും പരിശ്രമിക്കുമല്ലോ.

സ്ത്രീത്വത്തിന്റെ ഉത്തമമാതൃകയായ പരിശുദ്ധ കന്യാകാമറിയത്തെയാണ് സ്ത്രീകൾ അനുകരിക്കേണ്ടത്. ക്രിസ്തുവിനെ ലോകത്തിനു നൽകിയ മറിയത്തെപ്പോലെ ജീവിക്കാനും പ്രവർത്തിക്കാനും ഓരോ സ്ത്രീയ്ക്കും കഴിയട്ടെ. അതിനുള്ള അനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും, ഈസ്റ്ററിന്റെ മംഗളങ്ങൾ മുൻകൂട്ടി ആശംസിച്ചുകൊണ്ടും,

| | |
|---|---|
| പി.ഒ.സി. | **മാർ മാത്യു ആനിക്കുഴിക്കാട്ടിൽ** |
| കൊച്ചി–25 | ചെയർമാൻ |
| 19.02.2009 | കെ.സി.ബി.സി. ഫാമിലി കമ്മീഷൻ |

*NB:- ഈ സർക്കുലർ 2009 മാർച്ച് മാസം 15-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

# സർക്കുലർ

*Circular Letter No. 04/2009*
*Prot. No. 7692/2009*

## ആരാധനക്രമം: ചില പൊതു നിർദ്ദേശങ്ങൾ

ആരാധനക്രമാനുഷ്ഠാനങ്ങളിൽ നമ്മുടെ രൂപത മുഴുവനും ഒരു ഏകീകൃതരൂപം നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമല്ലോ. അതിനാൽ ചില നിർദ്ദേശങ്ങൾ നൽകുകയാണ്. താഴെ കൊടുക്കുന്ന നിർദ്ദേശങ്ങളും ധാരണകളും കഴിയുന്നിടത്തോളം നടപ്പിലാക്കാൻ ബഹു. വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ശ്രദ്ധിക്കുമല്ലോ.

1. കാഴ്ചവെയ്പ് പ്രദക്ഷിണം ഉണ്ടെങ്കിൽ അത് വി. കുർബാനയുടെ ആരംഭത്തിൽ നടത്താം.
2. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പ്രധാന കുർബാന ആഘോഷപൂർവ്വം അർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വായനകൾ, പാട്ടുകൾ, ധൂപം എന്നിവയാണ് കുർബാനയെ ആഘോഷമാക്കുന്ന ഘടകങ്ങൾ.
3. അൾത്താര ശുശ്രൂഷികൾ വൈദികന്റെ ഇരുവശങ്ങളിലുമായി ജനാഭിമുഖമായി നിൽക്കുന്നു.
4. സ്ഥാപന വചനങ്ങൾക്കുശേഷം ഗാനങ്ങൾ ആലപിക്കാതെ പ്രണാമജപം വൈദികൻ ഉച്ചത്തിൽ ചൊല്ലേണ്ടതാണ്. ("കർത്താവെ, നീ ഞങ്ങളോട് കൽപിച്ചതുപോലെ......")
5. താഴെ പറയുന്ന സന്ദർഭങ്ങളിൽ ചെറിയ മണി കിലുക്കേണ്ടതാണ്.
   a) വി. കുർബാനയ്ക്ക് മുൻപ്.
   b) കൂദാശ വചനങ്ങൾ ആരംഭിക്കുന്നതിനുമുൻപ്.
   c) റൂഹാക്ഷണപ്രാർത്ഥനയ്ക്ക് മുൻപ്.
6. താഴെ പറയുന്ന സമയങ്ങളിൽ നിൽക്കുന്നു.
   a) വി. കുർബാനയുടെ ആരംഭം മുതൽ വി. ഗ്രന്ഥ വായനകൾവരെ.
   b) സുവിശേഷഗീതത്തിന്റെയും സുവിശേഷവായനകളുടെയും സമയത്ത്.
   c) കാറോസൂസ പ്രാർത്ഥനയുടെ സമയം മുതൽ ഓശാന ഗീതം വരെ.

d) കുർബാന സ്വീകരണത്തിനുമുൻപുള്ള "സ്വർഗ്ഗസ്ഥനായ പിതാവേ" മുതൽ കുർബാനയുടെ സമാപനം വരെ.

7. താഴെ പറയുന്ന സമയങ്ങളിൽ ഇരിക്കുന്നു.

a) പഴയനിയമവായന, ലേഖനവായന ഇവയുടെ സമയത്ത്.

b) സുവിശേഷ പ്രസംഗസമയത്ത്.

c) സ്ഥാപനവചനങ്ങൾക്കു ശേഷമുള്ള പ്രണാമജപത്തിനുശേഷം മുതൽ റൂഹാക്ഷണ പ്രാർത്ഥന വരെ.

8. താഴെ പറയുന്ന സമയങ്ങളിൽ മുട്ടുകുത്തുന്നു.

a) ഓശാന ഗീതത്തിനുശേഷം മുതൽ സ്ഥാപനവചനങ്ങൾക്കു ശേഷമുള്ള പ്രണാമജപം വരെ.

b) റൂഹാക്ഷണപ്രാർത്ഥന മുതൽ വി. കുർബാന സ്വീകരണത്തിനു മുൻപുള്ള 'സ്വർഗ്ഗസ്ഥനായ പിതാവെ' എന്ന പ്രാർത്ഥനയ്ക്ക് തൊട്ടു മുൻപുള്ള പ്രാർത്ഥനവരെ.

## പൊതുവായ ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കട്ടെ

1. നമ്മുടെ രൂപതയിൽ കുട്ടികളുടെ മാമ്മോദീസയോടൊപ്പം സ്ഥൈര്യ ലേപനവും നൽകുന്നു. എന്നാൽ വി. കുർബാന നൽകുന്നില്ല.
2. മാമ്മോദീസയിലെ ഒന്നാമത്തെ ലേപനത്തിന് മുൻപ്, ഇതിനു മുൻപ് നടന്ന മാമ്മോദീസായിൽ വെഞ്ചരിച്ച തൈലമാണ് ഉപയോഗിക്കേണ്ടത്.
3. രണ്ടാമത്തെ ലേപനത്തിന് അതാത് മാമ്മോദീസായുടെ കർമ്മ ങ്ങൾക്കിടയിൽ വെഞ്ചരിച്ച തൈലം ഉപയോഗിക്കേണ്ടതാണ്.
4. മൂന്നാമത്തെ ലേപനത്തിന് (സ്ഥൈര്യലേപനത്തിന്) മെത്രാൻ കൂദാശ ചെയ്ത വി. മൂറോൻ ഉപയോഗിക്കേണ്ടതാണ്.
5. മാമ്മോദീസ സ്വീകരണത്തിനുമുൻപായി അതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ഫോറം മാതാപിതാക്കൾ പൂരിപ്പിച്ചു നൽകേണ്ടതാണ്.
6. അസാധാരണ ശുശ്രൂഷികൾ വി. കുർബാന നൽകുമ്പോൾ പ്രത്യേക വസ്ത്രം ഉപയോഗിക്കുന്ന രീതി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
7. അൾത്താര ശുശ്രൂഷികളായ കുട്ടികൾക്ക് പ്രത്യേക വസ്ത്രം ഉണ്ടായിരിക്കുന്നത് നല്ലതാണ്.
8. വി. കുർബാന കയ്യിലോ, നാവിലോ കൊടുക്കാവുന്നതാണ്.
9. ഇടത് കൈ വലതു കയ്യുടെ മുകളിൽവച്ച് ആ കയ്യിലാണ് വി. കുർബാന സ്വീകരിക്കേണ്ടത്. ഇടതു കൈക്കുള്ളിൽ വയ്ക്കപ്പെടുന്ന

തിരുവോസ്തി വലതുകൈ കൊണ്ട് എടുത്ത് ഭക്ഷിക്കുകയാണ് ചെയ്യുന്നത്. എന്നാൽ വലതു കയ്യിലാണ് സ്വീകരിക്കുന്നതെങ്കിൽ നേരിട്ട് വായിലേയ്ക്ക് ഉൾക്കൊള്ളുന്നു. തിരുവോസ്തി കയ്യിൽ വച്ചാൽ നിന്ന സ്ഥലത്ത് നിന്ന് മാറാതെ തന്നെ ഉൾക്കൊള്ളേണ്ടതാണ്. അതിനുശേഷം മാത്രമേ തിരിയുകയോ നടക്കുകയോ ചെയ്യാവൂ.

10. കാറോസൂസ പ്രാർത്ഥനയുടെ അവസാനമായി ചൊല്ലാൻ കൊടുത്തിരിക്കുന്ന "ഞങ്ങളെയും ഞങ്ങളുടെ നാടിനെയും നിരീശ്വര പ്രസ്ഥാനങ്ങളിൽ നിന്നും" എന്നു തുടങ്ങുന്ന പ്രാർത്ഥന എല്ലാ കുർബാനയിലെയും കാറോസൂസയിൽ ചൊല്ലേണ്ടതാണ്.
11. വി. കുർബാനയിൽ ഉപയോഗിക്കുന്ന ഗാനങ്ങൾ ഏവർക്കും പാടാവുന്നതും ഭക്തിനിർഭരവും സന്ദർഭോചിതവുമായിരിക്കണം.
12. ആഘോഷമായ കുർബാനയിലും മറ്റും കാർമ്മികൻ ആലപിക്കേണ്ട ഗാനം അത്യാവശ്യ സന്ദർഭങ്ങളിൽ തുടങ്ങിക്കൊടുക്കാമെന്നല്ലാതെ മുഴുവനും ഗായകസംഘം ആലപിക്കുന്ന രീതി ആശാസ്യമല്ല.
13. വി. കുർബാനയിലെ മധ്യസ്ഥപ്രാർത്ഥനയിൽ "പ്രാധാനാചാര്യനും സാർവ്വത്രിക സഭയുടെ തലവനും ഭരണാധികാരിയുമായ റോമയിലെ മാർ ബെനഡിക്ട് പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ വർക്കി മെത്രാപ്പോലീത്തായ്ക്കു വേണ്ടിയും ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് മെത്രാപ്പോലീത്തായ്ക്കു വേണ്ടിയും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനും പിതാവുമായ മാർ ജോസ് മെത്രാനു വേണ്ടിയും" എന്നാണ് ചൊല്ലേണ്ടത്.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2009 ഫെബ്രുവരി മാസം 19-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.*

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19 -ാം തീയതി വി. യൗസേപ്പിതാവിന്റെ ഓർമ്മതിരുനാൾ ആണല്ലോ. ഉണ്ണിയീശോയേയും പരി. മറിയത്തെയും കാത്തു സംരക്ഷിച്ച ആ പിതാവിന്റെ നാമധാരിയായ നമ്മുടെ ഇടയൻ മാർ ജോസ് പൊരുന്നേടം പിതാവിന് മാനന്തവാടി രൂപതയേയും ഇവിടുത്തെ ദൈവജനത്തേയും കാത്തുപരിപാലിക്കാനുള്ള ശക്തിയും കൃപയും ലഭിക്കുവാൻ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥം നമുക്കു പ്രാർത്ഥിക്കാം. അതോടൊപ്പം നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുകയും ചെയ്യാം. കൂടാതെ യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാ വൈദികരേയും നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ ആശംസകൾ.

**അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനം**

ഏപ്രിൽ 4- ശനിയാഴ്ച അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 3-ാം ചരമദിനമാണ്. അന്നേദിവസം തലശ്ശേരി കത്തീഡ്രലിൽ രാവിലെ 6.30, 10.00, 12.00 എന്നീ സമയങ്ങളിൽ വി. ബലിയും ഉച്ചകഴിഞ്ഞ് 2 മണിക്ക് സമൂഹബലിയും അതിനുശേഷം ടൗൺ ഹാളിൽ അഭിവന്ദ്യ പിതാവിനെക്കുറിച്ചുള്ള സിമ്പോസിയവും ഉണ്ടായിരിക്കുന്നതാണ്. വി. കുർബാനയിലും, സിമ്പോസിയത്തിലും കഴിയുന്നത്ര ആളുകൾ സംബന്ധിക്കുമല്ലോ.

**മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

ഏപ്രിൽ 6 -ാം തീയതിയാണല്ലോ നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ

ചരമദിനം. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ രാവിലെ 9 മണിക്ക് പിതാവിനു വേണ്ടിയുള്ള തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നേതൃത്വം വഹിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ എല്ലാ ഇടവകകളിലും ഇടവക ചെലവിൽ പിതാവിനുവേണ്ടി വി. കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**സ്നേഹസ്മരണ**

ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ ചരമദിനമായ മാർച്ച് 10-ാം തീയതി സിയോൻ ചാപ്പലിൽ അച്ചനുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം.

**രൂപതാ ദിനം**

പതിവുപോലെ മെയ് 1 -ാം തീയതി നമ്മൾ രൂപതാദിനാഘോഷങ്ങൾ നടത്തുന്നതായിരിക്കും.

**കൂരിയ അവധി**

ഏപ്രിൽ 5 മുതൽ 14 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മേജർ സെമിനാരിക്കാരുടെ സമ്മേളനം**

ഇക്കൊല്ലം മേജർ സെമിനാരിക്കാരുടെ സമ്മേളനം ഏപ്രിൽ 26-ാം തീയതി വൈകുന്നേരം 6 മണി മുതൽ 30 -ാം തീയതി വരെയായിരിക്കും.

**പ്രസ്ബിറ്ററൽ കൗൺസിൽ**

പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 2009 മാർച്ച് 17 ന് ചൊവ്വാഴ്ച രാവിലെ 10. 30 ന് ബിഷപ്സ് ഹൗസിൽ ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തു വഴി അറിയിച്ചിട്ടുണ്ട്.

**യേശുമഹോത്സവം**

'നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ' എന്ന ആദർശവാക്യത്തോടെ C. B. C. I യുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 14 മുതൽ 18 വരെ ബോംബയിൽ വച്ച് യേശുമഹോത്സവം നടത്താൻ പോവുകയാണ്.

യേശുമഹോത്സവം ഒരു വിജയമായിത്തീരാൻ എല്ലാവരുടേയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. കൂടാതെ മാർച്ച് 8 -ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ഈ നിയോഗത്തിൽ സ്വീകരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിച്ചുതരണമെന്നും അഭ്യർത്ഥിക്കുന്നു.

## വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം മാർച്ച് 29 -ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. പിറ്റേ ആഴ്ച വലിയ ആഴ്ച ആയതിനാൽ പൊതുയോഗം അന്നുതന്നെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തേണ്ടതാണ്. വാർഡ് പ്രതിനിധികളെ രണ്ടു വർഷത്തേയ്ക്കാണല്ലോ തിരഞ്ഞെടുക്കുന്നത്. അതിനാൽ കഴിഞ്ഞ വർഷം തിരഞ്ഞെടുപ്പ് നടത്താത്ത സ്ഥലങ്ങളിൽ രണ്ടു വർഷത്തേയ്ക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്. സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot. No. 6414/2008 ൽ പറഞ്ഞിട്ടുണ്ട്. അതിലെ ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. സഭാശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതരത്തിൽപ്പെട്ടവരായാലും ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റുകൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവർ ആകണം.

- ❖ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ❖ ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.
- ❖ സീറോ മലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1 അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

❖ കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പു സഹിതം കഴിഞ്ഞ വർഷം ചെയ്തതുപോലെ തന്നെ അയച്ചു തരേണ്ടതാണ്.

❖ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുമ്പായി മേൽപ്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപ്പിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

❖ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

**ഓഡിറ്റിംഗ്**

കഴിഞ്ഞ വർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപത വഴി വിദേശ സഹായം കിട്ടിയവരും അവയുടെ കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടു വരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കു ശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിയ്ക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടെയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. കഴിഞ്ഞ വർഷം ഓഡിറ്റിംഗ് നടത്താത്തവർ ആധാരങ്ങളുടെ ഒറിജിനലും സ്ഥാവര ജംഗമ വസ്തുക്കളുടെ ലിസ്റ്റും പള്ളിയും അനുബന്ധ കെട്ടിടങ്ങളും (ഉദാ: സൺഡേ സ്കൂൾ, പള്ളി മുറി, പാരിഷ് ഹാൾ, ഷോപ്പിംങ് കോംപ്ലക്സ്) എത്ര സ്ക്വയർ ഫീറ്റ് വീതമാണെന്നതിന്റെ കണക്കും കൊണ്ടുവരേണ്ടതാണ്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 15 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | |
| അമ്പായത്തോട് | രാവിലെ 9 മുതൽ | |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | |
| കേളകം | രാവിലെ 9 മുതൽ | |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | |
| നെല്ലിയോടി | രാവിലെ 9 മുതൽ | |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | |
| പാൽചുരം | രാവിലെ 9 മുതൽ | |
| ശാന്തിഗിരി | രാവിലെ 9 മുതൽ | |
| വെള്ളൂന്നി | രാവിലെ 9 മുതൽ | |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 15 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| വാഴവറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| തെനേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| നെടുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| റിപ്പൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| കൊളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| എടപ്പെട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| വൈത്തിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| ചാരിറ്റി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| ലക്കിടി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| ഒലിവുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| ചീങ്ങേരി (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| ചൂരൽമല (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| കുന്നംബറ്റ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| പുഴമുടി (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| **കല്ലോടി ഫൊറോന** | **ഏപ്രിൽ 16 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| ചുള്ളിയാന | രാവിലെ 9 മുതൽ | |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | |
| ദ്വാരക | രാവിലെ 9 മുതൽ | |

| | |
|---|---|
| കല്ലോടി | രാവിലെ 9 മുതൽ |
| കരിമ്പിൽ | രാവിലെ 9 മുതൽ |
| കാരയ്ക്കാമല | രാവിലെ 9 മുതൽ |
| കൊമ്മയാട് | രാവിലെ 9 മുതൽ |
| കുഞ്ഞോം | രാവിലെ 9 മുതൽ |
| മക്കിയാട് | രാവിലെ 9 മുതൽ |
| മംഗലശ്ശേരി | രാവിലെ 9 മുതൽ |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| ജൂഡ്സ്മൗണ്ട് (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ |
| അഞ്ചുകുന്ന് (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ |

**മാനന്തവാടി ഫൊറോന ഏപ്രിൽ 17 വെള്ളി ബിഷപ്സ് ഹൗസ്**

| | |
|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ |
| ഏലപ്പീടിക | രാവിലെ 9 മുതൽ |
| കരിമാനി | രാവിലെ 9 മുതൽ |
| കുറ്റിമൂല | രാവിലെ 9 മുതൽ |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ |
| പാറത്തോട്ടം | രാവിലെ 9 മുതൽ |
| പേരിയ | രാവിലെ 9 മുതൽ |
| പോരൂർ | രാവിലെ 9 മുതൽ |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ |

| | |
|---|---|
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| യവനാർകുളം (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ |

**മുള്ളൻകൊല്ലി ഫൊറോന ഏപ്രിൽ 18 ശനി ബിഷപ്സ് ഹൗസ്**

| | |
|---|---|
| ആടിക്കൊല്ലി | രാവിലെ 9 മുതൽ |
| അമരക്കുനി | രാവിലെ 9 മുതൽ |
| ഇരുളം | രാവിലെ 9 മുതൽ |
| കബനിഗിരി | രാവിലെ 9 മുതൽ |
| മരകാവ് | രാവിലെ 9 മുതൽ |
| മരക്കടവ് | രാവിലെ 9 മുതൽ |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ |
| പാടിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| പട്ടാണിക്കൂപ്പ് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| പുൽപ്പള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| സീതാമൗണ്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| ശിശുമല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| വാളാഞ്ചേരി (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ |

**നടവയൽ ഫൊറോന ഏപ്രിൽ 20 തിങ്കൾ ബിഷപ്സ് ഹൗസ്**

| | |
|---|---|
| അരിഞ്ചേർമല | രാവിലെ 9 മുതൽ |
| ചെറുകാട്ടൂർ | രാവിലെ 9 മുതൽ |
| ചുണ്ടക്കര | രാവിലെ 9 മുതൽ |
| കല്ലുവയൽ | രാവിലെ 9 മുതൽ |
| കണിയാമ്പറ്റ | രാവിലെ 9 മുതൽ |
| കേണിച്ചിറ | രാവിലെ 9 മുതൽ |
| നടവയൽ | രാവിലെ 9 മുതൽ |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| കുറുമ്പാലക്കോട്ട (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ |

| | | |
|---|---|---|
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 21 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | രാവിലെ 9 മുതൽ | |
| അപ്പപ്പാറ | രാവിലെ 9 മുതൽ | |
| ആറാട്ടുതറ | രാവിലെ 9 മുതൽ | |
| ബാവലി | രാവിലെ 9 മുതൽ | |
| എടയൂർകുന്ന് | രാവിലെ 9 മുതൽ | |
| കമ്മന | രാവിലെ 9 മുതൽ | |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| **സു.ബത്തേരി ഫൊറോന** | **ഏപ്രിൽ 22 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | |
| ചീങ്ങവല്ലം (Independent station) | രാവിലെ 9 മുതൽ | |
| ചിത്രഗിരി | രാവിലെ 9 മുതൽ | |
| ചുള്ളിയോട് | രാവിലെ 9 മുതൽ | |
| കടൽമാട് | രാവിലെ 9 മുതൽ | |
| കരണി | രാവിലെ 9 മുതൽ | |
| മീനങ്ങാടി | രാവിലെ 9 മുതൽ | |
| കല്ലുമുക്ക് | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| പഴൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| സു.ബത്തേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| തോമാട്ടുചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| വടക്കനാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| വാകേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| മൂലങ്കാവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 23 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | |
| ചെന്നലോട് | രാവിലെ 9 മുതൽ | |
| കാവുംമന്ദം | രാവിലെ 9 മുതൽ | |
| കോട്ടത്തറ | രാവിലെ 9 മുതൽ | |
| കുറുമ്പാല | രാവിലെ 9 മുതൽ | |

| | | |
|---|---|---|
| പുഷ്പനഗർ (Independent station) | രാവിലെ 9 മുതൽ | |
| കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| പന്തിപ്പൊയിൽ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 24 വെള്ളി** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | |
| ബെക്കി | രാവിലെ 9 മുതൽ | |
| ബർലിയാർ | രാവിലെ 9 മുതൽ | |
| കൂനൂർ | രാവിലെ 9 മുതൽ | |
| അറുവൻകാട് (Independent station) | രാവിലെ 9 മുതൽ | |
| ധർമ്മഗിരി | രാവിലെ 9 മുതൽ | |
| ആറാട്ടുപാറ (Independent station) | രാവിലെ 9 മുതൽ | |
| കൽപ്ര | രാവിലെ 9 മുതൽ | |
| കയ്യൂന്നി | രാവിലെ 9 മുതൽ | |
| കുന്നലാടി | രാവിലെ 9 മുതൽ | |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | |
| മണ്ണുവയൽ | രാവിലെ 9 മുതൽ | |
| പനംചിറ | രാവിലെ 9 മുതൽ | |
| വിമലഗിരി | രാവിലെ 9 മുതൽ | |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 24 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly PC & Syncellus Office) | ഉച്ചകഴിഞ്ഞ് 3 മുതൽ | |
| ഭൂദാനം | ഉച്ചകഴിഞ്ഞ് 3 മുതൽ | |
| നരിവാലമുണ്ട | ഉച്ചകഴിഞ്ഞ് 3 മുതൽ | |
| ഞാറപ്പാടം | ഉച്ചകഴിഞ്ഞ് 3 മുതൽ | |

| | | |
|---|---|---|
| | **ഏപ്രിൽ 25 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മുണ്ടേരി | രാവിലെ 9 മുതൽ | |
| പാലാങ്കര | രാവിലെ 9 മുതൽ | |
| പാലേമാട് | രാവിലെ 9 മുതൽ | |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | |
| തലഞ്ഞി | രാവിലെ 9 മുതൽ | |
| മരുത (Independent station) | രാവിലെ 9 മുതൽ | |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 25 ശനി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | രാവിലെ 9 മുതൽ | |
| എടിവണ്ണ | രാവിലെ 9 മുതൽ | |
| മൂലേപ്പാടം | രാവിലെ 9 മുതൽ | |
| മുട്ടിയേൽ (Independent station) | രാവിലെ 9 മുതൽ | |
| നിലമ്പൂർ | രാവിലെ 9 മുതൽ | |
| പൂക്കോട്ടുംപാടം | രാവിലെ 9 മുതൽ | |
| പൂളപ്പാടം | രാവിലെ 9 മുതൽ | |
| റൂബി നഗർ | രാവിലെ 9 മുതൽ | |
| റ്റി. കെ. കോളനി | രാവിലെ 9 മുതൽ | |
| തേല്പാറ | രാവിലെ 9 മുതൽ | |
| വള്ളിക്കെട്ട് | രാവിലെ 9 മുതൽ | |

### അഭിനന്ദനങ്ങൾ... ആശംസകൾ...

സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറലായി സിസ്റ്റർ പ്രിമോസ തെരഞ്ഞെടുക്കപ്പെട്ടു. സി. ആൻസിറ്റ, സി. റോസലിന്റ്, സി. ആൻസില, സി. റോസ്മരിയ എന്നിവർ ജനറൽ കൗൺസിലേഴ്സായും തെരഞ്ഞെടുക്കപ്പെട്ടു. 19-01-2009 ൽ മാനന്തവാടി വിൻസെന്റ് ഗിരി ജനറലേറ്റിൽ നടന്ന ജനറൽ സിനാക്സിസിൽ വച്ചാണ് തെരഞ്ഞെടുക്കപ്പെട്ടത്. പുതിയ ജനറൽ ടീമിന് രൂപതയുടെ ആശംസകളും അഭിനന്ദനങ്ങളും.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## വിദ്യാഭ്യാസ സഹായനിധി

ഈ വർഷത്തെ വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള അപേക്ഷകൾ മാർച്ച് 31-ന് മുമ്പായും, START Course നുള്ള അപേക്ഷകൾ മാർച്ച് 15 -ന് മുമ്പായും സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അയച്ചുതരണമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. വിശദവിവരങ്ങൾ കഴിഞ്ഞമാസത്തെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. രൂപതാവിദ്യാഭ്യാസ സഹായനിധിയിൽ നിന്നും 2009-2010 ലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്കും EFFECT ൽ നിന്ന് ഫണ്ട് ലഭിക്കുന്നവർക്കും അവരുടെ രക്ഷിതാക്കൾക്കും വേണ്ടിയുള്ള ഈ വർഷത്തെ മീറ്റിംഗ് ചുങ്കക്കുന്ന് (മെയ് 7), ദ്വാരക (മെയ് 8), ബത്തേരി (മെയ് 11), മണിമൂളി (മെയ് 13), എന്നിവിടങ്ങളിൽ നടത്തപ്പെടുന്നു. വിശദവിവരങ്ങൾ അടുത്തമാസത്തെ ബുള്ളറ്റിനിൽ പ്രസദ്ധീകരിക്കുന്നതാണ്.

## ബുള്ളറ്റിൻ വരിസംഖ്യ

രൂപതാ ബുള്ളറ്റിന്റെ വാർഷിക വരിസംഖ്യയായ 120 രൂപ രൂപതാ കച്ചേരിയിൽ അടക്കേണ്ടതാണ്. വാർഷികതെരട്ട് പരിശോധിക്കാൻ വരുന്ന അവസരത്തിൽ ഇടവകയ്ക്കുവേണ്ടിയുള്ള ബുള്ളറ്റിന്റെ വരിസംഖ്യ അടയ്ക്കുവാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. പോൾ ഇടയക്കൊണ്ടാട്ട്**
സെക്രട്ടറി

## EFFECT: സ്കോളർഷിപ്പ്

മാനന്തവാടി രൂപതയിലെ വിമൻ റീലീജിയസ് അസോസിയേഷന് നൽകുന്ന നിർലോഭമായ സഹകരണങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി. 2008-2009 വർഷത്തേയ്ക്ക് നമ്മുടെ 150 ഇടവകകളിലേയ്ക്കും രണ്ട് അപേക്ഷകൾ വീതം നൽകിയിരുന്നു. കിട്ടിയ അപേക്ഷകളിൽ നിന്നും 208 കുട്ടികൾക്ക് ചെറിയ ഒരു സഹായം നൽകുവാനും കഴിഞ്ഞു. മലയാളം മീഡിയം 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയും ഇംഗ്ലീഷ് മീഡിയമാണെങ്കിൽ 5 മുതൽ 12 വരെയും ഉള്ള 2 കുട്ടികൾക്കാണ് ഒരിടവകയിൽ സഹായം നൽകിയിരുന്നത്. 6 കുട്ടികളെ സ്പോൺസർ ചെയ്തിട്ടുമുണ്ട്. രണ്ടു കുട്ടികൾക്ക് ഉപരിപഠനത്തിന് 20,000 രൂപ വീതവും നൽകുകയുണ്ടായി. ഇങ്ങനെ സഹായം നൽകിയ കുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും ഒരു മീറ്റിംഗ് 2008 ഡിസംബർ 22, 23 തീയതികളിൽ ദ്വാരക, മണിമൂളി എന്നിവിടങ്ങളിൽ വച്ച് നടത്തി. നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ (കയ്യൂന്നി, കൽപ്ര എന്നി

വയൊഴികെ) ഫൊറോനകളിലെ കുട്ടികൾ 23-ന് മണിമൂളിയിലും മറ്റ് ഫൊറോനകളിലെ കുട്ടികൾ 22-ന് ദ്വാരകയിലുമാണ് കൂടേണ്ടിയിരുന്നത്. പോസ്റ്റൽ തകരാറു മൂലം യഥാസമയം കത്തുകൾ കിട്ടാതെ വന്നതിനാലും ചുരുക്കം ചിലരുടെ പരീക്ഷകൾ കാരണവും എല്ലാവർക്കും അതിൽ സംബന്ധിക്കാൻ സാധിച്ചില്ല. ദ്വാരകയിൽ 171 കുട്ടികൾ പങ്കെടുക്കേണ്ടതിൽ 75 പേർ പങ്കെടുത്തു. മണിമൂളിയിൽ 36-ൽ 20 പേരും പങ്കെടുക്കുകയുണ്ടായി. EFFECT Policy യുടെ വ്യവസ്ഥകൾ പാലിക്കുന്ന അർഹരായവർക്ക് ഫണ്ടിന്റെ സാദ്ധ്യതയനുസരിച്ച് തുടർന്നും സഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. അപേക്ഷാഫോറം ബുള്ളറ്റിൻ വഴി ബഹു. വികാരിയച്ചന് അയച്ചിട്ടുണ്ട്. താഴെക്കാണുന്ന വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്നതനുസരിച്ചുള്ള വിശദമായ റിപ്പോർട്ട് മെയ്മാസത്തിലെ മീറ്റിംഗിനു വരുമ്പോൾ ബഹു. വികാരിയച്ചന്റെ പക്കൽ നിന്നും രക്ഷിതാവ് വാങ്ങിക്കൊണ്ടുവരേണ്ടതാണ്. സഹായം തുടർന്നു നൽകേണ്ടതില്ലെങ്കിൽ വിവരം മുൻകൂട്ടി അറിയിക്കണേ. നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

## EFFECT Policy വ്യവസ്ഥകൾ

**1. അപേക്ഷകരുടെ തിരഞ്ഞെടുപ്പ്**

- വിശ്വാസജീവിതം നയിക്കുന്ന കുടുംബത്തിൽ നിന്നായിരിക്കണം കുട്ടിയെ തിരഞ്ഞെടുക്കേണ്ടത്. (ഇടവകയുമായുള്ള സഹകരണം, കൗദാശിക ജീവിതം, മതബോധന ക്ലാസുകളിലെ ഭാഗഭാഗിത്വം, വാർഡുപ്രാർത്ഥനകളിലും മറ്റുമുള്ള പങ്കാളിത്തം...)
- സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരും പഠനത്തിൽ ശരാശരി മികവെങ്കിലും പുലർത്തുന്നവരും.
- ഇതര സഹായങ്ങൾ (Save a Family, Sponsorship..) ലഭ്യമല്ലാത്തവർ.
- ഒരു കുടുംബത്തിൽ ഒരു തലത്തിൽ ഒരാൾക്കു മാത്രമേ ഫണ്ട് നൽകുകയുള്ളു.
- വികാരിയച്ചനും സിസ്റ്റേഴ്സും ആവശ്യമെങ്കിൽ പാരിഷ് കൗൺസിലും കൂടി ആലോചിച്ച് അർഹരായ കുട്ടികളെ കണ്ടെത്തേണ്ടതാണ്.

**2. അപേക്ഷ അയയ്ക്കേണ്ട വിധം**

- നിശ്ചിത അപേക്ഷാ ഫോറത്തിൽ വികാരിയച്ചന്റെയും ശുപാർശ ചെയ്യുന്ന സിസ്റ്ററിന്റെയും ഒപ്പോടുകൂടി EFFECT Convenor ന്റെ പേരിൽ ബിഷപ്സ് ഹൗസിന്റെ അഡ്രസിൽ അപേക്ഷ അയയ്ക്കുക. ഏപ്രിൽ 15-നകം അപേക്ഷ ബിഷപ്സ് ഹൗസിൽ ലഭിച്ചിരിക്കണം.
- പഠനസഹായത്തിന് അർഹരായ കുട്ടികളുടെ കുടുംബ പശ്ചാത്തലം വിശദമാക്കുന്ന ഒരു റിപ്പോർട്ട് വികാരിയച്ചനോ ബന്ധപ്പെട്ട സിസ്റ്ററോ നൽകേണ്ടതാണ്.
- കുട്ടിക്ക് സ്കൂളിലും മതബോധനക്ലാസിലും ആ വർഷം ലഭിച്ച മാർക്കുകൾ, കുട്ടിയെ സംബന്ധിച്ച വികാരിയച്ചന്റെ റിപ്പോർട്ട് ഇവ മെയ്മാസ സമ്മേളനങ്ങളിൽ കൊണ്ടു വരേണ്ടതാണ്.

**3. ഫണ്ട് വിതരണം**

- സ്കൂൾ തലത്തിൽ മലയാളം മീഡിയത്തിൽ 8 മുതൽ 12 വരെ പഠിക്കുന്ന ഒരു കുട്ടിക്ക് പ്രതിവർഷം 1000 (ആയിരം) രൂപ നൽകുന്നു. ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടിയാണെങ്കിൽ 2000 രൂപ നൽകുന്നു.
- ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടിയെ Sponsor ചെയ്യുമ്പോൾ പ്രതിവർഷം 4000 (നാലായിരം) രൂപ നൽകുന്നു.
- ഫണ്ടിന്റെ ഒരു നിശ്ചിത ശതമാനം ഉന്നത പഠനത്തിന് സ്കോളർഷിപ്പായി നീക്കി വയ്ക്കുന്നു.
- ഫണ്ടിന്റെ സാദ്ധ്യതകളനുസരിച്ച് അപേക്ഷകരുടെ എണ്ണം നിശ്ചയിക്കുന്നു.
- കുട്ടികളുടെയും രക്ഷിതാക്കളുടെയും ആദ്യ സമ്മേളനത്തിൽ (മെയ്) സ്കോളർഷിപ്പ് വികാരിയച്ചന്റെ പേരിലുള്ള ചെക്കായി ബന്ധപ്പെട്ട രക്ഷിതാവിനെ ഏൽപ്പിക്കുന്നു.
- വികാരിയച്ചന്റെ പേരിലുള്ള ചെക്ക് പാരീഷ് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.
- ഫണ്ട് നൽകുന്ന കുട്ടികൾക്ക് പഠനം തുടരത്തക്ക വിധം കഴിയുന്നിടത്തോളം തുടർ സഹായം നൽകുന്നു.

**4. തുടർസഹായ നിബന്ധനകൾ**

- സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെയും അവരുടെ രക്ഷി

താക്കളുടെയും സംഗമം റീജിയണൽ തലത്തിൽ വർഷത്തിൽ രണ്ടു പ്രാവശ്യം (മെയ്, ഡിസംബർ) നടത്തുന്നു. ഈ മീറ്റിംഗിലുള്ള പങ്കാളിത്തം അനിവാര്യമാണ്.

- പോളിസി വ്യവസ്ഥകൾ 1-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം തുടർസഹായത്തിനും ബാധകമാണ്.
- തുടർസഹായം ആവശ്യമില്ല എന്ന് തോന്നുന്നവരെ മെയ് മാസത്തെ മീറ്റിംഗിന് അയക്കേണ്ടതില്ല; ആവശ്യമെന്ന് തോന്നുന്നവരെ പറഞ്ഞയയ്ക്കുന്നതിന് ബഹു. അച്ചനും സിസ്റ്റേഴ്സും പ്രത്യേകം ശ്രദ്ധിക്കണേ.
- EFFECT ന്റെ നിബന്ധനകളോട് സഹകരിക്കാത്തവർക്ക് ഫണ്ട് നിർത്തലാക്കുന്നതാണ്. തക്കതായ കാരണമില്ലാതെ അസോസിയേഷൻ വിളിക്കുന്ന മീറ്റിംഗിൽ പങ്കെടുക്കാത്തവർക്ക് ഒരു കാരണവശാലും ഫണ്ട് തുടർന്ന് നൽകുന്നതല്ല.

5. **രക്ഷിതാക്കളുടെയും കുട്ടികളുടെയും ഈ വർഷത്തെ മീറ്റിംഗ് ചുങ്കക്കുന്ന് (മെയ് 7), ദ്വാരക (മെയ് 8), ബത്തേരി (മെയ് 11), മണിമൂളി (മെയ് 13) എന്നിവിടങ്ങളിൽ വച്ച് നടത്തുന്നതാണ്. അഭിവന്ദ്യ പിതവിന്റെ വിദ്യാഭ്യാസനിധിയിൽ നിന്നും 2009-2010 ലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരും EFFECT ൽ നിന്ന് ഫണ്ട് ലഭിക്കുന്നവരും ഈ മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. ഓരോ സെന്ററിലും പങ്കെടുക്കേണ്ടത് ഏതൊക്കെ ഇടവകകളിൽ നിന്നുള്ളവരാണെന്ന് ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതാണ്.**

Sr. Sinclare FCC (Convenor)
FC Convent, Kallody,
Edavaka P.O.
Mananthavady - 670645
Tel: 04935 240836, Mob: 9388051945

# പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2009 ഫെബ്രുവരി 14 –ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 10 മണിക്ക് റവ. സി. ലാലി ഒ. എൽ. പി നയിച്ച പ്രാർത്ഥന യോടെ ആരംഭിച്ച യോഗത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ ആമുഖപ്രഭാഷണത്തിനുശേഷം ആലപ്പുഴ രൂപത കോർപ്പറേറ്റ് മാനേ ജർ റവ. ഫാ. സേവ്യർ കുടിയാശ്ശേരി കേരള നിയമപരിഷ്ക്കരണ കമ്മീ ഷൻ മുന്നോട്ടു വച്ച ബില്ലിനെക്കുറിച്ച് ക്ലാസെടുത്തു. തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു.

മുസ്ലീം വ്യക്തിഗത നിയമമായ 'ശരിഅത്തി'ന് നിയമനിർമ്മാണ ത്തിലൂടെ നിയമപദവി നൽകിയതുപോലെ കത്തോലിക്കാ സഭയുടെ കാനൻ നിയമത്തിന് നിയമ പ്രാബല്യം നൽകിക്കൊണ്ടുള്ള പുതിയൊരു നിയമനിർമ്മാണത്തിന് കേരള സർക്കാർ തയ്യാറാവണമെന്ന് പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു. ശ്രീ. തോമസ് ഏറണാട്ട് പ്രമേയം അവത രിപ്പിച്ചു.

നിയമപരിഷ്ക്കരണ സമിതി തയ്യാറാക്കി സർക്കാരിന് സമർപ്പി ച്ചിരിക്കുന്ന നിർദ്ദേശങ്ങളിൽ ക്രൈസ്തവ വിശ്വാസികളെ പ്രതികൂല മായി ബാധിക്കുന്ന നാലു നിയമനിർദ്ദേശങ്ങൾ സഭയെ തകർക്കുന്നതി നായുള്ള ഗൂഢതന്ത്രങ്ങളുടെ ഭാഗമാണെന്ന് പാസ്റ്ററൽ കൗൺസിൽ യോഗം വിലയിരുത്തി. ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന നൂറുകോ ടിയിലധികം അംഗബലമുള്ള കത്തോലിക്കർ നൂറ്റാണ്ടുകളായി കാനൻ നിയമത്തിന് വിധേയമായാണ് സഭാ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെതിരെ നാളിതുവരെ സഭാകൂട്ടായ്മയിലുള്ള വിശ്വാസികളുടെ ഭാഗത്തു നിന്നും പരാതികൾ ഉയർന്നിട്ടില്ല. ഇടവക, രൂപതാ തലങ്ങ ളിലും, ഈ നിയമം അനുശാസിച്ചിട്ടുള്ള ഭരണ നിർവ്വഹണത്തിൽ പരാ

തികളില്ല. ഇങ്ങനെ ഒരു സാഹചര്യത്തിൽ ഔദ്യോഗികമായി ആരും ആവശ്യപ്പെടാതെ തന്നെ കത്തോലിക്കാ സഭയ്ക്കു വേണ്ടി നിയമമുണ്ടാക്കാൻ രംഗത്തു വരുന്നവർ വിശ്വാസികളുടെയും സഭയുടെയുംമേൽ കടന്നുകയറ്റമാണ് നടത്തുന്നത്. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മത സ്വാതന്ത്ര്യത്തെ എന്തു വിലകൊടുത്തും സംരക്ഷിക്കണമെന്നും യോഗം തീരുമാനിച്ചു. നിയമപരിഷ്ക്കരണ കമ്മിറ്റിയുടെ അധാർമ്മിക ബില്ലുകൾക്കെതിരെ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കണമെന്നും എല്ലാ ഇടവകകളിലും പ്രമേയങ്ങൾ പാസാക്കി ബന്ധപ്പെട്ടവർക്ക് അയച്ചു കൊടുക്കണമെന്നും ഫൊറോനാ കൗൺസിലുകൾ വിളിച്ചു കൂട്ടി ചർച്ച ചെയ്യണമെന്നും ദൈവജനത്തിന് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും ലഘുലേഖകൾ പ്രസിദ്ധീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

തുടർന്ന് ദീപിക പത്രം പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യ പിതാവ് സംസാരിച്ചു. ദീപികയുടെ മാനന്തവാടി രൂപത കോ- ഓഡിനേറ്റർ ബഹു. ജോർജ് മമ്പള്ളിൽ അച്ചൻ വിതരണം ചെയ്ത ലഘു ലേഖയിൽ പറഞ്ഞിരിക്കുന്ന മാനന്തവാടി രൂപതയുടെ ദീപിക കർമ്മ പദ്ധതി പിതാവ് വായിച്ച് വിശദീകരിച്ചു. ദീപികയുടെ കർമ്മ പദ്ധതി താഴെ കൊടുക്കുന്നു.

1. ഒരു വീട്ടിൽ ഒരു പത്രമേ വരുത്തുന്നുള്ളൂവെങ്കിൽ, അതു ദീപിക മാത്രമായിരിക്കണം.
2. ഓരോ ഇടവകയിലും 75% കുടുംബങ്ങളെ ദീപിക വരിക്കാരാക്കുക.
3. ദീപിക ഫണ്ടു രൂപീകരിച്ച് പാവപ്പെട്ടവർക്ക് സൗജന്യമായോ, കുറഞ്ഞ നിരക്കിലോ പത്രം നൽകുക.
4. ദീപിക പ്രമോഷൻ ടീം ഓരോ ഇടവകയിലും രൂപീകരിച്ച് പ്രവർത്തന നിരതരാവുക.
5. ഇടവകയിലെ സ്കൂളുകളിൽ/ ആശുപത്രികളിൽ, ആശുപത്രി മുറികളിൽ ദീപിക ഉറപ്പാക്കുക.
6. വാർഷിക വരിക്കാരെ കണ്ടെത്തുക.
7. ദീപികയുടെ ഇതര പ്രസിദ്ധീകരണങ്ങളുടെ വരിക്കാരെ പ്രോത്സാഹിപ്പിക്കുക.
8. പരസ്യങ്ങളും, ഉപകാര സ്മരണകളും, തിരുനാൾ സപ്ലിമെന്റുകളും ഇനി മുതൽ ദീപികയിൽ മാത്രമാക്കുക.

9. ബാനറുകൾ, പോസ്റ്ററുകൾ ഇടവക തലത്തിൽ ചെയ്യുക.
10. എല്ലാ സമുദായാഗംങ്ങൾക്കും വേണ്ടി നില കൊള്ളുന്ന പത്രം ദീപികയാണെന്ന് ബോധ്യപ്പെടുത്തുക.
11. ദീപിക നിർത്തിപ്പോകുന്നവരെ ഇടവക വികാരിയോ, സിസ്റ്റർ സുപ്പീരിയർമാരോ, പാസ്റ്ററൽകൗൺസിൽ അംഗങ്ങളോ, സംഘടനാ ഭാരവാഹികളോ നേരിട്ട് സംസാരിച്ച് തുടരാൻ പ്രേരിപ്പിക്കുക.
12. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രൂപതാ കോ-ഓഡിനേറ്റർമാരെ അറിയിക്കുക.

തുടർന്ന് നടന്ന ചർച്ചയിൽ തിരുനാളുകളോടനുബന്ധിച്ച് നടത്തുന്ന ഗാനമേളകൾ മിക്കവാറും സ്ഥലങ്ങളിൽ തിരുനാൾ ചൈതന്യത്തിനും ദേവാലയ പരിശുദ്ധിയ്ക്കും നിരക്കാത്ത സംഭവങ്ങൾക്ക് കാരണമാകുന്നുവെന്നും അതിനാൽ ഗാനമേളകൾക്ക് നിയന്ത്രണം വേണോ അതോ നിരോധനം ഏർപ്പെടുത്തണമോ എന്ന ചർച്ചയിൽ നിരോധനം ഏർപ്പെടുത്തണമെന്നു തന്നെയാണ് മിക്കവാറും അംഗങ്ങളും അഭിപ്രായപ്പെട്ടത്. ഗാനമേളകൾക്ക് പകരം ക്രിസ്തീയ സന്ദേശമുൾക്കൊള്ളുന്നതും ധാർമ്മിക നിലവാരം പുലർത്തുന്നതുമായ നാടകങ്ങളും ഇടവകക്കാരുടെ നാടകങ്ങളും കുട്ടികളുടെ കലാപരിപാടികളുമൊക്കെ നടത്താവുന്നതാണെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

അഭിവന്ദ്യ പിതാവിന്റെ സർക്കുലറുകൾ ചില ഇടവകകളിൽ വായിക്കുന്നില്ലെന്നും വായിക്കാത്തവർക്കെതിരെ നടപടി എടുക്കണമെന്നും ഒരംഗം ആവശ്യപ്പെടുകയുണ്ടായി. സഭയ്ക്കെതിരെ ഉയരുന്ന വെല്ലുവിളിക്കെതിരെ പെട്ടെന്ന് പ്രതികരിക്കാൻ കഴിവുള്ളവരെ ഉൾച്ചേർത്ത് ജാഗ്രതാ സമിതി രൂപീകരിക്കണമെന്നും ജോലിയിൽ നിന്നും വിരമിച്ചവരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തണമെന്നും ഒരംഗം സൂചിപ്പിച്ചു. ജാഗ്രതാ സമിതികൾ പാരീഷ് കൗൺസിലുകളുടെ സബ്കമ്മിറ്റികളായി രൂപീകരിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയാണെന്ന് അഭിവന്ദ്യ പിതാവ് അപ്പോൾ സൂചിപ്പിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവ് സമാപന സന്ദേശം നൽകി. നമ്മൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും അങ്ങനെ നമ്മുടെ സ്വരമുയർത്തികൊണ്ടുവന്ന് നമ്മുടെ രാഷ്ട്രത്തിന്റെയും സഭയുടെയും നന്മയ്ക്കായി ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും ഉദ്ബോധിപ്പിച്ചു. ശ്രീ. ജോൺസൺ ചിറായിൽ നടത്തിയ നന്ദി പ്രകടനത്തോടെ 1.40 ന് യോഗം സമാപിച്ചു.

# വൈദിക സമ്മേളനം - റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2009 ജനുവരി 27 -ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. രാവിലെ 10 മണിക്ക് ആരംഭിച്ച യോഗത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് പാരീഷ് അക്കൗണ്ടിങ്ങിനെക്കുറിച്ച് ശ്രീ. റോമിഡ് നയിച്ച ക്ലാസായിരുന്നു. പലപ്പോഴും നമ്മുടെ സ്ഥാപനങ്ങളെയും പ്രവർത്തനങ്ങളേയും തെറ്റായി വ്യാഖ്യാനിക്കുന്നത് നമ്മുടെ പ്രവർത്തനങ്ങളെക്കുറിച്ച് മറ്റുള്ളവർക്ക് ബോധ്യമാകാത്തതുകൊണ്ടാണെന്നും, മറ്റുള്ളവർക്കുകൂടി ബോധ്യമാകത്തക്ക വിധത്തിൽ രേഖകളും കണക്കുകളും സൂക്ഷിക്കുവാനും അത് കൊടുക്കേണ്ട സമയത്തും സ്ഥലത്തും കൊടുക്കുവാനും നമ്മൾക്ക് സാധിക്കണമെന്നും, ചെറിയ വീഴ്ചപോലും പലപ്പോഴും ഇന്ന് വലുതായി ചിത്രീകരിക്കപ്പെടുന്നുവെന്നും അതിനാൽ ചെറിയ വീഴ്ചപോലും നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകുവാൻ പാടില്ലെന്നും കണക്കുകളുടെ കാര്യത്തിൽ വളരെ ശ്രദ്ധിക്കണമെന്നും റോമിഡ് സാർ ഉദ്ബോധിപ്പിച്ചു. തുടർന്ന് കണക്കുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വളരെ പ്രായോഗികമായി ക്ലാസെടുക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. വികാരിയച്ചന്മാരെ കൂടാതെ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 118 സെക്രട്ടറിമാരും ക്ലാസിൽ പങ്കെടുത്തു. 1.30 ന് രൂപതാ പ്രൊക്കുറേറ്റർ ബഹു. ഗർവ്വാസീസ് മറ്റം റോമിഡ് സാറിന് നന്ദി പറഞ്ഞതോടെ എല്ലാവരും ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ചയ്ക്കുശേഷം ശ്രീ. ബെന്റിലി താടിക്കാരൻ gender mainstreaming എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുത്തു. ക്ലാസിലേയ്ക്ക് WSSS ഡയറക്ടർ ജോൺ ചൂരപ്പുഴയിലച്ചൻ ഏവരേയും സ്വാഗതം ചെയ്തു. ആദിയിൽ ദൈവം സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ആ സങ്കല്പം - ക്രൈസ്തവ കാഴ്ചപ്പാട് - പകർന്നുകൊടുക്കുന്ന, പുരുഷനും സ്ത്രീയ്ക്കും തുല്യസ്ഥാനം നൽകുന്ന, കാഴ്ചപ്പാട് പകർന്നുകൊടുക്കുവാനും ന്യായം ആരുടെ പക്ഷത്താണോ ആ പക്ഷത്ത് നിൽക്കുന്ന മനോഭാവം വളർത്തിയെടുക്കുവാനും എല്ലാവരും പരിശ്രമിക്കണമെന്ന്

ക്ലാസ്സിലൂടെ ആഹ്വാനം ചെയ്തു. ശ്രീ. ഒ. പി. അബ്രാഹം സാറിന്റെ നന്ദിപ്രകടനത്തോടെ 3.30 ന് ക്ലാസ് അവസാനിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് സംസാരിച്ചു. ക്രൈസ്തവസമൂഹം, സമൂഹത്തിന്റെ മനസാക്ഷിയായി പ്രവർത്തിക്കണമെന്നും സുതാര്യവും ക്രമീകൃതവുമായ സാമ്പത്തിക രംഗം സൂക്ഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും കൃത്യമായ കണക്കുകൾ കൈകാര്യം ചെയ്യുവാൻ കാര്യങ്ങൾക്ക് അങ്ങേയറ്റത്തെ ശ്രദ്ധ ആവശ്യമാണെന്നും പിതാവ് സൂചിപ്പിച്ചു. ഇടവകയിൽ നിന്നും 10% കൊടുക്കാത്ത ഇടവകകൾ അതു കൊടുക്കണമെന്ന് പിതാവ് ആഹ്വാനം ചെയ്തു. വരും വർഷം പരീക്ഷണാർത്ഥം സ്നേഹനിധി അതാത് ഫൊറോനയിൽ ശേഖരിക്കുകയും വിതരണം ചെയ്യുകയുമായിരിക്കും ചെയ്യുകയെന്നും, അതിനായി ഫൊറോന വികാരിയുടെയും ഡയറക്ടറുടെയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങേണ്ടി വരുമെന്നും പിതാവ് പറഞ്ഞു. യുവജനങ്ങളെയും കെ. സി. വൈ. എം. നെയും വളർത്തുന്ന കാര്യത്തിൽ എല്ലാവരും ശ്രദ്ധിക്കണമെന്നും web portal നും വേണ്ടി എറണാകുളത്തുനിന്നും സീറോമലബാർ ഇന്റർനെറ്റിന്റെ മിഷന്റെ ആളുകൾ വരുമ്പോൾ അവരുമായി സഹകരിക്കണമെന്നും ദീപികയ്ക്ക് കൂടുതൽ വരിക്കാരെ കണ്ടുപിടിക്കാൻ ശ്രദ്ധിക്കണമെന്നും പിതാവ് അഭ്യർത്ഥിച്ചു. കേരള നിയമ പരിഷ്ക്കരണ കമ്മീഷന്റെ അധാർമ്മിക നിയമ നിർദ്ദേശങ്ങൾക്കെതിരെ ജനങ്ങളെ ബോധവത്ക്കരിക്കണമെന്നും പിതാവ് എല്ലാവരേയും ആഹ്വാനം ചെയ്തു. തുടർന്ന് പിതാവ് എല്ലാവർക്കും നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ പ്രാർത്ഥനയോടെ 4.20 ന് സമ്മേളനം അവസാനിച്ചു.

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

ജ്ഞാനസ്നാന മാതാപിതാക്കൾ അന്യ ഇടവകയിൽ നിന്നുള്ളവരാണെങ്കിൽ അവർ സ്വന്തം വികാരിയിൽ നിന്നും സാക്ഷിപത്രം കൊണ്ടു വരേണ്ടതുണ്ടല്ലോ. അതിനാൽ അന്യ ഇടവകയിൽ ജ്ഞാനസ്നാന മാതാപിതാക്കളായി പോകുന്നവർക്ക് ഒരു സർട്ടിഫിക്കറ്റ് രൂപതാ കേന്ദ്രത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

വിവാഹത്തോടനുബന്ധിച്ച് വിവാഹാർത്ഥിയുടെ സ്വതന്ത്രാവസ്ഥ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (Freestate) രൂപതാ കേന്ദ്രത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇവ രണ്ടും ബിഷപ്പ്സ് ഹൗസിൽ ലഭ്യമാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# NOTES ON TAXATION AND OTHER STATUTES OF CENTRAL AND STATE GOVERNMENTS AFFECTING RELIGIOUS & CHARITABLE INSTITUTIONS

## I. INCOME TAX ACT, 1961

According to the Income Tax Act the Central Government is empowered to levy tax on Income earned by the Individuals, Institutions and other Corporate bodies. The rate of tax and limit of exemption will be fixed every year while approving the Union Budget. According to the Constitution of India all income except Agricultural Income are under the control of the Central Government. Agricultural Income is taxed by the State Government.

The Income Tax is levied to raise revenue for the Country to meet the administration expenses and also to provide infrastructural facilities and social welfare programme for the benefit of the Public. Religious and Charitable Institutions are also engaged in Social Welfare Activities and help the Government by establishing Educational Institutions, Medical Institutions, Orphanages, Social Welfare Centre, Rural Development Project etc. Hence the Income Tax Act exempts such institutions from payment of Tax under the Act. At the same time the Act prescribes certain precautions to make sure that such exemptions are enjoyed only by genuine Institutions which are really doing Public Religious and Charitable Activities for the benefit of the Public.

The obligations of Religious and Charitable Institutions as per the Income Tax Act, 1961 can be noted in brief as follows:-

**A. FORMALITIES FOR EXEMPTION:-**

1. Income Tax Registration: Registration with Commissioner of Income Tax u/s. 12A is compulsory for all Religious and

Charitable institutions. The Registration should be taken within one year from the date of establishment. In the case of delayed applications, registration will be given at the discretion of the Commissioner from the yerar in which application has been submitted.

2. Audit by Chartered Accountant: If the total income of an year (ie. From 1st April to 31st March) exceeds the non taxable limit it should be audited, and a certificate in From 10B has to be obtained from the Chartered Accountant.
3. Utilisation of Income, Atleast 85% of the Income of each year should be utilized for the objects of the Institution during that year itself.
4. If the utilization is below 85% in an year, then an undertaking to utilize the deficiency in the succeeding year is be given to the Assessing Officer along with accounts and Return, before 30th September.
5. If the excess income is to be set apart for any specific purpose of utlisation within five years eg: construction of a building etc., it can be done with the prior approval of the Assessing Officer.
6. If any business is carried on in the course of attaining the objects of the institution, and if separate set of books are maintained for that business, income from that business is also exempt.
7. Income Tax Return along with Chartered Accountants Certificate is to be submitted every year within 30th September to the Assessing Officer.
8. Exemption will be withdrawn if the Institution is doing any one of the following forbidden matters.

   (i) If Charitable Institutions spend money for Religious Purposes.

   (ii) If the Religious Institution is a private one, and the benefits are not available to the public.

   (iii) If funds of the institutions are deposited in any modes other than Government institutions or Scheduled or Co-operative banks

or other approved modes of investment specified by the Income Tax Act.

(iv) If the constitution of the Institution provides utilization of Income or funds or property for the benefit of the founder or office bearer or his/her relatives.

**B. EDUCATIONAL & MEDICAL INSTITUTIONS:-**

Educational Institutions and medical Institutions working purely for educational or philanthropic purposes and not for the purposes of profit are totally exempted if the annual receipts of the institution is less than Rupees One Crore. If the annual receipts is more than Rupees One Crore they have to follow all the formalities prescribed above for Religious and Charitable institutions.

**C. DEDUCTION TO DONORS UNDER SECTION 80 - G:-**

In addition to exemption allowed to charitable institutions, the Income Tax Act gives some benefit to the individuals or companies which gives donation to such charitable institution.

Charitable Institutions should get a Special recognition under section 80G from the Commissioner of Income Tax. Persons who donate amount to such recognized institutions will get a deduction of 50% of the amount donated from his taxable income. Religious Institutions are not eligible to get 80G recognition.

**D. TAX DEDUCTIONS AT SOURCE:-**

In certain cases our institution has the obligation to deduct Income tax at source and remit the same to Government.

**(1) Salary:-**

If the salary paid is above the non-taxable limit, Income Tax should be deducted at source and the balance amount only can be given to the employee. The tax liability of each employee is to be computed after collecting necessary data from the employee every year.

**(2) Contract Work:-**

If the contract amount is above Rs. 20,000/- in a year Income Tax @ 2% + Surcharge if any, + Education Cess should be deducted from every payment.

**(3) Rent:-**

If the Rent Payable for an year exceeds Rs. 1,20,000/- Income Tax is to be deducted at specified rates from the amount. If we are getting the Rent for our Rented buildings special certificate should be collected from Income Tax Officer in order to avoid Tax deduction at source.

**(4) Professional or Technical Fees:-**

If the fees paid for Professional or Technical Service is above Rs. 20,000/- in a year, Tax should be deducted @ 10% + Surcharge if any, + Education Cess at the time of payment.

**(5) Interest:-**

If the interest payable on Term deposits is Rs.10,000/- or above in a year tax is to be deducted at source by the bank. In the case of Religious and Charitable Institutions Income Tax is exempted and hence TDS is not necessary. We have to submit From "15G" to that effect and collect the interest without any deduction. If the interest amount is more than non-taxable limit special certificate should be collected from the Assessing Officer for non-deduction of Tax.

**(6) Formalities for TDS:-**

a) Application should be given to the concerned authorities and collect the TDS number before starting deduction of Tax at source.

b) The amount deducted as shown above should be remitted to Government using special challan forms within the specified time limits.

c) Quarterly Return should be submitted periodically to the Income tax Officer and Certificate regarding TDS should be issued to the party.

**E. PERMANENT ACCOUNT NUMBER (PAN):-**

All Institutions and Individuals having an Income above the Non-taxable limit in a year should apply for allotment of Permanent Account Number and that number should be mentioned in all major financial transactions in future.

**F. ANONYMOUS DONATIONS:-**

Finance Act for the year 2006 has made an amendment to the

Income Tax Act, accordingly Anonymous Donations received by Educational and Charitable Trusts are taxable at the rate of 30% from 01-04-2006. Hence receipts showing the full details of the Donor should be kept for all Donations and those details should be recorded in the books of Accounts of the Institution.

**G. OBJECT OF GENERAL PUBLIC UTILITY:-**

Finance Act 2008 has made a major amendment to the definition of "Charitable Purpose". As per the amendment any other object of General Public utility shall not be a charitable purpose, if it involves the carrying on of any activity in the nature of trade, commerce, or business or any activity of rendering any service in relation to any trade, commerce or business for a cess or fee or any other consideration, irrespective of the nature of use or application or retention of the income from such activity.

## II. FOREIGN CONTRIBUTION REGULATION ACT, 1976:-

Public Religious and Charitable Trusts, Institutions, Societies etc. should observe certain formalities, while they accept donations from abroad.

**A. GENERAL INFORMATIONS:-**

(1) "Donations" means, voluntary payments only. Remuneration for services rendered or value of articles sold do not come under this act.

(2) "Foreign" means, the origin of the donation must be from foreign citizens of foreign government or agencies. Donations from Indian Citizens abroad from their own source do not come under this Act.

(3) Foreign Donation include, cash as well as goods.

(4) Foreign Donations include donations received through somebody else in India, even if it is in Indian Rupees. So, if a Donation originally from foreign source, passes through many hands in India, it still continues to be foreign donation for all those intermediaries until it is finally utilised for the original purpose of the donation.

(5) Foreign Donations cannot be accepted by an institution if its name is given in the declaration in connection with any weekly, daily or such other periodicals, which are registered with Registrar of News Paper, Government of India.

**B. FOR ACCEPTING DONATIONS:-**

(1) If the Institution intends to get donations only once or twice it can apply for prior permission to the ministry of Home Affairs, Government of India, New Delhi, under Section 6 (1A) in Form FC-1A.

(2) If the institution intends to receive donations regularly it is better to apply for Registration under Section (6) (1) in From FC-8.

Two copies of From FC-8, along with copies of Certificate of Registration, Memorandum, Rules & Regulations, Brief Note on activities, copy of Accounts etc. should be forwarded to the Central Home Ministry, New Delhi for getting Registration.

An SB Account has to be opened with any Bank specifically for this purpose and the account Number and Name of the Bank has to be shown in the Form FC-8.

**C. AFTER ACCEPTING DONATIONS:-**

(1) All donations, received in cash, whether in Indian Rupees, foreign Currency, or received by cheque, Draft, Money order, etc. directly or through somebody else, all should be remitted to the Registered Bank Account.

(2) It can be withdrawn only for utlising for the purpose for which it was received. F.C. money should not be deposited in other S.B. Accounts. Only one S.B. Account can be used for Foreign Contribution by an institution.

(3) It shall not in any event be transferred to any persons of the following

categories:

i) Politicians.

ii) Persons connected with registered newspaper/periodicals.

iii) Government Servants.

iv) Those specifically prohibited by Govt. of India from accepting foreign donations.

v) Institution which are not registered with Government of India under FCR Act.

(4) Separate Cash Book and Ledger should be maintained for accounts of foreign contribution transactions alone.

(5) Accounts should be kept on financial year basis and it should be got audited by a Chartered Accountant every year.

(6) From FC-3 along with Audited Statements and Balance Sheet should be send to the Central Home Ministry within four months from the end of the year.

(7) Details of interest earned under F.C. Accounts should be shown in the FC-3 form.

(8) In case of Donations received in kind, From FC-6 should be kept.

(9) If any assets created out of Foreign Contributions is sold later, the sale proceeds should be included in the Foreign contribution Account.

## III. KERALA PLANTATION TAX ACT:-

There is no provision for general exemption to Religious and Charitable Institutions under this Act. Tax is to be paid depending on the number of standing crops like coconut, arecanut, rubber, coffee, tea, cardamom, pepper etc. There is a basic exemption of Ten acres for coconut and Arecanut and five acres for other crops. The area is fixed based on the number of Trees and not based on the actual area.

## IV. KERALA BUILDING TAX ACT, 1975:-

New Building constructed in the State are liable to pay tax to Revenue Authorities once in its life. Section 3(1) of the Act gives exemption to "Buildings principally used for Religious charitable or Educational Activities". Hence the Buildings constructed for Religious and charitable activities will get exemption under this Act. Tahsildar is the assessing authority, and request for exemption is to be

submitted to him on receiving any notice in this matter from him. The Act also prescribes that if there is any dispute regarding exemption the matter should be decided by the Government.

## V. PANCHAYATH OR MUNCIPALITIES ACT:-

The local bodies like corporation, Municipality and Panchayath are also empowered to levy tax as per the respective acts. The local bodies charge property tax on buildings situated in the area, The building of the following categories are clearly exempted:-

a) Buildings used for public worship and

b) Recognized Educational Institutions.

The Buildings used for charitable purpose are also exempted in certain cases.

## VI. CONSTRUCTION WORKERS WELFARE FUND ACT:-

A contribution of one percent of the total expenses for construction is to be made to construction workers welfare fund by the owner of the Building. There is no specific provision for exemption to Religious and Charitable institutions under this Act.

## VII. SERVICE TAX:-

Service Tax @ 12% + Educational Cess is to be collected by service providers and the amount collected is to be remitted to Government monthly or Quarterly.

**C.J. Romid F.C.A.**

Chartered Accountant



# മതബോധനരംഗം

ഈ അദ്ധ്യയനവർഷത്തിന്റെ അവസാനത്തിലേക്ക് നമ്മൾ അടുക്കുന്നു. ഇന്ന് അധ്യയനവർഷത്തിൽ വിശ്വാസപരിശീലനരംഗത്ത് കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾക്ക് ദൈവത്തിന് നന്ദി പറയാം. കുറവുകൾ പരിഹരിക്കാൻ ഇനിയും നമുക്ക് സമയം ഉണ്ട്. അതിനായി അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

### +1, +2 മൂല്യനിർണ്ണയക്യാമ്പ്

മാർച്ച് 13-15 തീയതികളിൽ യൂണിവേഴ്സിറ്റി അധികാരികളുടെ നേതൃത്വത്തിൽ മതബോധന കേന്ദ്രത്തിൽ വച്ച് +1, +2 ന്റെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്യുന്നതാണ്. ക്യാമ്പിന് തിരഞ്ഞെടുക്കപ്പെട്ടവർ കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

### വിശ്വാസോത്സവം 2009

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 1, 2, 3 തീയതികളിലാണ് നടത്തേണ്ടത്. ഈ വർഷത്തെ 'എന്റെ വചനഡയറി' അടിസ്ഥാനമാക്കിയുള്ള വിശ്വാസ ആഘോഷമാണ് ഇടവകയിൽ നടത്തേണ്ടത്. വിശ്വാസോത്സവം ഭംഗിയായി നടത്തുവാൻ അധ്യാപകർക്ക് ഒരു സഹായി രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും ലഭിച്ചിരിക്കുമല്ലോ. അതനുസരിച്ച് ഓരോ ഗ്രൂപ്പിലും ഉൾപ്പെടുന്ന അധ്യാപകർ പ്രത്യേകം ഒരുങ്ങി തയ്യാറായി വിശ്വാസോത്സവം ഭംഗിയാക്കണം. വിശ്വാസോത്സവത്തിന്റെ മൂന്നാം ദിവസം വാർഷിക പരീക്ഷയ്ക്ക് വേണ്ടിയുള്ള ഒരുക്കത്തിനായി ഉപയോഗിക്കണം.

### വാർഷിക പരിക്ഷകൾ

കഴിഞ്ഞ ബുള്ളറ്റിനിൽ എഴുതിയതുപോലെ ഈ വർഷത്തെ വാർഷികപരീക്ഷ 1-ാം ക്ലാസ് മുതൽ 9-ാം ക്ലാസ് വരെയുള്ളവർക്ക് ഏപ്രിൽ 4-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ 12 മണി

വരെയായിരിക്കും. ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകൾ അന്നേദിവസം ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ 4.00 മണിവരെ ആയിരിക്കും. ഗൂഡല്ലൂർ റീജനിൽ അടുത്ത ദിവസം (ഏപ്രിൽ 5-ഞായറാഴ്ച) മേൽപറഞ്ഞ സമയങ്ങളിൽ നടത്തുന്നതാണ്.

ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുവാൻ ഓരോ ഇടവകയിലേക്കും ഇൻവിജിലേറ്റർ മാരെ അതാത് ഫൊറോനാ നേതൃത്വം ഏൽപ്പിക്കുമല്ലോ.

### ഇന്റേണൽ അസ്സസ്സ്മെന്റ്

X-ാം ക്ലാസിലെ കുട്ടികളുടെ Internal Assessment മാർക്ക് തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി ഉത്തരക്കടലാസ് പായ്ക്ക് ചെയ്യുന്നതിനൊപ്പം ഒരു കവറിൽ ഭംഗിയായി ഒട്ടിച്ച് വയ്ക്കുക. XI, XII ക്ലാസുകാരുടെ Internal Assessment ഉം, ബാക്കി മാർക്കും ഇതൊടൊപ്പം അയയ്ക്കുമല്ലോ.

### HDC - Contact Class

HDC യുടെ മൂന്നാമത്തെ Contact Class മാർച്ച് 21, 28 തീയതികളിൽ രൂപതാ മതബോധന കേന്ദ്രത്തിൽ നടത്തുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4.45 വരെ. പങ്കെടുക്കേണ്ടവർ കൃത്യസമയത്ത് എത്തിച്ചേരണം.

### HDC - Viva Exam

HDC യുടെ Viva Exam മാർച്ച് 8, 9 തീയതികളിൽ രൂപതാ മതബോധനകേന്ദ്രത്തിൽ. നിർദ്ദേശിച്ചതുപോലെ കൃത്യസമയത്ത് എത്തിച്ചേരാൻ എല്ലാവരും ശ്രദ്ധിക്കണം.

### HDC - കോഴ്സ്

അടുത്തവർഷത്തേക്കുള്ള HDC കോഴ്സിലേക്ക് ഇടവകയിൽ നിന്നും, ബഹു. സിസ്റ്റേഴ്സിനെ കൂടാതെ മറ്റ് രണ്ടുപേരെയെങ്കിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അപേക്ഷാഫോറം രൂപതാ ഓഫീസിൽ ലഭ്യമാണ്.

### DCC - കോഴ്സ്

അടുത്തവർഷത്തേയ്ക്കുള്ള DCC കോഴ്സിന് ഈ വർഷം 12-ാം ക്ലാസ് പസ്സാകുന്ന എല്ലാവരെയും ചേർക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ക്രിസ്റ്റ്യൻ ചെയർ നടത്തുന്ന ത്രിവത്സര ഡിപ്ലോമ കോഴ്സാണ് DCC.

**നന്ദിയോടെ**

11, 12 ക്ലാസുകളിലെ വാർഷിക പരീക്ഷ ഭംഗിയായി നടത്തിയ ഫൊറോനാ ഡയറക്ടർ അച്ചന്മാർ, പരീക്ഷാ കേന്ദ്രത്തിലെ ബഹു. വികാരിയച്ചന്മാർ, ഫൊറോനാ സെക്രട്ടറിമാർ, ഫൊറോന ടീം അംഗങ്ങൾ, പരീക്ഷാ കേന്ദ്രത്തിലെ അധ്യാപകർ... എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ജൂബിലേറിയൻസ്**

2008-2009 വർഷത്തിൽ മതാധ്യാപനരംഗത്ത് 25 വർഷം പൂർത്തിയാക്കുന്നവരുടെ പേരുവിവരം ഏപ്രിൽ 15-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

**ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷാനടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ**

പരീക്ഷ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്റർമാർക്കുമാണ്. ഓരോ ഇടവകകളിലേക്കും സൂപ്പർവൈസർമാരെ നിയമിക്കേണ്ടത് ഫൊറോനാ ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, 5 വർഷത്തിൽ കുറയാത്ത മതാധ്യാപന പരിചയമുള്ളവരെയോ ആണ് നിയമിക്കേണ്ടത്. ഓരോ ഇടവകകളിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ പേരുവിവരങ്ങൾ മാർച്ച് 15-നു മുമ്പ് രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സൂപ്പർ വൈസർമാർക്കുള്ള നിർദ്ദേശങ്ങൾ അതാതു ഫൊറോനാ കേന്ദ്രങ്ങളിൽ നിന്നും നൽകുന്നതായിരിക്കും.

**ഡിപ്ലോമ, സ്കോർഷിപ്പ് പരീക്ഷയ്ക്കു വേണ്ടിയുള്ള സൂപ്പർവൈസർമാർക്കുള്ള നിർദ്ദേശങ്ങൾ**

**I. പരീക്ഷയ്ക്ക് മുമ്പ്**

1) പരീക്ഷാസമയത്തിനു മുമ്പായി പരീക്ഷാകേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരി, ഹെഡ്മാസ്റ്റർ എന്നിവരെ അറിയിക്കുക.
2) നിങ്ങൾക്ക് ഫൊറോനാകേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3) ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പുവരുത്തുക.
4) പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, രജിസ്റ്റർ നമ്പറുകൾ ക്രമമായി എഴുതിയിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തിക്കുക.

5) രൂപതാമതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

**II. പരീക്ഷാഹാളിൽ**

1) 15 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.
2) രജിസ്റ്റർ നമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിട്ടിലധികം താമസിച്ചുവരുന്നവരേയും എഴുതാൻ അനുവദിക്കണമെന്നില്ല.
3) രജി. ഫോറത്തിൽ നമ്പറിട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറിയിക്കുക.
4) ഉത്തരക്കടലാസുകൾ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം.
5) രജിസ്റ്റർനമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതാൻ പറയുക. പേരോ മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.
6) ഉത്തരപേപ്പറിന്റെ രണ്ടു പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർവൈസറുടെ ഒപ്പുള്ള പേപ്പറിലേ എഴുതാവൂ എന്നും വ്യക്തമായി പറയണം (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.)
7) പാഠപുസ്തകം, നോട്ടുബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.
8) പരീക്ഷാസമയത്തിന് 5 മിനിട്ട് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ പൊട്ടിക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയസാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും രൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
9) കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക, രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. (പരസ്പരം മാറ്റാതിരിക്കാൻ)
10) വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.
11) പരീക്ഷ തീരുന്നതിന് 5 മിനിട്ട് മുമ്പ് ബെല്ലടിച്ച് പേപ്പർ തുന്നിക്കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.

12) പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരി എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

**III. പരീക്ഷ കഴിഞ്ഞാൽ**

1) പേപ്പറുകൾ വാങ്ങി, എഴുതി നിറുത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക.
2) നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസുകളുടേത് പ്രത്യേകം അടുക്കുക. രണ്ടാംവർഷക്കാരുടെ പേപ്പറും പ്രത്യേകം അടുക്കികെട്ടണം.
3) പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർവൈസറുടെ പേരും, ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട പേപ്പർ പായ്ക്ക്ചെയ്ത കവറിനൊപ്പം വയ്ക്കുക.

a) ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7)
b) ആകെ പരീക്ഷ എഴുതിയവർ (10, 4, 7)
c) ഹാജരാകാത്തവരുടെ എണ്ണം (നമ്പറുകൾ)
d) ആകെ അയയ്ക്കുന്ന കടലാസുകൾ (10, 4, 7)
e) ഫാൾസ് നമ്പറുകളുണ്ടെങ്കിൽ അക്കാര്യം
f) സൂപ്പർവൈസറുടെ പേര്, ഒപ്പ്

4) മേൽപ്പറഞ്ഞ വിധം പേപ്പർ അടുക്കിപ്പൊതിഞ്ഞ് തന്നിട്ടുള്ള കവറിൽ ഇട്ടുകെട്ടി സീൽചെയ്ത് ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുക.
5. കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക് ചെയ്ത് ഉത്തര കടലാസിനോടൊപ്പം ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം.
(ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക).
6) ഉത്തരപേപ്പറുകൾ അന്നോ, പിറ്റേന്നോ ഹെഡ്മാസ്റ്റർ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാ കേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്. എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം.
7) മേഖലാസെക്രട്ടറി തൊട്ടടുത്ത ദിവസം (മൂന്നാം ദിവസം) മേഖലയിൽനിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം.
8) പരീക്ഷാനടത്തിപ്പു സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ/ വികാരിയെക്കൊണ്ട് ഒപ്പിടുവിച്ച് രൂപതയ്ക്ക് സൂപ്പർവൈസർ നൽകണം. ഇത് ആധികാരിക രേഖയാണ്.

9) പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.
10) നിങ്ങളുടെ യാത്രാച്ചെലവ് പരീക്ഷാകേന്ദ്രത്തിൽ നിന്നും വാങ്ങണം.
11) സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിട്ട് കാത്തിട്ട് ഹെഡ്മാസ്റ്റർ, വികാരി എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**ചോദ്യപേപ്പറുകൾ**

ഏപ്രിൽ 2-ന് രാവിലെ 10 മണി മുതൽ 5 മണി വരെ രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും പതിവുപോലെ ഉത്തരവാദിത്വപ്പെട്ടവർ ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കേണ്ട ഫൊറോനകൾ :- മണിമൂളി, നിലമ്പൂർ, ചുങ്കക്കുന്ന്, മാനന്തവാടി, പയ്യംപള്ളി.

രൂപതാ മതബോധന ഓഫീസിൽ നിന്നും ചോദ്യ പേപ്പർ എടുക്കേണ്ട ഫൊറോനകൾ :- കല്ലോടി, തരിയോട്, നടവയൽ, ബത്തേരി, ഗൂഡല്ലൂർ, മുള്ളൻകൊല്ലി, കൽപ്പറ്റ.

**മേഖലാവാർത്തകൾ**

**നടവയൽ മേഖല - സാഹിത്യ മത്സര വിജയികൾ**

**ഉപന്യാസം (അധ്യാപകർ)**

I$^{st}$ മേരി ആക്കാന്തിരിയിൽ - നടവയൽ
II$^{nd}$ ഡയാന എം.സി. - നടവയൽ
III$^{rd}$ ഷീല മാത്യു മേച്ചേരി - പറളിക്കുന്ന്

**ചെറുകഥ (അധ്യാപകർ)**

I$^{st}$ സി. അനുരൂപ എഫ്.സി.സി. - അരിഞ്ചേർമല
II$^{nd}$ ഭാഗ്യ സ്രാമ്പിക്കൽ - അരിഞ്ചേർമല
III$^{rd}$ ബ്ര. ജോബിൻസ് തട്ടാംപറമ്പിൽ MCBS - വിളമ്പുകണ്ടം

**കവിത (അധ്യാപകർ)**

I$^{st}$ മേരി പതിയ്ക്കൽ - നടവയൽ
II$^{nd}$ ബിനു കുണ്ടുകുളം - അരിഞ്ചേർമല
III$^{rd}$ സി.ആഷ്‌ലി സി.എം.സി. - നടവയൽ

**ഉപന്യാസം (കുട്ടികൾ)**

I$^{st}$ മരിയ റാണി പരിയാത്ത് - കല്ലുവയൽ

IInd അഖില പെരുവാഴയിൽ - നെയ്ക്കുപ്പ

IIIrd മനു മാത്യു മേച്ചേരി - പറളിക്കുന്ന്

**കവിത (കുട്ടികൾ)**

Ist അമൽ മുരിങ്ങമറ്റം - അരിഞ്ചേർമല

IInd ഷീമ പുത്തൻപുര - നടവയൽ

IIIrd ജോർജ് എടപ്പിള്ളി - അരിഞ്ചേർമല

**ചെറുകഥ (കുട്ടികൾ)**

Ist ഷിജി മോനിപ്പള്ളിൽ - കല്ലുവയൽ

IInd ജിഷ നിർച്ചാലിൽ - നടവയൽ

IIIrd വാണി കാവനാൽ - ചെറുകാട്ടൂർ

**നിറക്കൂട്ട് 2008 വിജയികൾ**

**1-ാം ക്ലാസ്**

Ist നിഖിത കദളിക്കാട്ടിൽ - വിളമ്പുകണ്ടം

IInd ജെസ്റ്റീന കുമ്പളക്കുഴി - വിളമ്പുകണ്ടം

IIIrd ദിയ വാക്കാട്ടേൽ - ചെറുകാട്ടൂർ

**2-ാം ക്ലാസ്**

Ist ആർദ്രി പാലംപറമ്പിൽ - പറളിക്കുന്ന്

IInd ഭാവന പ്ലാക്കണ്ടി - നടവയൽ

IIIrd തേജസ് പള്ളത്ത് - നടവയൽ

**3-ാം ക്ലാസ്**

Ist ജസ്റ്റീന പുത്തൻപുരയിൽ - നടവയൽ

IInd റോൺ ജോസ് ഇരട്ടമുണ്ടക്കൽ - നടവയൽ

IIIrd ആൽബർട്ട് കുഴികണ്ടത്തിൽ - നടവയൽ

**4-ാം ക്ലാസ്**

Ist ഷോൺ വെണ്ണായപ്പള്ളിയിൽ - നടവയൽ

IInd ഡോൺ വെണ്ണായപ്പള്ളിയിൽ - നടവയൽ

IIIrd അക്ഷയ് കദളിക്കാട്ടിൽ - വിളമ്പുകണ്ടം

**5-ാം ക്ലാസ്**

Ist ആകാശ് പാലംപറമ്പിൽ - പറളിക്കുന്ന്

IInd അക്സ കരോട്ടുകുന്നേൽ - പറളിക്കുന്ന്

IIIrd കുര്യാക്കോസ് നടുത്തറപ്പിൽ - ചെറുകാട്ടൂർ

**6-ാം ക്ലാസ്**

Ist അബിൻ കുഴികണ്ടത്തിൽ - നടവയൽ

IInd പ്രതിഭ പ്ലാക്കണ്ടി – നടവയൽ
IIIrd ജോർജ് കുഴികണ്ടത്തിൽ – ചെറുകാട്ടൂർ

**7–ാം ക്ലാസ്**

Ist മെൽബിൻ വടക്കേക്കുടിയിൽ – വിളമ്പുകണ്ടം
IInd ചെൽസിയ നരിക്കുന്നേൽ – കേണിച്ചിറ
IIIrd അന്നമരിയ കാരിക്കൂട്ടത്തിൽ – കേണിച്ചിറ

**8–ാം ക്ലാസ്**

Ist ഡാനറ്റ് വെണ്ണായപ്പിള്ളിൽ – നടവയൽ
IInd അമൽ പയ്യനാട്ട് – ചുണ്ടക്കര
IIIrd അനിറ്റ മാഞ്ചേരി – ചെറുകാട്ടൂർ

**9–ാം ക്ലാസ്**

Ist ഗ്ലാഡ്വിൻ വടക്കേക്കുടി – വിളമ്പുകണ്ടം
IInd സാൽവിൻ എ.എസ്. അമ്പാട്ടുപടവിൽ – നടവയൽ
IIIrd ഡോൺ മാങ്കുടിയിൽ – വിളമ്പുകണ്ടം

**10–ാം ക്ലാസ്**

Ist വിഷാൽ ഇരിയാനിക്കൽ – നടവയൽ
IInd രാഗിൻ മരിയ കൊല്ലംകുന്നേൽ – നടവയൽ
IIIrd നൈന തുരുത്തേൽ – വിളമ്പുകണ്ടം

**11, 12 – ക്ലാസുകൾ**

ടോം ജോർജ് – നടവയൽ

**അധ്യാപകർ**

Ist ഷിനു കളർതൊട്ടിയിൽ – നടവയൽ
IInd മിനി ചെമ്പനായിൽ – വിളമ്പുകണ്ടം
IIIrd സേവ്യർ പേരാമംഗലം – വാളവയൽ

**കയ്യെഴുത്തുമാസിക**

Ist ചെറുകാട്ടൂർ
IInd വിളമ്പുകണ്ടം
IIIrd കല്ലുവയൽ

**സാഹിത്യമത്സരം**

Ist നടവയൽ
IInd അരിഞ്ചേർമല
IIIrd കല്ലുവയൽ

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ള മിഷൻലീഗ് പ്രവർത്തകരെ,

'ഞാൻ വന്നിരിക്കുന്നത് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമത്രെ' എന്ന യേശുവിന്റെ തിരുവചനത്തിന്റെ ഉപാസക രാണ് ഓരോ ക്രിസ്ത്യാനിയും, വിശിഷ്യ മിഷൻലീഗ് അംഗങ്ങൾ. കാരണം മനുഷ്യജീവന്റെ സമൃദ്ധിക്കുവേണ്ടി യേശു വിശുദ്ധ കുർബാന യായി തീർന്നതുപോലെ നാമോരോരുത്തരും മറ്റുള്ളവർക്ക് അപ്പമായി തീരണം. അതിനാണ് നാം പരിശ്രമിക്കുന്നതും. രോഗികൾക്ക് സഹായം നൽകുമ്പോൾ, പാവപ്പെട്ടവർക്ക് ഭവനം പണിതുനൽകുമ്പോൾ, ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് ഭക്ഷണം നൽകുമ്പോൾ, നഗ്നരെ ഉടുപ്പിക്കുമ്പോ ഴൊക്കെ നാം ലക്ഷ്യം വയ്ക്കുന്നത് ഈ ജീവന്റെ സമൃദ്ധിയാണ്.

എന്നാൽ ഇന്ന് ദയാവധം, ആത്മഹത്യ കുറ്റകരമല്ലാതാക്കൽ മക്കൾ രണ്ടിൽ കൂടുതലാകരുത് എന്നിങ്ങനെയുള്ള നിയമ പരിഷ്കാര ങ്ങൾ ക്രൈസ്തവ സംസ്കാരത്തിന് തന്നെ നിരക്കാത്തതാണ് എന്ന് കാണുവാൻ സാധിക്കും. എങ്ങനെയും ക്രൈസ്തവ ധാർമ്മികമൂല്യ ങ്ങളെ സമൂഹത്തിൽ നിന്നും ഇല്ലാതാക്കുക എന്ന ഗൂഢലക്ഷ്യത്തോ ടെയാണ് ചിലർ പ്രവർത്തിക്കുന്നത് എന്ന് പറയാതെവയ്യ. ജീവനെ അതിന്റെ ഏതൊരു അവസ്ഥയിലും സംരക്ഷിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പരി.പിതാവ് ബെനഡിക്ട് XVI-മൻ പ്രഖ്യാപിച്ചിരി ക്കുന്നതുപോലെ ദയാവധം സഹനം എന്ന പ്രശ്നത്തിനുള്ള വ്യാജ പരിഹാരമാണ്. എന്ന് മാത്രമല്ല മനുഷ്യയോഗ്യമല്ലാത്ത പരിഹാരമാ ണ്. എത്ര ദയാപൂർവ്വമായിരുന്നാലും ആരെയെങ്കിലും മരണത്തിന് വിധേ യനാക്കുക എന്നുള്ളതല്ല, തങ്ങളുടെ വേദനയും യാതനയും മാനുഷി കമായ രീതിയിൽ നേരിടാൻ ആളുകളെ സഹായിക്കുക എന്നതാണ് സഹജീവികളുടെ കടമ.

ജീവിതത്തിൽ സഹനത്തിന് യാതൊരു വിലയും കൽപിക്കപ്പെ

ടുന്നില്ലെങ്കിൽ ലോകത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലാകും. ഒരു അമ്മ കുഞ്ഞിന് ജീവൻ നൽകുമ്പോൾ അനുഭവിക്കേണ്ടിവരുന്ന വേദന വേണ്ട എന്നു തീരുമാനമെടുത്താൽ എന്തായിരിക്കും സ്ഥിതി. അതുപോലെ മക്കൾക്കുവേണ്ടി ത്യാഗമനുഷ്ഠിക്കുന്ന മാതാപിതാക്കൾ ആ ത്യാഗം വേണ്ട എന്നു വെച്ചാലോ? ഒരു വിത്ത് മണ്ണിൽ വീണ് അഴുകൽ പ്രക്രിയയിലൂടെ കടന്നു പോകുമ്പോഴാ മറ്റൊരു ചെടി ജന്മമെടുക്കുന്നത്. അഴുകൽ ആവശ്യമില്ലായെന്നു വെച്ചാലോ. ത്യാഗപൂർണ്ണമായ പരിശ്രമങ്ങൾക്കൊടുവിലാണ് പല കണ്ടു പിടുത്തങ്ങളും നടത്തിയിട്ടുള്ളത്.

മേൽപറഞ്ഞവയൊക്കെ വേദനയാണ്, ത്യാഗമാണ് എന്നതിന്റെ പേരിൽ വേണ്ട എന്ന് കരുതിയിരുന്നെങ്കിൽ ഒരു പക്ഷെ ഇന്നത്തെ ലോകത്തിന്റെ സ്ഥിതി മറ്റൊന്നായേനെ. യേശുവിന്റെ സഹനം ലോക രക്ഷയ്ക്കുവേണ്ടി ആയിരുന്നല്ലോ. അതുകൊണ്ട് സഹിക്കുന്നവരുടെ ജീവനെ അതിന്റെ എല്ലാ ഘട്ടങ്ങളിലും സേവിച്ചുകൊണ്ടും സഹായിച്ചുകൊണ്ട് നമുക്ക് ജീവന്റെ വക്താക്കളാകാം. ഈ നോമ്പുകാലം അതിന് നമ്മെ സഹായിക്കട്ടെ. ജീവന്റെ സമൃദ്ധിക്കുവേണ്ടി, 'നമ്മുടെയും മറ്റുള്ളവരുടെയും' നമുക്ക് യത്നിക്കാം.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## ആവേശമായി കരുത്തായി രൂപതാവാർഷികം

ചെറുപുഷ്പ മിഷൻലീഗിന്റെ 35-ാം രൂപതാവാർഷികം ജനുവരി 26-ന് നടവയൽ ശാഖയിൽ വെച്ച് നടന്നു. രൂപതാ കോർപറേറ്റ് മാനേജർ റവ.ഫാ. റോബിൻ വടക്കൻചേരിയിൽ രൂപതാവാർഷികം ഉദ്ഘാടനം ചെയ്തു. മിഷൻലീഗിലുള്ള തന്റെ പ്രവർത്തന അനുഭവം ഇന്നും വഴികാട്ടിയും കരുത്തുമാണെന്ന് രൂപതയുടെ മുൻ ഓർഗനൈസർകൂടിയായിരുന്ന റോബിനച്ചൻ അനുഭവത്തിലൂടെ വെളിപ്പെടുത്തി. രൂപതാ വാർഷികത്തിന് തുടക്കം കുറിച്ചുകൊണ്ട് മിഷൻലീഗിന്റെ പതാക രൂപതാ പ്രസിഡന്റ് ഉയർത്തി തുടർന്ന് നടവയൽ അസിസ്റ്റന്റ് വികാരി റവ.ഫാ. സന്തോഷ് കിഴക്കൻ പുതുപ്പള്ളി വചനപ്രതിഷ്ഠ നടത്തി. പൊതുസമ്മേളനത്തിന് രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ അദ്ധ്യക്ഷത വഹിച്ചു. നടവയൽ ഫൊറോനവികാരി റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി അനുഗ്രഹ പ്രഭാഷണം നടത്തി. മിഷൻലീഗ് അന്തർദേശീയ ഓർഗനൈസർ ശ്രീ. തോമസ് ഏറനാട്ട് മുഖ്യസന്ദേശം നൽകി. നടവയൽ സൺഡേസ്കൂൾ എച്ച്.എം. ശ്രീ. ബാബു ചിറപ്പുറം,

മിഷൻലീഗ് നടവയൽ ശാഖാ പ്രസിഡന്റ് ശ്രീ. ലിവിറ്റോ നന്മനാരിയിൽ തുടങ്ങിയവർ 35-ാം വാർഷികത്തിന് ആശംസകൾ നേർന്നു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. 2008-2009 പ്രവർത്തനവർഷത്തെ വാർഷിക റിപ്പോർട്ട് പൊതുസമ്മേളനത്തിൽ രൂപതാസെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ അവതരിപ്പിച്ചു. രൂപതാ ഓർഗനൈസർ ശ്രീ. തോമസ് കല്ലറക്കൽ നന്ദി നേർന്നു.

**കലാവിരുന്ന്**

വാർഷിക ആഘോഷങ്ങളുടെ ഭാഗമായി വചന ആശയങ്ങൾ കോർത്തിണക്കി നടവയൽ ശാഖയും, കുറുമ്പാല ശാഖയും നൃത്ത ശില്പങ്ങൾ വേദിയിൽ അവതരിപ്പിക്കുകയുണ്ടായി.

**കൊളാഷിലൂടെ ഇതൾവിടർന്ന പ്രേഷിതപ്രവർത്തന മാതൃകകൾ**

"പ്രേഷിത പ്രവർത്തനം മിഷൻലീഗിലൂടെ" എന്ന ആശയം ഉൾക്കൊള്ളുന്ന കൊളാഷ് മത്സരവും പ്രദർശനവും 35-ാം വാർഷിക ത്തോടനുബന്ധിച്ച് നടക്കുകയുണ്ടായി പ്രേഷിത പ്രവർത്തനത്തിന്റെ വിവിധ രൂപങ്ങൾ, മാതൃകകൾ കൊളാഷിലൂടെ ഓരോ ശാഖയും അവ തരിപ്പിക്കുകയുണ്ടായി.

കൊളാഷ് മത്സരവിജയികൾ

I - പുൽപ്പള്ളി ശാഖ

II -കണിയാരം ശാഖ

III -നടവയൽ ശാഖ

**പ്രോൽസാഹന സമ്മാനം നേടിയശാഖകൾ**

പുതുശേരിക്കടവ്, പട്ടാണിക്കൂപ്പ്, തൃശ്ശിലേരി, മുതിരേരി, കരിമാനി, അമ്പലവയൽ, മരക്കടവ്

കൊളാഷ് മത്സരത്തിൽ 1, 2, 3 സ്ഥാനം നേടിയവർക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. വിജയികൾക്കും പങ്കെടുത്ത വർക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

**പ്രേഷിതന്റെ ദൗത്യ തിരിച്ചറിവിന് കരുത്തായ സിമ്പോസിയം**

"പ്രേഷിത പ്രവർത്തനത്തിന്റെ കാലികപ്രസക്തി" എന്ന വിഷയം ആസ്പദമാക്കി നടത്തിയ സിംബോസിയത്തിന് ക്രൈസ്റ്റ് യൂണിവേഴ്സിറ്റി MBA വിഭാഗം ഡയറക്ടർ റവ. ഫാ. തോമസ് തെക്കേൽ നേതൃത്വം നൽകി. മിഷൻലീഗിലെ മിഷനറിയുടെ ദൗത്യ

ത്തിന് കൂടുതൽ ഉൾക്കാഴ്ചയും തെളിച്ചവും വെളിച്ചവും ഏകാൻ ഏറെ സഹായകരമായിരുന്നു രൂപത വാർഷികത്തോടനുബന്ധിച്ച് നടത്തിയ സിംബോസിയം.

**തിളക്കമാർന്ന വിജയങ്ങൾക്ക് അംഗീകാരമായ സമ്മാനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ വിവിധ പ്രവർത്തനങ്ങളിൽ മികച്ച വിജയം നേടിയവർക്കുള്ള സമ്മാനദാനം കോർപ്പറേറ്റ് മാനേജർ റവ.ഫാ. റോബിൻ വടക്കാഞ്ചേരി നിർവ്വഹിച്ചു. ലോഗോസ് ബൈബിൾ പരീക്ഷ വിജയികൾ, ബൈബിൾ വാക്യപഠന മത്സരവിജയികൾ, ടെലി ബൈബിൾ ക്വിസ് വിജയികൾ, സംസ്ഥാന കലാമത്സര വിജയികൾ, കൊളാഷ് മത്സര ജേതാക്കൾ തുടങ്ങിയ വിവിധ മത്സര വിജയികൾ ക്കുള്ള ഉപഹാരം ചടങ്ങിൽ വിതരണം ചെയ്തു. വിജയികൾക്കും പങ്കാ ളികളായവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

**സാമൂഹിക നീതിക്കായുള്ള പ്രമേയം**

സാമൂഹിക നീതി ഉറപ്പാക്കുകയാണ് നിയമങ്ങളുടെ ലക്ഷ്യമെ ന്നിരിക്കേ മനുഷ്യത്വരഹിതമായ നിലപാടുകളും ധാർമ്മിക മൂല്യ ങ്ങൾക്കെതിരെയുള്ള നിർദ്ദേശങ്ങളും അടങ്ങിയ നിയമപരിഷ്കരണ സമി തിയുടെ ശുപാർശകൾക്കെതിരെ ചെറുപുഷ്പ മിഷൻലീഗ് ശക്തമായി പ്രതിഷേധിക്കുകയും വാർഷിക പൊതുസമ്മേളനത്തിൽ പ്രതിഷേധ പ്രമേയം അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു.

**ഹൃദയപൂർവ്വം നന്ദി**

രൂപതാവാർഷികവും സിമ്പോസിയവും നടത്തുന്നതിനാവശ്യ മായ സ്ഥലസൗകര്യം അനുവദിച്ച, പ്രോത്സാഹനം എകിയ നടവയൽ ഫൊറോന വികാരി റവ.ഫാ. സെബാസ്റ്റ്യൻ പാലക്കി, അസിസ്റ്റന്റ് വികാരി റവ. ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി, നടവയൽ ശാഖാ ഭാരവാഹികൾ, പ്രവർത്തകർ, എന്നിവർക്കും രൂപതയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു. രൂപത വാർഷികത്തിലേക്കും സിമ്പോസിയത്തിനും അംഗങ്ങളെ പങ്കെടുപ്പിച്ച ശാഖാ നേതൃത്വത്തെയും പങ്കെടുത്തവരെയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

**തിരുശേഷിപ്പ് പ്രയാണ സമാപനം ദ്വാരകയിൽ മാർച്ച് 3-ന്**

ഒക്ടോബർ 12-ന് ആരംഭിച്ച തിരുശേഷിപ്പ് പ്രയാണം മാനന്ത വാടി രൂപതയിലെ എല്ലാ ഇടവകകളിലൂടെയും പ്രയാണം പൂർത്തി യാക്കി മാർച്ച് 3-ന് 4.30 ന് ദ്വാരക വി. അൽഫോൻസാ ദേവാലയത്തിൽ എത്തിച്ചേരും. മാർച്ച് 3-ന് 5 p.m. ന് അഭിവന്ദ്യ മാർ. ജോസ് പൊരു ന്നേടം പിതാവിന്റെ ദിവ്യബലിയോടെ തിരുശേഷിപ്പ് പ്രയാണത്തിന് സമാപനം കുറിയ്ക്കും.

## വരവായി തിബേരിയാസ് റീജിയൺ ക്യാമ്പ്

മാനന്തവാടി രൂപതയിലെ നാല് റീജിയൺ കേന്ദ്രങ്ങളിലായി നടക്കുന്ന 'തിബേരിയാസ്' ക്യാമ്പ് ഏപ്രിൽ മാസത്തിൽ ആരംഭിയ്ക്കും. മൂന്ന് ദിനം നീണ്ടുനിൽക്കുന്ന ക്യാമ്പ് നടക്കുന്ന ദിനങ്ങളും സ്ഥലവും.

ഏപ്രിൽ 14-16 മാനന്തവാടി റീജിയൺ

സ്ഥലം: മാർട്ടിൻ നഗർ ശാഖ

ആരംഭിക്കുന്നത് : ഏപ്രിൽ 14-ന് 5 p.m.

സമാപനം : ഏപ്രിൽ 16-ന് 2 p.m.

പങ്കെടുക്കേണ്ട മേഖലകൾ: കൊട്ടിയൂർ, പയ്യമ്പള്ളി, മാനന്തവാടി

ഏപ്രിൽ 18-20 ബത്തേരി റീജിയൺ

സ്ഥലം: കൽപ്പറ്റ ഡിപോൾ സ്കൂൾ

ആരംഭിക്കുന്നത് : ഏപ്രിൽ 18-ന് 5 p.m.

സമാപനം : ഏപ്രിൽ 20 -ന് 2 p.m.

പങ്കെടുക്കേണ്ട മേഖലകൾ: കൽപ്പറ്റ, ഗൂഡല്ലൂർ, പുൽപ്പള്ളി, ബത്തേരി.

ഏപ്രിൽ 21-23 കല്ലോടി റീജിയൺ

സ്ഥലം: പുതുശേരി ശാഖ

ആരംഭിക്കുന്നത് : ഏപ്രിൽ 21-ന് 5 p.m.

സമാപനം : ഏപ്രിൽ 23 -ന് 2 p.m.

പങ്കെടുക്കേണ്ട മേഖലകൾ: തരിയോട്, നടവയൽ, കല്ലോടി.

ഏപ്രിൽ 28-30 മണിമൂളി, നിലമ്പൂർ, റീജിയൺ

സ്ഥലം: പാസ്റ്ററൽ സെന്റർ മണിമൂളി

ആരംഭിക്കുന്നത് : ഏപ്രിൽ 28-ന് 5 p.m.

സമാപനം : ഏപ്രിൽ 30 -ന് 2 p.m.

പങ്കെടുക്കേണ്ട മേഖലകൾ: മണിമൂളി, നിലമ്പൂർ

**പൊതുനിർദ്ദേശങ്ങൾ**

1. ക്യാമ്പിൽ പങ്കെടുക്കുന്നവർ മിഷൻലീഗിന്റെ ബാഡ്ജ്, നോട്ടുബുക്ക്, പേന, ബഡ്ഷീറ്റ് തുടങ്ങിയവ കൊണ്ടുവരേണ്ടതാണ്.
2. ഹൈസ്കൂൾ വിഭാഗം മുതലുള്ള വ്യക്തികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത് (14 വയസ്സിന് മുകളിലേക്ക്)
3. ഒരു ശാഖയിൽ നിന്ന് 5 പേർക്ക് ക്യാമ്പിൽ പങ്കെടുക്കാം.
4. 'തിബേരിയാസ്' ക്യാമ്പിൽ പങ്കെടുക്കാനുള്ളവരെ നേരത്തെ കണ്ടെത്തി മാർച്ച് 30-ന് മുമ്പായി ശാഖകൾക്ക് നൽകിയിരിക്കുന്ന

രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് മേഖല ഭാരവാഹികളെ ഏൽപ്പിക്കേണ്ടതാണ്.

**പുതുയുവജന നേതൃത്വനിരക്ക് അഭിനന്ദനങ്ങൾ**

2009 പ്രവർത്തനവർഷത്തിൽ കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ ചുമതലപ്പെട്ട പ്രസ്ഥാനത്തിന്റെ നേതൃത്വനിരക്ക് കർമ്മവീഥിയിൽ മംഗളങ്ങളും ഭാവുകങ്ങളും നേരുന്നു.

**PMS കൺവെൻഷനിൽ രൂപത ഡയറക്ടർ പങ്കെടുത്തു.**

പൊന്തിഫിക്കൽ മിഷൻസൊസൈറ്റീസ് ഡയറക്ടേഴ്സ് കൺവെൻഷൻ ജനുവരി 28-31 വരെ ബാംഗ്ലൂരിൽ വെച്ച് നടന്നു. ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ ടോമി പുത്തൻപുരയ്ക്കൽ PMS - കൺവെൻഷനിൽ പങ്കെടുത്തു.

**ശാഖാവാർത്തകൾ**

*തോമാട്ടുചാൽ :-* ക്ലാസടിസ്ഥാനത്തിൽ കയ്യെഴുത്തുമാസിക പ്രസിദ്ധീകരിച്ചു.

*ബത്തേരി :-* ജാഗരണ പ്രാർത്ഥന നടത്തി. വാർഷികം നടത്തി.

*വിളമ്പുകണ്ടം :-* സിമിത്തേരി സന്ദർശനം നടത്തി

*വെള്ളമുണ്ട :-* അർദ്ധദിന സെമിനാർ നടത്തി. വാർഷികം നടത്തി.

*ചാരിറ്റി :-* രോഗീസന്ദർശനം നടത്തി. വി. അൽഫോൻസാമ്മയെകുറിച്ച് പ്രോജക്ട് മത്സരം നടത്തി.

*പട്ടാണികൂപ്പ് :-* CML Best Students ന് സമ്മാനം നൽകി. വാർഷികം നടത്തി.

*മുള്ളൻകൊല്ലി :-* പരിസര ശുചീകരണം നടത്തി.

*മാർട്ടിൻനഗർ :-* ഭരണങ്ങാനം, മലയാറ്റൂർ തീർത്ഥാടനം നടത്തി. വാർഷികം നടത്തി.

*കുറുമ്പാല :-* സിമിത്തേരി സന്ദർശനം നടത്തി.

*മംഗളം :-* മഞ്ഞൂറ സ്നേഹഭവൻ സന്ദർശിച്ചു.

*കണിയാരം :-* പള്ളിപരിസരവും, സിമിത്തേരിയും വൃത്തിയാക്കി.

*മഞ്ഞൂറ :-* സിമിത്തേരി സന്ദർശനം നടത്തി.

*പ്രശാന്തഗിരി :-* വാർഷികം നടത്തി. ജാഗരണ പ്രാർത്ഥന നടത്തി.

*ആലാറ്റിൽ :-* വാർഷികം നടത്തി.

*കേളകം :-* ജാഗരണ പ്രാർത്ഥന നടത്തി.

*പാൽച്ചുരം :-* ബ്ര. തോമസിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും ക്ലാസുകൾ നടത്തുന്നു.

*പോരൂർ :*– വാർഷികം നടത്തി. പള്ളിപരിസരം വൃത്തിയാക്കി.

*തോണിച്ചാൽ :*– വാർഷികം നടത്തി. കൈയ്യെഴുത്തു മാസിക 'വിത്ത്' പ്രകാശനം ചെയ്തു.

*കോട്ടത്തറ :*– പള്ളിപരിസരം വൃത്തിയാക്കി. വാർഷികം നടത്തി.

*വടക്കനാട് :*– കോളനിയിൽ വസ്ത്രവിതരണം നടത്തി.

**മേഖലാ വാർത്തകൾ**

*തരിയോട് :*– തിരുബാലസഖ്യം – കുട്ടികൾക്ക് മത്സരം നടത്തി. മംഗളം ശാഖ ഒന്നാംസ്ഥാനവും, കുറുമ്പാലശാഖ രണ്ടാംസ്ഥാനവും കരസ്ഥമാക്കി.

**സംസ്ഥാന പ്രവർത്തക അംഗത്വഫീസ് 1 രൂപ തന്ന ശാഖകൾ**

മംഗളം, ടൗൺചർച്ച് (M), കേണിച്ചിറ, കമ്മന, ചെന്നലോട്, അമരക്കുനി, ചുള്ളിയോട്, ചുള്ളിയാന, പുതുശ്ശേരിക്കടവ്, മുള്ളൻകൊല്ലി, കബനിഗിരി, റിപ്പൺ, ചാരിറ്റി, നെയ്ക്കുപ്പ, യവനാർകുളം, വിമലഗിരി, കണിയാരം, വെള്ളമുണ്ട, വിളമ്പുകണ്ടം, തോമാട്ടുചാൽ, മുട്ടിയേൽ.

**ഒറീസ സഹായനിധി തന്നശാഖകൾ**

ടൗൺ ചർച്ച് (M), കമ്മന, ചുള്ളിയോട്, ചെന്നലോട്, കണിയാമ്പറ്റ, അമരക്കുനി, ചുള്ളിയാന, അമ്പലവയൽ, പുതുശ്ശേരിക്കടവ്, കബനിഗിരി, റിപ്പൺ, കുഞ്ഞോം, ചാരിറ്റി, നെയ്ക്കുപ്പ, പുഴമുടി, യവനാർകുളം, വിമലഗിരി, കണിയാരം, ഏലപ്പീടിക, വെള്ളമുണ്ട, തോമാട്ടുചാൽ, മുട്ടിയേൽ.

**മിഷൻഞായർ വിഹിതം തന്നശാഖകൾ**

ടൗൺ ചർച്ച് (M) – 1000, കേണിച്ചിറ – 250, അമരക്കുനി – 200, ചുള്ളിയോട് – 100, ചുള്ളിയാന – 400, റിപ്പൺ – 200, കുഞ്ഞോം – 500, നെടുമ്പാല – 150, ചൂരൽമല – 100, ചാരിറ്റി – 100, പുഴമുടി – 150, കടൽമാട് – 200, വിമലഗിരി – 300, കല്ലുമുക്ക് – 50, ഏലപ്പീടിക – 200, വെള്ളമുണ്ട – 100, പടമല – 100, വിളമ്പുകണ്ടം – 100, തോമാട്ടുചാൽ – 100, മുട്ടിയേൽ – 100.

**അറിയിപ്പുകൾ**

- 2009–2010 വർഷത്തിലെ അംഗത്വലിസ്റ്റിന്റെ മൂന്ന് കോപ്പി ഏപ്രിൽ 15–ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.
- മിഷൻഞായർ വിഹിതം, സംസ്ഥാനവിഹിതം, ഒറീസാ ഫണ്ട്,

സംസ്ഥാനതല 1 രൂപ കളക്ഷൻ തരാത്തശാഖകൾ എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

- തിരുബാലസഖ്യ ആൽബം ഏപ്രിൽ 30-ന് മുമ്പായി എത്തിക്കുക.

**മാർച്ചിന്റെ ചിന്തകളും പ്രവർത്തനങ്ങളും**

ചിന്താവിഷയം :- "വചനം നീതിയിലുള്ള ജീവിതത്തിൽ"

പ്രാർത്ഥനാ നിയോഗം :- ദൈവവിളി

സുകൃതജപം:- "എന്നെ സ്വന്തമാക്കിയിരിക്കുന്ന ഈശോയെ അങ്ങയെ ഞാൻ സ്നേഹിക്കുന്നു."

മാർച്ച് 03- ചൊവ്വ:- തിരുശേഷിപ്പ് പ്രയാണസമാപനം ദ്വാരക അൽഫോൻസാ ദേവാലയത്തിൽ വൈകുന്നേരം 4.30 p.m.

മാർച്ച് 29- ഞായർ:- ദൈവവിളിദിനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

മാർച്ച് 30- തിങ്കൾ:- തിബേരിയാസ് ക്യാമ്പ് രജിസ്ട്രേഷൻ സമാപനം.

ത്യാഗനിർഭരവും തീക്ഷ്ണതയാലുള്ള പ്രവർത്തനങ്ങളാൽ സംഘടനയ്ക്ക് ഓജസും തേജസും ഏകി മിഷൻലീഗിനെ വളർത്തുന്ന പ്രിയ മിഷൻലീഗ് അംഗങ്ങൾ പരീക്ഷയ്ക്കായി ഒരുങ്ങുമ്പോൾ, മാനന്തവാടി രൂപതയിലെ മിഷൻപ്രവർത്തകരുടെ പ്രാർത്ഥനകളും വിജയങ്ങളും നേരുന്നു.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാസെക്രട്ടറി

## കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

ആത്മബലി ദാനങ്ങളുടെ ഓർമ്മകളിലൂടെ, വി. കുരിശിന്റെ രണ രശ്മികൾ വീണ് പ്രശോഭിതമാകേണ്ട ആത്മവിശുദ്ധീകരണത്തിന്റെ നാളുകൾ...നോമ്പ്.. ഹൃദയവും മനസും ക്രൂശിതന്റെ പാദാന്തികെ സമർപ്പിച്ച് നന്മയുടെയും സ്നേഹത്തിന്റെയും കരുത്ത് ആർജിക്കേണ്ട പുണ്യദിനങ്ങൾ..സുകൃതങ്ങളുടെ മധ്യേ – ദിവ്യസ്നേഹത്തിന്റെ കരുതലും സ്നേഹവും, സഹനവീഥികളിലെ നൊമ്പരത്തിന്റെ നിമിഷങ്ങളിൽ തിരിച്ചറിഞ്ഞ് – ഹൃദയത്തിൽ ശുദ്രനിർമ്മലതയുടെ വഴിത്താരകൾ സൃഷ്ടിച്ച് – ക്രൂശിതന്റെ പാത പിന്തുടരാൻ യുവതയ്ക്കാകട്ടെ. ഹൃദയവിശുദ്ധിയുടെ നൈർമ്മല്യം വഴിവിളക്കായി ഹൃദയത്തിൽ സൂക്ഷിച്ച്, നന്മയുടെ, സഹനത്തിന്റെ കരുത്തുമായി പുത്തൻ പ്രവർത്തന വർഷത്തിലേയ്ക്ക് നമുക്ക് ഉന്നം വയ്ക്കാം.

പുതിയ വർഷം – "യുവജനം വിശ്വാസതീഷ്ണതയോടെ രാഷ്ട്രസേവനത്തിന്" എന്ന ചിന്താധാരയുമായി സുന്ദരവും ഗംഭീരവുമായ തുടക്കം കുറിച്ചു. ചരിത്രത്തിന്റെ നിയോഗവും ചരിത്രമാകേണ്ടതിന്റെ അനിവാര്യതയും മനസിലാക്കി രൂപതയിലെ 12 മേഖലകളിലും എൻ. ആർ. പുര റീജിയനും അടങ്ങുന്ന മാനന്തവാടി രൂപതയിലെ യുവത വളർച്ചയുടെ 15 –ാം വയസിലേക്ക് പ്രവേശിക്കുന്നു. ശക്തവും ധീരവും സമയോചിതവുമായ നേതൃത്വം കാലത്തിന്റെ ആവശ്യമായി മനസിലാക്കി ആലസ്യത്തിന്റെയും നിഷ്ക്രിയത്വത്തിന്റെയും വൻമതിലുകൾ പൊളിച്ച് മൂല്യാധിഷ്ടിതയുവത്വം സാമൂഹിക പ്രതിബദ്ധതയോടെ കർമ്മരംഗത്തേക്കിറങ്ങണം. കാലത്തിന്റെ കനൽകൂമ്പാരത്തിൽ കത്തിയമരുന്നതാകരുത് നമ്മുടെ യുവത്വം. ഭൗതീകവാദം, വർഗ്ഗീയവാദം, ഭീകരത, ഫാസിസം.... അരങ്ങ് തകർത്ത് ഭാരതത്തിന്റെ ഹൃദയത്തെ ചങ്ങലക്കിടുമ്പോൾ – സ്നേഹത്തിന്റെ സാഹോദര്യത്തിന്റെ

ധാർമ്മികതയുടെ മൂല്യാധിഷ്ഠിതമായ വഴിത്താരകൾ ചൂണ്ടികാണിച്ച് – പഠനങ്ങളും ചർച്ചകളും, പ്രതിഷേധങ്ങളും, പ്രതികരണങ്ങളും, സാമൂഹ്യ ഇടപെടലുകളും വഴി – സംഘടനയെ ശക്തമാക്കി നാം മുന്നേറണം.

2009 കെ. സി. വൈ. എം ശാക്തീകരണ വർഷത്തിൽ ശക്തിപ്പെടേണ്ട വിവിധ മേഖലകൾ തിരിച്ചറിഞ്ഞ് – ചിന്തകളിൽ, ദർശനങ്ങളിൽ പ്രവർത്തനങ്ങളിൽ, സാമൂഹ്യരംഗങ്ങളിൽ – പുതിയ ഉണർവ്വും ഉന്മേഷവും കണ്ടെത്തി – യൂണിറ്റ് മേഖലാ രൂപതാ തലങ്ങളിൽ യുവതയുടെ സർഗ്ഗശക്തി ഉണർന്നെഴുന്നേൽക്കണം. മനുഷ്യമഹത്വത്തിനെതിരേയുള്ള കടന്നുകയറ്റം നിയമപരിഷ്ക്കരണ ശിപാർശകളിൽ ഒളിഞ്ഞിരിക്കുന്നത് തിരിച്ചറിഞ്ഞ്, മതേതര ഭാരതത്തിന്റെ ആത്മാവിന് കളങ്കം വരുത്തുന്ന ഛിദ്രശക്തികളെ അകറ്റിനിർത്തി നന്മയുടെയുടെയും സേവനത്തിന്റെയും പാതയിലൂടെ – മാനന്തവാടി രൂപതയിലെ മുഴുവൻ യുവജനങ്ങളും സഞ്ചരിക്കട്ടെ.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

## പ്രഥമ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്

18–1–09 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് പ്രഥമ സെക്രട്ടറിയേറ്റ് ചേരുകയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ആലോചിക്കുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനെ സന്ദർശിക്കുകയും പുതിയ ഭാരവാഹികളെ പിതാവ് അഭിനന്ദിക്കുകയും സംഘടന ശാക്തീകരണ വർഷത്തിന് വിജയാശംസകൾ നേരുകയും ചെയ്തു. 26–1–09 ന് സിൻഡിക്കേറ്റ് ചേരുകയും 'വഴി 2009' മാർഗ്ഗരേഖയ്ക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

## പന്തം കൊളുത്തി പ്രകടനം

ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള സംഘം സമർപ്പിച്ച നിയമപരിഷ്ക്കരണ കമ്മീഷൻ ശുപാർശകൾ സമൂഹമനസാക്ഷിക്ക് നിരക്കാത്തതും ജീവന്റെ മൂല്യത്തെ നിഷേധിക്കുന്നതാണെന്നും അവ തള്ളികളയണം എന്നും ആവശ്യപ്പെട്ട് ജനുവരി 26 ന് മാനന്തവാടിയിൽ രൂപതാസമിതിയുടെ നേതൃത്വത്തിൽ പന്തംകൊളുത്തി പ്രകടനം നടത്തി. വൈകുന്നേരം 6.30 ന് ടൗൺ ചർച്ചിൽ വച്ച് രൂപതാ പ്രസിഡണ്ട് അനീഷ് ഓമക്കരയ്ക്ക് റവ. ഫാ. പോൾ ഇടയകൊണ്ടാട്ട് പതാക കൈമാറി ജാഥ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ

ഫാ. സണ്ണി കൊല്ലാർതോട്ടം, സജിൻ ജോസ് ചാലിൽ, സന്തോഷ് ഞാറക്കുളം, ജെസ്സോയി മൂങ്ങനാനിയിൽ, ഷിന്റോ മുള്ളംകുഴിയിൽ, സി. മോളി, ബിജു മാത്യു അരീക്കാട്ട്, സണ്ണി ചാലിൽ, മാത്യു തറയിൽ, മേഖലാ ഡയറക്ടർമാർ എന്നിവർ നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽ നിന്നായി 80 പേർ പങ്കെടുത്തു. ഏവർക്കും നന്ദി.

**യുവസേവന 2009 – നേതൃസംഗമം**

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ 2009 വർഷത്തെ പ്രവർത്തനങ്ങളിൽ മാർഗ്ഗദർശിയായ 'വഴി' യുടെ പ്രകാശനവും പ്രവർത്തന വർഷ ഉദ്ഘാടനവും, മുഖപത്രമായ 'ദി വോയ്സ്' ന്റെ പ്രകാശനവും, പുതിയ വർഷത്തെ യൂണിറ്റ്, മേഖലാ, രൂപത ഭാരവാഹികളുടെ നേതൃസംഗമവും ആയ 'യുവസേവന 2009' ദ്വാരക എ. യു. പി സ്കൂളിൽ വച്ച് 14-2-09 ന് നടന്നു. പ്രസിഡണ്ട് അനീഷ് ഓമക്കര അദ്ധ്യക്ഷത വഹിച്ച നേതൃസംഗമത്തിൽ 150 ഓളം പേർ പങ്കെടുത്തു. 'യുവസേവന -2009' ന്റെ ഉദ്ഘാടനം പ്രമുഖ മാധ്യമ സാമൂഹ്യപ്രവർത്തകൻ ശ്രീ. രാഹുൽ ഈശ്വർ ഉദ്ഘാടനം ചെയ്തു. മുൻ രൂപതാ ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിൽ 'വഴി 2009' പ്രകാശനം ചെയ്തു. 'ദി വോയ്സ്' ന്റെ പ്രകാശനം മിജാർക്ക് ഏഷ്യൻ പ്രതിനിധി ശ്രീ. ബിജു മാത്യു അരീക്കാട് നിർവ്വഹിച്ചു. കെ. സി. ബി. സിയുടെ മികച്ച ലഹരി വിരുദ്ധ പ്രവർത്തകനുള്ള അവാർഡ് പ്രസ്ഥാനത്തിന്റെ പ്രഥമ അധ്യക്ഷൻ ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനും, സംസ്ഥാന വൈസ്പ്രസിഡണ്ടായി മികവുറ്റ പ്രവർത്തനം നടത്തിയ ശ്രീ. ബിജു മാത്യു അരീക്കാടിനും, രണ്ടാം തവണയും മികച്ച എൻ. എസ്. എസ് പ്രവർത്തകനുള്ള അവാർഡ് കരസ്ഥമാക്കിയ ശ്രീ. ബെന്നി വെട്ടിക്കലിനും ഉള്ള അവാർഡുകൾ മിജാർക്ക് സോളിഡാരിറ്റി ഏഷ്യൻ ചെയർമാൻ ശ്രീ. ജോസ് പള്ളത്ത് വിതരണം ചെയ്തു. കഴിഞ്ഞ വർഷത്തെ സെക്രട്ടറിയോഗാംഗങ്ങൾക്ക് മെമന്റോ നൽകി ആദരിച്ചു. പഠനവിഷയത്തിൽ രാഹുൽ ഈശ്വർ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ സ്വാഗതവും രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷണവും വഴി വിശകലനവും നടത്തി. ആനിമേറ്റർ സി. മോളി, മാത്യു തറയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. വൈസ്പ്രസിഡണ്ട് ലിജി കളരിക്കൽ നന്ദി അർപ്പിച്ചു. സന്തോഷ് ഞാറക്കുളം, ഷിന്റോ മുള്ളൻകുഴി, ജെസ്സോയി മൂങ്ങനാനി

യിൽ, സണ്ണി ചാലിൽ, റജിമോൻ പൂന്നോലിൽ, നീന വടക്കേടത്ത്, ലിറ്റി വെണ്ടർമ്യാലിൽ എന്നിവർ നേതൃത്വം നൽകി. നേതൃസംഗമം വിജയിപ്പിച്ച എല്ലാ മേഖലാ യൂണിറ്റ് ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും യുവജനനേതാക്കൾക്കും നന്ദി അർപ്പിക്കുന്നു.

**നന്ദിയോടെ**

മുൻവർഷങ്ങളിൽ മേഖല ഡയറക്ടറായി സേവനം ചെയ്ത ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. ജോസ് കളപ്പുര, ആനിമേറ്റർമാരായി സേവനം ചെയ്ത ബത്തേരി മേഖല ആനിമേറ്റർ സി. ലിസ FMA, കല്ലോടി മേഖല ആനിമേറ്റർ സി. മേരി തോമസ് H.C., നിലമ്പൂർ മേഖല ആനിമേറ്റർ സി. ലീലാമ്മ SKD എന്നിവർക്ക് രൂപതാ നേതൃത്വത്തിന്റെയും കെ. സി. വൈ. എം കുടുംബത്തിന്റെയും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

**ഹൃദയപൂർവ്വം സ്വാഗതം**

പുതിയ പ്രവർത്തന വർഷത്തെ മേഖല ഡയറക്ടറായി നിയമിതനായ ബത്തേരി മേഖലാ ഡയറക്ടർ റവ. ഫാ. ജോജോ ഔസേപ്പറമ്പിൽ, ആനിമേറ്റർമാരായി ചുമതല ഏറ്റ ബത്തേരി മേഖല ആനിമേറ്റർ സി. അനിലിറ്റ് S.H., കല്ലോടി മേഖല ആനിമേറ്റർ സി. എമിലി SABS, നിലമ്പൂർ മേഖല ആനിമേറ്റർ സി. അന്നമ്മ V.E. എന്നിവരെ കെ. സി. വൈ. എം കുടുംബത്തിലേയ്ക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

**മലയാറ്റൂർ പദയാത്ര**

നേരത്തെ അറിയിച്ചിരുന്നതുപോലെ മലയാറ്റൂർ പദയാത്ര ഏപ്രിൽ 3. നാല്പതാം വെള്ളിയാഴ്ച ആരംഭിക്കുന്നതാണ്. പദയാത്രയിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നവർ കെ. സി. വൈ. എം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുവാൻ ഓർമ്മിപ്പിക്കുന്നു. യാത്രയിൽ പങ്കെടുക്കുന്നവർ പ്രാർത്ഥനാ സംഗമത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അഭിനന്ദനങ്ങൾ - അനുമോദനങ്ങൾ**

കെ.സി. വൈ. എം സംസ്ഥാന സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടത്തിന് കെ. സി. വൈ. എം യുവജനതയുടെ അനുമോദനങ്ങൾ.

**മേഖലാ നേതൃസംഗമങ്ങൾ - മാർച്ച് 8 ന്**

വിവിധ മേഖലകളിലെ നേതൃസംഗമങ്ങൾ മാർച്ച് 8 ന് തന്നെ സംഘടിപ്പിക്കണമെന്നും മേഖലാ മാർഗ്ഗരേഖകൾ അതോടൊപ്പം സജീകരിച്ച് - മേഖലയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

**ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

2009 കെ. സി. വൈ. എം ശാക്തീകരണ വർഷത്തിൽ ഓരോ യൂണിറ്റും കൂടുതൽ സജീവവും കർമ്മനിരതവുമാക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. അംഗത്വം നവീകരിക്കുക, പുതിയ യൂണിറ്റുകൾ തുടങ്ങുക, മാർഗ്ഗരേഖകൾ ഉണ്ടാക്കി അതിനനുസരിച്ച് ഒരു യുവനിരയെ ഇടവകയിൽ, സജീവമാക്കി നിർത്തുക, കാലികമായ വിഷയങ്ങളിൽ പ്രതികരണങ്ങളും, ഇടപെടലുകളും നടത്തി പ്രസ്ഥാനത്തെ വളർത്തണമെന്ന് അറിയിക്കട്ടെ.

**അനുശോചനം**

മുൻ രൂപതാ പ്രസിഡണ്ട് ശ്രീ. സണ്ണി ജോസ് ചാലിൽ, രൂപതാ സെക്രട്ടറി സജിൻ ജോസ് ചാലിൽ എന്നിവരുടെ വല്യപ്പന്റെയും മുൻ പ്രസിഡണ്ട് ശ്രീ. മാത്യു തറയിലിന്റെ വല്യമ്മയുടെയും നിര്യാണത്തിൽ കെ. സി. വൈ.എം മാനന്തവാടി രൂപതയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

2009 കെ. സി. വൈ. എം ശാക്തീകരണത്തിന്റെ വർഷമാകട്ടെ. അതിനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകളോടെ,

സ്നേഹപൂർവ്വം,

**സജിൻ ജോസ് ചാലിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ നടന്ന കോഴ്സിൽ 106 ഉം ഫെബ്രുവരി 14 മുതൽ 17 വരെ നടന്ന കോഴ്സിൽ 100 പേരും പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനായി ക്ലാസുകളിലൂടെയും വി. കുർബാനയിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഫെബ്രുവരി 27 - മാർച്ച് 2 | - | ദ്വാരക പാസ്റ്റൽ സെന്റർ |
| മാർച്ച് 19- 23 | - | മണിമൂളി പാസ്റ്ററൽ സെന്റർ |
| മാർച്ച് 27 - 30 | - | ദ്വാരക പാസ്റ്റൽ സെന്റർ |

**മരിയൻ സിംഗിൾസ്**

14-2-09 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി 12 ഏകസ്ഥർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മാർച്ച് 28 ന് 10 മണിക്ക്.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

## സിയോൻ വാർത്തകൾ

കർത്താവിനാൽ ഏറ്റം സ്നേഹിക്കപ്പെട്ടവരെ,

വലിയ നോമ്പിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയാൽ നിറഞ്ഞവരായിരിക്കാൻ നമുക്കു പരിശ്രമിക്കാം. ഈശോയുടെ പെസഹാ രഹസ്യത്തിൽ ആത്മനാ പങ്കു ചേർന്ന്, അവിടുത്തോടൊപ്പം ഉയിർത്തെഴുന്നേറ്റ് നമുക്കും പുതിയ സൃഷ്ടികളാകാം. ദൈവാനുഭവം നിറഞ്ഞ നോമ്പുകാലം എല്ലാവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

**സോണൽ മീറ്റിംഗ് 2009 ഫെബ്രുവരി 6**

സോണൽ മീറ്റിംഗിനായി 77 ശുശ്രൂഷകർ ബഹു. പാറയിൽ അച്ചന്റെ നേതൃത്വത്തിൽ സിയോൻ ചാപ്പലിൽ സമ്മേളിച്ചു. 9.30 – 11 വരെയുള്ള സമയം വ്യക്തിപരമായി പ്രാർത്ഥിച്ചും ജപമാല ചൊല്ലി വിവിധ നിയോഗങ്ങൾക്കായി മദ്ധ്യസ്ഥം തേടിയും ദിവ്യകാരുണ്യ നാഥനോടൊത്തായിരുന്നു. 11 –11.30 വരെ സിയോന്റെ കൗൺസിലർ ശ്രീ. ബേബി മൂത്തേടം 'ജീവിത ലക്ഷ്യം' എന്ന വിഷയത്തെ ആസ്പദമാക്കി വചനം പങ്കു വച്ചു. തുടർന്ന് കോ – ഓഡിനേറ്റർ ശ്രീ. ജോണി കുന്നുംപുറം സിയോൻ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ ഏതാനും നിർദ്ദേശങ്ങൾ തന്നു. 12 മണിക്ക് ബഹു. പാറയിലച്ചൻ സിയോൻ ശുശ്രൂഷകർക്കും അവരുടെ നിയോഗങ്ങൾക്കും കുടുംബങ്ങൾക്കും വേണ്ടി വിശുദ്ധബലി അർപ്പിച്ചു വചനസന്ദേശം നൽകി. ദൈവം നമ്മെ "വിശുദ്ധരായി തീരുക" എന്ന ലക്ഷ്യത്തോടെയാണ് വിളിച്ചത്. ദൈവം നമുക്കു തന്ന ജീവിതാന്തസിലൂടെയാണ് നാം വിശുദ്ധി പ്രാപിക്കേണ്ടത്. സിയോനിൽ വരുന്നത് re - charge ചെയ്യാനാണ്. കർത്താവാകുന്ന സൂര്യനെ നോക്കിയാണ് നാം നടക്കേണ്ടത്. ഡയറക്ടർ ആകുന്ന മെഴുകുതിരി നോക്കിയല്ല. അച്ചൻ അനുസ്മരിപ്പിച്ചു. കുർബാന മധ്യേ ശുശ്രൂഷകർക്ക് നിർദ്ദേശങ്ങൾ നൽകി. വി. കുർബാനക്കുശേഷം സർക്കാർ നടപ്പാക്കാൻ

ഉദ്ദേശിക്കുന്ന നിയമപരിഷ്ക്കരണ നിർദ്ദേശങ്ങളുടെ അർത്ഥവും വ്യാപ്തിയും അതിന്റെ ഹിഡൻ അജണ്ടയും വ്യക്തമാക്കിക്കൊണ്ട് പ്രോ - ലൈഫ് മിനിസ്ട്രി കോ-ഓർഡിനേറ്റർ ശ്രീ. സാലു മേച്ചേരി കല്പറ്റ ക്ലാസെടുത്തു.

**ജാഗരണ പ്രാർത്ഥന**

6 p.m. 12 വരെ ജാഗരണ പ്രാർത്ഥന നടത്തി. ശക്തീകരണ ത്തിനും അഭിഷേകത്തിനുമായി പ്രാർത്ഥിച്ചു. വി. ബലി അർപ്പിച്ചു.

**ആദ്യശനി - ഏകദിന കൺവെൻഷൻ**

7-2-09 ആദ്യശനി ഉണർവ്വോടെ, സന്തോഷത്തോടെ 6 a.m. നു തന്നെ പരി. അമ്മയുടെ സന്നിധിയിൽ എത്തിയ സിയോൻ ശുശ്രൂഷ കർ ജപമാല ചൊല്ലി സിയോൻ ഹാളിലൂടെ നടന്ന് ഇന്നത്തെ എല്ലാ കാര്യങ്ങളും പരി. അമ്മയ്ക്കു ഭരമേൽപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. പാറ യിലച്ചൻ വചന സന്ദേശം തന്ന്, പ്രാർത്ഥിച്ച്, വി. ജലം തളിച്ച് ആശീർവ്വ ദിച്ച് ശുശ്രൂഷകൾക്കായി ശുശ്രൂഷകരെ അഭിഷേചിച്ചു. ഒരുക്കശുശ്രൂ ഷകൾക്കുശേഷം 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. പതിവു പോലെ ജപമാലയും സ്തുതി ആരാധനയും ബഹു. പാറയിൽ അച്ചനും കോ - ഓർഡിനേറ്റർ ശ്രീ. ജോണി കുന്നുംപുറവും നയിച്ചു. 11 -12 വരെ ദൈവവചനം പങ്കു വച്ച് ക്ലാസ്സ് നയിച്ചത് കുന്നോത്ത് മേജർ സെമി നാരിയിലെ ബൈബിൾ പ്രൊഫസർ ബഹു. ജേക്കബ് ചാണിക്കുഴി അച്ചനാണ്. 12 മണിക്ക് പൗരോഹിത്യ രജത ജൂബിലി നിറവിലായിരി ക്കുന്ന ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന് ബഹു. പാറയിൽ അച്ചൻ പനിനീർ പൂവ് നൽകി ജൂബിലി മംഗളങ്ങൾ ആശംസിച്ചു. ബഹു. മാത്യു അച്ചന്റെ ജീവിത വഴിത്താരയിൽ അച്ചന് ദൈവം നൽകിയ, അച്ചനിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പ്രത്യേകം സിയോനും നൽകിയ അനുഗ്രഹങ്ങൾക്കായി നന്ദി പറഞ്ഞു പ്രാർത്ഥിച്ചു. ബഹു. മാത്യു അച്ചൻ സിയോനിൽ നിറഞ്ഞു നിൽക്കുന്ന ദൈവമക്ക ളുടെ സാന്നിദ്ധ്യത്തിൽ കൃതജ്ഞതാ ബലി അർപ്പിച്ചു. തന്റെ പൗരോ ഹിത്യ ജീവിതത്തെ വലിയ അനുഗ്രഹമായി കാണുന്ന അച്ചൻ നൽകിയ വചനസന്ദേശം വലിയ പ്രചോദനമായി. വി. ബലിക്കുശേഷം സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിയമപരിഷ്ക്കരണ നിർദ്ദേശങ്ങളെപ്പറ്റി ജന ങ്ങളെ ബോധവൽക്കരിക്കുവാൻ പ്രോ-ലൈഫ് മിനിസ്ട്രിയിലെ ശ്രീ. സാലു മേച്ചേരി ക്ലാസെടുത്തു. ഈ നിയമ പരിഷ്ക്കരണത്തിനെതി രായി സർക്കാരിനു നൽകാനുള്ള ഭീമഹർജിയിൽ മുഴുവൻ ജനങ്ങളും ഒപ്പു വച്ചു. സൗഖ്യാരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും കുമ്പ സാരവും കൗൺസിലിംഗും വലിയ ആത്മീയ ഉണർവ്വു നൽകി.

**രണ്ടാംശനി - 14-2-09 യുവജനദിനം**

ധാരാളം യുവജനങ്ങൾ ശുശ്രൂഷയിൽ പങ്കെടുത്തു. തലേദിവസം വന്ന് ജാഗരിച്ച് പ്രാർത്ഥിച്ച് ഒരുങ്ങിയ ജീസസ് യൂത്ത് ടീമും ബഹു. പ്രിൻസ് അച്ചനും മ്യൂസിക് ടീമും നേതൃത്വം നൽകി.

**കൗൺസിലിംഗ് ശുശ്രൂഷ**

13/2 ന് രാത്രിയിൽ പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് മനസിനും ശരീരത്തിനും ആത്മാവിനും സൗഖ്യവും വിടുതലും തേടി കടന്നുവന്ന 76 പേർക്ക് കൗൺസിലിംഗ് നടത്തി. ദൈവത്തിന് സ്തുതി.

**ദമ്പതീ കൂട്ടായ്മ**

ശ്രീ. ജയിംസ് അമ്പലത്തറയും ശ്രീമതി മേരി പേരുക്കോട്ടിലും ജപമാലയും സ്തുതി ആരാധനയും നയിച്ചു. ഫാ. ജയ്സൺ തുണ്ടത്തിൽ റിഡംപ്റ്ററിസ്റ്റ് നിത്യരക്ഷയെക്കുറിച്ചും ആത്മീയ വളർച്ചയ്ക്കായി അധ്വാനിക്കേണ്ട ആവശ്യകതയെക്കുറിച്ചും ക്ലാസെടുത്തു. ഉച്ചകഴിഞ്ഞ് നടത്തിയ ആരാധന ഡീക്കൻ വിനോദ് പാക്കാനിക്കുഴി നയിച്ചു.

**മൂന്നാം വെള്ളി സൗഖ്യദിനം**

ധാരാളം രോഗികൾ കടന്നു വന്ന് സൗഖ്യദായകനായ യേശുവിൽ നിന്നും സൗഖ്യം നേടി. ജപമാല, സ്തുതി ആരാധന, വി. ബലി, കൗൺസിലിംഗ്, സൗഖ്യപ്രാർത്ഥന എല്ലാം നല്ല അനുഭവം ആയിരുന്നു.

**ആന്തരിക സൗഖ്യ ധ്യാനം**

22-26 തീയതികളിൽ നടത്തി. ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ധ്യാനം നയിച്ചു. 100 ഓളം പേർ ധ്യാനത്തിൽ സംബന്ധിച്ചു.

**സിയോൻ മാർച്ച് മാസത്തിൽ**

| | | |
|---|---|---|
| 6 | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 7 | - | ആദ്യശനി ഏകദിന കൺവെൻഷൻ,<br>ക്രിസ്റ്റീൻ കൺവെൻഷൻ |
| 14 | - | ദമ്പതീ കൂട്ടായ്മ, യുവജന ദിനം<br>കൗൺസിലിംഗ് ദിനം |
| 20 | - | സൗഖ്യദിനം, മദ്ധ്യസ്ഥ പ്രാർത്ഥനാദിനം,<br>സർവ്വീസ് ടീം മീറ്റിംഗ് |
| 22-26 | - | ആന്തരിക സൗഖ്യധ്യാനം |
| 27 | - | ജാഗരണപ്രാർത്ഥന - സുവിശേഷമുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി

## *വിൻസെന്റ് ഡി പോൾ സൊസൈറ്റി*

പ്രിയ വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

എല്ലാവർക്കും ഒരു നല്ല നോമ്പുകാലം ആശംസിക്കുന്നു. സജീവമായ ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ നോമ്പാചരണം അർത്ഥവത്താക്കിമാറ്റുവാൻ നമുക്കു ശ്രമിക്കാം.

പാവപ്പെട്ടവർക്കായി വീടുകൾ പണിതു നൽകിക്കൊണ്ട് മാതൃക കാട്ടിയ ബത്തേരി സെന്റ് മേരീസ് കോൺഫ്രൻസിനും ബത്തേരി എ. സി. ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കല്പറ്റയിലെ വിൻസെൻഷ്യൻ പ്രവർത്തകരും ഭവനനിർമ്മാണത്തിലൂടെ പാവപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ ശ്രമിക്കുന്നതായി അറിയുവാൻ കഴിഞ്ഞു. രോഗികളെ സന്ദർശിച്ചു സഹായിക്കുകയും ഏകാന്തതയിൽ കഴിയുന്ന വൃദ്ധജനങ്ങളെ സമാശ്വസിപ്പിക്കുകയും ചെയ്തുകൊണ്ട് നോമ്പുകാല പ്രവർത്തനങ്ങൾ ഫലവത്താക്കാം. ബഹു. വികാരിയച്ചന്റെ സഹകരണം തേടികൊണ്ട് നോമ്പുകാലത്ത് പിടിയരി ശേഖരിച്ച് ദത്തുകുടുംബങ്ങൾ, ഓസ്സാനാം ഭവൻ, അഗതിമന്ദിരം, മറ്റ് ധർമ്മസ്ഥാപനങ്ങൾ എന്നിവയ്ക്ക് എത്തിച്ചുകൊടുക്കുന്നതിനും ശ്രദ്ധിക്കുക. മാർച്ച് മാസത്തിൽ ആദ്യപകുതിയിൽ കുറുമ്പാല എ. സി യിലെ കോൺഫ്രൻസുകളും രണ്ടാം പകുതിയിൽ മാനന്തവാടി എ. സി. യിലെ കോൺഫ്രൻസുകളും ഓസ്സാനാം ഭവൻ സന്ദർശനം നടത്താൻ ശ്രദ്ധിക്കുമല്ലോ. ഏപ്രിൽ മാസത്തിൽ യഥാക്രമം നടവയൽ, പാടിച്ചിറ എ. സി കളും സന്ദർശനം നടത്തുമല്ലോ.

**സ്കോളർഷിപ്പ് 2008 – 09**

മാനന്തവാടി സി.സി അയച്ച 70 അപേക്ഷകളിൽ 69 ഉം നാഷണൽ കൗൺസിൽ അംഗീകരിച്ചിരിക്കുന്നു. ലിസ്റ്റ് താഴെ കൊടുക്കുന്നു.

**2008 – 09 സ്കോളർഷിപ്പ്**

**I. HES (ഹയർ എഡ്യുക്കേഷൻ സ്കീം) 4000 X 4 വർഷം**

1. ജ്യോതിസ്. പി. ജോസ്, സെന്റ് ജോസഫ്, കുറുമ്പാല (MBBS)

**II. TTS (ടെക്നിക്കൽ ട്രെയിനിംഗ് സ്കീം) 2700 X 3 വർഷം**

2. വിനിൽ വിശാന്ത്, സെന്റ് ജോസഫ് ബാലേശുഗിരി (B Tech)
3. ലാമിയ മാത്യു, സെന്റ് ആന്റണി ദ്വാരക (Bse. Nursing)
4. ഡാനിറ്റ് അഗസ്റ്റ്യൻ, സെ.ജോസഫ് അടയ്ക്കാത്തോട് (GNM)
5. റാണി പി. പൗലോസ്, ഇൻഫന്റ് ജീസസ് നടവയൽ (Bse. Nursing)
6. ലിംനാ ജോർജ്, വിമല മഞ്ഞൂറ (GNM)
7. ജയേഷ് പി. മാത്യു, സെ. ജോസഫ് നെയ്ക്കുപ്പ (Bse. Hot. M)
8. പ്രീതി എ. സി, സെ. മേരി വാളവയൽ (GNM)
9. ജിഷ. എം. ജെ, ലിറ്റിൽ ഫ്ളവർ മുതിരേരി (Bse. Nursing)
10. റോബിൻസ് .റ്റി. എം., സെ.മേരി മരക്കടവ് (Bse. Hot. M)
11. വിനു സാജു, മേരി മാതാ ശിശുമല (BCA)
12. രമ്യ. പി. ആർ, സെ. ജോസഫ് മരക്കടവ് (Bse. Nursing)
13. മെൽബി. എം. ബി, സെ. അൽഫോൻസ പടമല (Bse. Nursing)
14. ധന്യ. കെ. ബി, സെ. ജോസഫ് സീതാമൗണ്ട് (Bse. Nursing)
15. നീതു. പി. ജെ, ലിറ്റിൽ ഫ്ളവർ ഒണ്ടയങ്ങാടി (GNM)
16. ലിജി രാജു, വിമല ചെന്നലോട് (GNM)
17. ബിനീത, സെ. തോമസ് തരിയോട് (GNM)
18. അഞ്ചു സി. എസ്, സെ. തോമസ് ചെന്നലോട് (GNM)
19. സാന്ദ്ര സ്കറിയ, ഇൻഫന്റ് ജീസസ് കബനിഗിരി (Bse. Nursing)

**III. A.A.S (അഡോപ്റ്റ് A. സ്റ്റുഡന്റ് സ്കീം) 2025 X 1 വർഷം**

20. ലിന്റാ തോമസ്, ക്രൈസ്റ്റ് ദ കിംഗ് മണിമൂളി (GNM)
21. ഗീതു മാത്യു, സെ. തോമസ് അരിഞ്ചേർമല (TTC)
22. റീബ പോൾ, സെ. സെബാസ്റ്റ്യൻ വിളമ്പുകണ്ടം (BBM)
23. സോഫി. കെ. കെ, സെ. ജോസഫ് ചുണ്ടക്കര (Comp.Eng)
24. നിമിഷ മാത്യു, സെ. മേരി ചുണ്ടക്കര (Bse. Nursing)
25. ടിന്റു റ്റി. എഫ്, സെ. കാതറൈൻ പയ്യമ്പള്ളി (GNM)
26. സിൻസി വിൽസൺ, സെ. ജോസഫ് നരിവാലമുണ്ട (LLB)

27. അലക്സി കുര്യൻ, സെ.അൽഫോൻസ ദീപ്തിഗിരി (GNM)
28. ടീന മാത്യു, സെ. തെരേസ കൊമ്മയാട് (GNM)
29. ഹണിമോൾ പി. റ്റി, സെ. അൽഫോൻസ നെയ്ക്കുപ്പ (GNM)
30. ജിസ്മോൾ വി. വി, സെ. ഡൊമിനിക് സാവിയോ വാഴവറ്റ (GNM)
31. ഷെബിൻ അബ്രാഹം, അമലോത്ഭവ വാഴവറ്റ (Dip.in Comp)
32. സൻഞ്ചു. സി, സെ.ജൂഡ് കല്പറ്റ (BCA)
33. ഗ്രീഷ്മ പി. ജെ, സെ. ജോർജ് അമ്പായത്തോട് (Bse. Nursing)
34. അനു തോമസ്, സെ. മേരി തെനേരി (Bse. Nursing)
35. ധന്യ എം. കെ, സെ. മേരി കടൽമാട് (Bse. Nursing)
36. ഷിൻസി ലൂക്കോസ്, ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ (GNM)
37. ടോം തോമസ് സെ. സെബാസ്റ്റ്യൻ പാലാങ്കര (B Tech. Ed.)
38. ജോജോ ജോൺ, സെ. മേരി നെടുമ്പാല (GNM)
39. എലിസബത്ത് എ. സെ. മേരി പാതിരിപ്പാടം (GNM)
40. ലിജി വിത്സൺ, സെ. സെബാസ്റ്റ്യൻ കേണിച്ചിറ (GNM)
41. ക്ലമന്റ് ചാക്കോ, സെ. സെബാസ്റ്റ്യൻ കുപ്പാടിത്തറ (TTC)
42. അനൂജ എം, സെ. അൽഫോൻസ പുതുശ്ശേരിക്കടവ് (Bse. N.)
43. ഹർഷ.കെ. ബി, സെ. തോമസ് ആറാട്ടുതറ (Bse. Nursing)
44. ട്രീസ ജോസ്, സെ. മേരി കേണിച്ചിറ (Bse. Nursing)
45. ജിജോ ജയിംസ്, സെ. ജോസഫ് അപ്പപ്പാറ (GNM)
46. രമ്യ ജോസ്, സെ. ജോസഫ് അടയ്ക്കാത്തോട് (GNM)
47. അനൂപ് ജോസ്, സെ. അൽഫോൻസ ചുള്ളിയാന (Electronics)
48. ജാനറ്റ് നിഷ, സെ. ജോസഫ് തെനേരി (Electronics)
49. ജസ്ലിൻ എൻ. ജെ, സെ. സെബാസ്റ്റ്യൻ വാഴവറ്റ (TTC)
50. നിഷ കുര്യൻ, സെ. മേരി പുതുശ്ശേരി (GNM)

**IV. VTS (വൊക്കേഷണൽ ട്രെയിനിംഗ് സ്കീം ) 1350 X 1 വർഷം**

51. ഷെറിൻ ജോൺ, സെ. ജോർജ് ചുള്ളിയാന (GNM)
52. സോജി. കെ. കെ, ബ്ല. മദർ തെരേസ വിളമ്പുകണ്ടം (TTC)
53. സിൻസി വർഗീസ്, സെ. മേരി പയ്യമ്പള്ളി (GNM)
54. ഐഡ എൻ. ജി, സെ. മേരി പറളിക്കുന്ന് (GNM)
55. വിജിൽ റ്റി. ബേബി, സെ. മേരി അരിഞ്ചേർമല (TTC)

56. ദിവ്യ അബ്രാഹം, സെ. മേരി ആറാട്ടുപാറ (GNM)
57. സൗമ്യ ജോസഫ്, സെ. സെബാസ്റ്റ്യൻ കൊട്ടിയൂർ (GNM)
58. ജിബിൻ കെ. യു, സെ. മേരി അമ്പായത്തോട് (TTC)
59. ബിനി തങ്കച്ചൻ, സെ. സെബാസ്റ്റ്യൻ പന്തിപ്പൊയിൽ (GNM)
60. അൽഫോൻസ ലിൻഡ, സെ. അൽഫോൻസ കടൽമാട് (Comp.)
61. ലിയ സെബാസ്റ്റ്യൻ, സെ. മേരി (L) വൈത്തിരി (BBA)
62. ലീമ ജോസഫ്, ലിറ്റിൽ ഫ്ളവർ പാടിച്ചിറ (GNM)
63. അജേഷ് ഈ.ആർ, മേരി മാതാ കബനിഗിരി (FAD)
64. ജോബിൻ ജെ. എം, ഇൻഫന്റ് ജീസസ്, ശശിമല (Electronics)
65. ക്രൈസ്റ്റ് ഇൻജോയ്, സെ. മേരി കണിയാമ്പറ്റ (MDMA)
66. സുജോൺ എം. ജി, സെ. മേരി കൽപറ്റ (NILT)
67. സെബിൻ ബേബി, സെ. സെബാസ്റ്റ്യൻ കുപ്പാടിത്തറ (NTTF)
68. നിധിൻ റ്റി, സെ. മേരി കുറുമ്പാല (Diesal Mech)
69. അബിത, സെ. മേരി കൊളവയൽ (DCA)

## പ്രത്യേക ശ്രദ്ധയ്ക്ക്

1). സ്കോളർഷിപ്പ് തുക ഗുണഭോക്താക്കൾക്കു കോൺഫ്രൻസു വഴി വിതരണം നടത്തുമ്പോൾ താഴെപറയും പ്രകാരം കോൺഫ്രൻസു വിഹിതവും ചേർത്തു നൽകേണ്ടതാണ്.

HES : 1000 രൂപ, TTS : 300 രൂപ, AAS : 290 രൂപ,

VTS : 150 രൂപ, ഈ തുക തനതുകണക്കിലെ ചേർക്കാവൂ.

2) HES, TTS വിഭാഗങ്ങളിലെ ഗ്രാന്റ് വരും വർഷങ്ങളിലും ലഭിക്കാവുന്നതാണ്. അതിന്, സ്റ്റഡി സർട്ടിഫിക്കറ്റും (പ്രോഗ്രസ് റിപ്പോർട്ട്) സി.സിയിൽ നിന്ന് തരുന്ന ഒരു ഫോറവും പൂരിപ്പിച്ച് ജൂലൈ മാസം ആദ്യം നൽകണം.

3). ഇപ്പോൾ തുക കൊടുക്കുന്ന അവസരത്തിൽ തന്നെ ഫോട്ടോ ഒട്ടിച്ച് രസീത് (സിസി യിൽ നിന്ന് ലഭിക്കുന്ന ഫോറം) ഒപ്പിട്ട് വാങ്ങി സി. സി യ്ക്ക് തിരിച്ചു നൽകേണ്ടതാണ്. HES ന് 2 കോപ്പി വേണം. മറ്റുള്ളവയ്ക്കു ഒന്നു വീതം മതി.

## സി. സി. മീറ്റിംഗ്

2008-09 സാമ്പത്തിക വർഷത്തിലെ അവസാനത്തെ സി. സി

യോഗം മാർച്ച് 14-ാം തീയതി (രണ്ടാം ശനി) 10. 30 ന് സി.സി ഓഫീസിൽ ചേരുന്നതാണ്. എ. സി പ്രസിഡണ്ടുമാരും ബോർഡ് മെമ്പേഴ്സും യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ നിർദ്ദേശിച്ച കാര്യങ്ങൾ വീഴ്ചവരുത്താതെ ചെയ്യാൻ എ. സി പ്രസിഡണ്ടുമാർ ബാദ്ധ്യസ്ഥരാണ്.

വാർഷിക റിപ്പോർട്ടു ഫോറങ്ങൾ, സ്കോളർഷിപ്പ് തുക കിട്ടിയാൽ അതും, അന്നു വിതരണം ചെയ്യുന്നതാണ്.

മൂന്നു വർഷം പൂർത്തീകരിച്ചിട്ടും അധികാരം ഒഴിയാത്ത കോൺഫ്രൻസു പ്രസിഡണ്ടുമാർ നിർബന്ധമായും പുതിയ തെരഞ്ഞെടുപ്പിനു വഴിയൊരുക്കുവാൻ ബാധ്യസ്ഥരാണ്. ഇക്കാര്യം പരിശോധിച്ചു നടപടി സ്വീകരിക്കാൻ എ. സി പ്രസിഡണ്ടുമാർ ശ്രദ്ധിക്കണം. നിയമാവലി വായിച്ചു മനസിലാക്കാൻ ഭാരവാഹികൾ വീഴ്ച വരുത്തരുതെന്നഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**

സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**സി. ജോവിറ്റ FCC സംസ്ഥാന ആനിമേറ്റർ**

മാനന്തവാടി രൂപത കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ആനിമേറ്ററായ സി. ജോവിറ്റ FCC യെ സമിതിയുടെ സംസ്ഥാന ആനിമേറ്ററായി വീണ്ടും തിരഞ്ഞെടുത്തു. എറണാകുളം പി.ഒ.സി യിൽ വെച്ച് നടന്ന സംസ്ഥാന ഭാരവാഹികളുടെയും രൂപതാ ഭാരവാഹികളുടെയും ജനറൽ കൗൺസിൽ യോഗത്തിൽ വെച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്. കെ. സി. ബി. സി മദ്യ വിരുദ്ധ കമ്മീഷൻ ചെയർമാൻ അദ്ധ്യക്ഷനായിരുന്നു.

**മോചന 2009**

കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയുടെ മാനന്തവാടി രൂപതാ സമിതിയുടെ പൊതുജന ബോധവൽക്കരണ പരിപാടിയായ മോചന 2008 ഈ വർഷവും തുടരുകയാണ്. 2008 വർഷം മുപ്പതോളം കേന്ദ്രങ്ങളിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കഴിയുന്ന ഇടവകകളിൽ ഈ വർഷം മോചന 2009 പരിപാടി സംഘടിപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ.

**മോചന 2009 – കരിങ്കണ്ണിക്കുന്ന്**

മുട്ടിൽ പഞ്ചായത്തിലെ കരിങ്കണ്ണിക്കുന്നിൽ മോചന 2009 സംഘടിപ്പിച്ചു. യുവജന ഗ്രന്ഥശാലയുടെ നേതൃത്വത്തിലാണ് മോചന 2009 നടത്തിയത്. 2009 ജനുവരി 11 ന് ഞായറാഴ്ച വൈകുന്നേരം ക്ലബ് ഓഡിറ്റോറിയത്തിൽ  വെച്ചാണ് പ്രോഗ്രാം നടത്തിയത്. ക്ലബ് പ്രസിഡണ്ട് എ. പി. ജോർജിന്റെ അദ്ധ്യക്ഷതയിൽ മുട്ടിൽ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. സജി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. വൈത്തിരി താലൂക്ക് ലൈബ്രററി കൗൺസിൽ പ്രസിഡണ്ട് എൽ. കെ. രാജേഷ് വിഷയാവ

തരണം നടത്തി. ശ്രീ. തോമസ് ഏറണാട്ട് മുഖ്യപ്രഭാഷണം നടത്തി. രൂപതാ മദ്ധ്യവിരുദ്ധ സമിതി പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകി.

**മദ്യവിരുദ്ധ ഞായർ പിരിവ്**

മദ്യവിരുദ്ധ ഞായറിന്റെ പിരിവ് ദയവായി ബഹു. വികാരിയച്ചന്മാർ രൂപതാ കേന്ദ്രത്തിൽ എത്തിക്കണെ. ഈ വർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഫണ്ട് അത്യാവശ്യമാണ്.

**അവധിക്കാല ബോധവൽക്കരണ പരിപാടി**

ഏപ്രിൽ, മെയ് മാസങ്ങളിൽ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുവാൻ രൂപതാ ടീം തയ്യാറാണ്. താൽപ്പര്യമുള്ള ഇടവകകൾ രൂപതാ ഡയറക്ടറെ വിവരം അറിയിക്കുക.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

## സാമൂഹ്യ സേവനരംഗം (WSSS)

**“ജെൻണ്ടർ മെയിൻസ്ട്രീമിംഗ്” പരിശീലനം**

രൂപതയിലെ ബഹു. അച്ചന്മാർക്കുവേണ്ടി ‘ജെൻണ്ടർ മെയിൽസ്ട്രീമിംഗ്’ പരിശീലനം 27-1-09 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. കളമശ്ശേരി രാജഗിരി കോളേജിലെ ട്രെയിനിംഗ് മാനേജർ ശ്രീ. ബെൻലി താടിക്കാരൻ ക്ലാസ്സിന് നേതൃത്വം നൽകി. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ്, വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ എന്നിവർ സന്നിഹിതരായിരുന്നു.

**വാർഷികാഘോഷം**

പുതിയിടം സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ഒന്നാം വാർഷികം ഫെബ്രുവരി 7 -ാം തീയതി കുസുമഗിരി എൽ. പി. സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. SWS ഡയറക്ടർ റവ. ഫാ. ജോഷി അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. മാനന്തവാടി ബ്ലോക്ക് പ്രസിഡന്റ് ശ്രീ. അച്ചപ്പൻ കുറ്റിയോട്ടിൽ മുഖ്യപ്രഭാഷണം നടത്തി. തവിഞ്ഞാൽ പഞ്ചായത്ത് മെമ്പർ ശ്രീ. ഐക്കണ്ടി മൊയ്തു, WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം, കോർഡിനേറ്റർ കെ. ഒ. ജോയി എന്നിവർ ആശംസകളർപ്പിച്ചു. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടനം വയനാട് ജില്ലാ സെക്രട്ടറി ശ്രീ. മായിൻ നിർവ്വഹിച്ചു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ആഘോഷ പരിപാടിക്ക് മാറ്റ് കൂട്ടി. മേഖലാ കോർഡിനേറ്റർ ഷാജി കുടക്കച്ചിറ നേതൃത്വം നൽകി.

**ഗ്രാമശ്രീ മേളയിൽ പങ്കെടുത്തു**

ബത്തേരി ശ്രേയസിന്റെ ആഭിമുഖ്യത്തിൽ ജനുവരി 22 മുതൽ

31 വരെ നടത്തിയ ഗ്രാമശ്രീ മേളയിൽ WSSS പങ്കെടുത്തു. ജൈവോല്പന്നങ്ങൾ, മുളയുല്പന്നങ്ങൾ, പച്ചമരുന്ന്, ആദിവാസികൾ നിർമ്മിച്ച കരകൗശല വസ്തുക്കൾ എന്നിവ വിപണനം നടത്തി. സി. ഇന്നസെന്റ്, അനുജോൺ എന്നിവർ നേതൃത്വം നൽകി.

**SWS സെക്രട്ടറിമാരുടെ യോഗം**

ഫെബ്രുവരി 12 -ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് SWS സെക്രട്ടറിമാരുടെ യോഗം നടത്തി. 2008 വർഷം നടപ്പാക്കിയ വിവിധ പദ്ധതികളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തി. 2009 വർഷത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ വിവരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

**ലീഗൽ എയ്ഡ് സെമിനാർ**

മാനന്തവാടി താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെയും, ലീഗൽ എയ്ഡ് സെന്ററിന്റെയും സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 26 ന് 10 മണിക്ക് പുതുശ്ശേരിക്കടവ് ക്രൈസ്റ്റ് ദ കിംഗ് ചർച്ച് പാരീഷ് ഹാളിൽ വച്ച് നടത്തിയ ഏകദിന നിയമ സാക്ഷരതാ സെമിനാർ മാനന്തവാടി ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ബഹു. സന്തോഷ് ലൂക്ക് ഉദ്ഘാടനം ചെയ്തു. ലീഗൽ എയ്ഡ് സെന്റർ ഡയറക്ടർ അഡ്വ. ഫാ. ജോൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി ബാർ അസോസിയേഷൻ പ്രസിഡണ്ട് അഡ്വ. ചന്ദ്രൻ ആലഞ്ചേരി, പെയിൻ ആന്റ് പാലിയേറ്റീവ് ജില്ലാ ചെയർമാൻ എ. സി. മായൻ പുതുശ്ശേരിക്കടവ് SWS യൂണിറ്റ് പ്രസിഡണ്ട് കുര്യാക്കോസ് കെ.കെ, മേഖലാ കോർഡിനേറ്റർ ജോഷി എന്നിവർ ആശംസകളർപ്പിച്ചു. പുതുശ്ശേരിക്കടവ് SWS യൂണിറ്റ് ഡയറക്ടർ ഫാ. സജി കപ്യാരുമലയിൽ സ്വാഗതവും ലീഗൽ എയ്ഡ് സെന്റർ പ്രോജക്ട് കോർഡിനേറ്റർ അഡ്വ. എൽബി മാത്യു നന്ദിയും രേഖപ്പെടുത്തി. വിവരാവകാശ നിയമത്തെക്കുറിച്ച് അമ്പലവയൽ തഹസിൽദാർ (R.R) സ്റ്റേയ്റ്റ് റിസോഴ്സ് പേഴ്സൺ (RTI) A.I സെൽവവും സൗരാവകാശ നിയമത്തെക്കുറിച്ച് അഡ്വ. ജോഷി മുണ്ടക്കലും ക്ലാസുകൾ നയിച്ചു.

**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# ദൈവവിളി ക്യാമ്പ്

മാനന്തവാടി രൂപതയിൽനിന്ന് വൈദിക സന്യാസ കുടുംബാന്ത സ്സുകളിലേയ്ക്ക് പ്രവേശിക്കുന്ന കുട്ടികൾക്കായി ദൈവവിളിക്യാമ്പ് 2009 മാർച്ച് 31 മുതൽ നടത്തപ്പെടുകയാണ്. മണിമൂളി ഗൂഡല്ലൂർ മേഖലയി ലുള്ള കുട്ടികൾക്കുവേണ്ടി മണിമൂളി റീജണൽ പാസ്റ്ററൽ സെന്റ റിൽവെച്ച് നടത്തുന്നതാണ്. നമ്മുടെ രൂപതയിൽനിന്ന് സെമിനാരിയിലോ, മഠത്തിലോ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളെല്ലാവരും ക്യാമ്പിൽ പങ്കെ ടുക്കണം.

**പെൺകുട്ടികൾക്ക്:-** 2009 മാർച്ച് 31, 5.00 p.m. മുതൽ ഏപ്രിൽ 3 രാവിലെ 10.30 a.m.വരെ.

സ്ഥലം :- ദ്വാരക പാസ്റ്ററൽ സെന്റർ.

വൊക്കേഷൻ പ്രൊമോട്ടേഴ്സിന് കുട്ടികളെ കാണാനുള്ള സമയം: ഏപ്രിൽ 2, 2.15 p.m. മുതൽ 4.00 p.m. വരെ.

ക്യാമ്പ് ഫീസ് :- 200 രൂപ.

**ആൺകുട്ടികൾക്ക്:-** 2009 ഏപ്രിൽ 15, 5.00 p.m.മുതൽ ഏപ്രിൽ 18 10.30 a.m. വരെ.

സ്ഥലം:- ദ്വാരക പാസ്റ്ററൽ സെന്റർ.

വൊക്കേഷൻ പ്രൊമോട്ടേഴ്സിന് കുട്ടികളെ കാണാനുള്ള സമയം: ഏപ്രിൽ 17, 2.30 p.m. മുതൽ 4.00 p.m.വരെ.

ക്യാമ്പ് ഫീസ് :- 200 രൂപ

**മണിമൂളി റീജിയണൽ ക്യാമ്പ്**

2009 ഏപ്രിൽ 20-23 തീയതികളിൽ ആൺകുട്ടികൾക്കും പെൺകുട്ടി കൾക്കും മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വച്ച് ക്യാമ്പ് നട ത്തുന്നതാണ്.

**റവ. ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

# വിദ്യാഭ്യാസ മണ്ഡലം

"മെച്ചപ്പെട്ട വിദ്യാഭ്യാസം മുഴുവൻ വിദ്യാർത്ഥികൾക്കും" എന്ന പ്രഖ്യാപിത ലക്ഷ്യ പ്രാപ്തിക്കായി ശ്രദ്ധാപൂർവ്വമായ ചുവടുവെപ്പുക ളാണ് നമ്മുടെ വിദ്യാഭ്യാസ രംഗത്ത് നടക്കുന്നത്. അധ്യാപകരും വിദ്യാർത്ഥികളും, രക്ഷിതാക്കളും, മാനേജ്മെന്റും ഐക്യത്തോടും പര സ്പര ബഹുമാനത്തോടും കൂടി പ്രവർത്തിക്കുമ്പോൾ ലക്ഷ്യം നേടുക പ്രയാസകരമാവില്ലെന്ന ചിന്ത എല്ലാ തലങ്ങളിലും ദൃശ്യമാണ്. നഷ്ട പ്പെട്ട പ്രതാപങ്ങൾ വീണ്ടെടുക്കുന്നതിനും മെച്ചപ്പെട്ടവ എത്തിപ്പിടിക്കു ന്നതിനും കൂട്ടായ ശ്രമങ്ങൾ നടക്കുന്നു. കേവലം കാഴ്ചക്കാരും കേൾവി ക്കാരും നിസംഗരും വിമർശകരുമാകാതെ നേട്ടങ്ങളുടെ പട്ടിക സൃഷ്ടി ക്കുന്നതിൽ എല്ലാവർക്കും അവരവരുടേതായ പങ്ക് ഭംഗിയായി നിറവേ റ്റാനുണ്ടെന്ന സത്യം ഏവർക്കും ബോധ്യപ്പെട്ടുകഴിഞ്ഞു. സഭയുടെ ചൈതന്യത്തിനനുയോജ്യമാകും വിധം എല്ലാം ചിട്ടപ്പെടുത്തുന്നതിനും ക്രമപ്പെടുത്തുന്നതിനും എല്ലാവരും സഹകരിക്കുന്നു.

**അക്കാഡമിക് കൗൺസിൽ**

1-1-09 ന് യോഗം ചേർന്ന അക്കാഡമിക് കൗൺസിൽ രൂപത യിൽ നടക്കുന്ന വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ അവലോകനം ചെയ്തു. ഈ രംഗത്ത് അവസരോചിതമായി നടപ്പിലാക്കേണ്ട പരിപാ ടികൾ ആലോചിച്ച് നിർദ്ദേശിച്ചു. വിവിധ ഡിപ്പാർട്ട്മെന്റുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ പഠിച്ച് ക്രോഡീകരിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ പട്ടിക പ്പെടുത്താൻ കമ്മറ്റിയെ നിശ്ചയിച്ചു. വിദ്യാജ്യോതി വിജയജ്യോതി പദ്ധതി അംഗീകരിച്ച യോഗം ഈ പദ്ധതി എല്ലാ തലങ്ങളിലും ഫല പ്രദമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു.

**'വിദ്യാജ്യോതി വിജയജ്യോതി' പദ്ധതി**

നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥി കൾക്കും ഓരോ ഘട്ടത്തിലും (ക്ലാസിലും) നിർബന്ധമായും ലഭിക്കേണ്ട

കഴിവുകൾ (നിലവാരം /MLL) നിശ്ചയിച്ച് അവ നേടിയെന്നു ഉറപ്പുവരുത്തുക, ഒപ്പം പഠനത്തിലും ഇതരമേഖലകളിലും ഉന്നതനിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ വേർതിരിച്ച് അവർക്ക് കൂടുതൽ മെച്ചപ്പെട്ട നിലവാരം / നേട്ടം കൈവരിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലനങ്ങൾ നൽകുക, എന്നീ പ്രധാനലക്ഷ്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾച്ചേർത്തിരിക്കുന്നത്. ഈ വർഷം ഈ പദ്ധതി എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും നടപ്പിലാക്കി. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പ്രധാനാധ്യാപകർ നൽകിയ റിപ്പോർട്ടുകൾ അഭിനന്ദനാർഹമാണ്. വരും വർഷങ്ങളിൽ പദ്ധതി എല്ലാ തലങ്ങളിലേക്കും എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുവാനാണ് തീരുമാനം. പിന്നോക്കക്കാർക്കും മുന്നോക്കക്കാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവും ലഭിക്കുന്നു.

**പ്രൈമറി സ്കൂൾ പ്രാധാനാധ്യാപകയോഗം - 2-1-09 ദ്വാരകയിൽ**

പ്രൈമറി വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി നിലവിലുള്ള സാഹചര്യങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക, പോരായ്മകളെ വിലയിരുത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക - എന്നീ ഉദ്ദേശത്തോടെ നമ്മുടെ രൂപതയിലെ പ്രൈമറി സ്കൂൾ പ്രധാനാധ്യാപകരെ 2-1-09 ന് ദ്വാരകയിൽ ഒരുമിച്ച് ചേർത്തത്. ഗൗരവമായ ചർച്ചകളും പ്രയോഗികവും ഉപകാരപ്രദവുമായ നിർദ്ദേശങ്ങളുംകൊണ്ട് ശ്രദ്ധേയമായ യോഗം താഴെപ്പറയുന്ന കർമ്മപരിപാടികൾ നടപ്പിലാക്കാൻ തീരുമാനിച്ചു.

• എല്ലാ വിദ്യാലയങ്ങളിലും ഇംഗ്ലീഷ് പ്രീ പ്രൈമറി ആരംഭിക്കുക • ഇംഗ്ലീഷ് ഡിവിഷൻ തുടങ്ങുക • കുട്ടികൾക്കും അധ്യാപകർക്കും പ്രത്യേക ഇംഗ്ലീഷ് പരിശീലനം നൽകുക • Spoken English ന് പ്രത്യേക അധ്യാപകരെ നിയമിക്കുക • പാഠ്യേതര മേഖലകളിൽ പരിശീലനം • ആകർഷകമായ യൂണിഫോം • കെട്ടിലും മട്ടിലും അടുക്കും ചിട്ടയും • മാതൃകാപരമായ സ്കൂൾ അന്തരീക്ഷം. മുതലായ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു.

**SSLC പഠനക്യാമ്പ്**

കോർപ്പറേറ്റിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് 5-1-09 ന്

മുമ്പായി തന്നെ നമ്മുടെ ഹൈസ്കൂളുകളിൽ SSLC പഠന ക്യാമ്പുകൾ ആരംഭിച്ചു. മോഡൽ പരീക്ഷയ്ക്കുശേഷം ക്യാമ്പിന്റെ രണ്ടാം ഘട്ടം നടക്കും. ക്യാമ്പിലെ പഠനത്തിനുപകരിക്കും വിധം നമ്മുടെ അധ്യാപകർ തയ്യാറാക്കിയ Question Bank വിദ്യാർത്ഥികൾക്ക് ഉപകരിക്കും വിധം അധ്യാപകർ ക്യാമ്പിൽ പ്രയോജനപ്പെടുത്തുന്നു. പഠനവും പരീക്ഷയും പരീക്ഷക്കാവശ്യമായ പ്രത്യേക ബോധവൽക്കരണവും അധ്യാപകരുടെ ആത്മാർത്ഥതയും കുട്ടികളുടെ സഹകരണവും രക്ഷിതാക്കളുടെ താൽപര്യവും എല്ലാമെല്ലാം ഒത്തൊരുമിക്കുമ്പോൾ SSLC ക്ക് പൂർണ്ണ വിജയമെന്ന ലക്ഷ്യം നേടാനാകും. ഒപ്പം തിളക്കമാർന്ന ഗ്രേഡുകളും.

**സ്പെഷ്യൽ അധ്യാപക കോൺഫ്രൻസ് 2-2-09 - ദ്വാരക**

പഠനത്തോടൊപ്പം പാഠ്യേതര മേഖലകളിലെ വിദ്യാർത്ഥികളുടെ കഴിവുകൾ പരമാവധി കണ്ടെത്തി, വളർത്തി, മത്സരവേദികളിൽ വിജയം നേടാൻ കഴിഞ്ഞാൽ മാത്രമേ "തിളക്കമുള്ള വിജയം കൂടുതൽ പേർക്ക്" എന്ന ലക്ഷ്യം സാധ്യമാകൂ. ഇതിന് പ്ലാനും പദ്ധതിയും തയ്യാറാക്കി സഹകരിക്കേണ്ടത് നമ്മുടെ വിദ്യാലയങ്ങളിൽ സേവനം ചെയ്യുന്ന സംഗീതം, ഡ്രോയിംഗ്, ക്രാഫ്റ്റ്, പി.ഇ.ടി അധ്യാപകരാണ്. ഇവരിൽ പലർക്കും മെച്ചപ്പെട്ട നേട്ടങ്ങളുണ്ടാക്കാൻ കഴിയുന്നുണ്ടെന്നകാര്യം അഭിനന്ദനാർഹമാണ്. ഒറ്റപ്പെട്ട നേട്ടങ്ങളല്ല നമ്മുടെ ലക്ഷ്യം. അതിനാൽ സ്പെഷ്യൽ അധ്യാപകരുടെ പ്രവർത്തനങ്ങൾക്ക് ഒരു പൊതു മാർഗ്ഗരേഖ അനിവാര്യമാണ്. ലഭ്യമായ സാഹചര്യങ്ങളെ ഫലപ്രദമാക്കുവാൻ അധ്യാപകരെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ഒരുമിച്ച് ചേർന്ന അധ്യാപകർ ക്രിയാത്മകമായ നിർദ്ദേശങ്ങൾ പലതും രൂപപ്പെടുത്തി സമർപ്പിച്ചു. യോഗം പ്രതീക്ഷ നൽകുന്നതായിരുന്നു.

**നേട്ടങ്ങളെ ആദരവോടെ... സംസ്ഥാന ജേതാക്കൾക്ക് സ്വീകരണം 2-2-09 ദ്വാരക എ.യു.പി. സ്കൂൾ**

സംസ്ഥാന തലത്തിൽ സമ്മാനാർഹരായ 125 വിദ്യാർത്ഥികളെയും രണ്ട് അധ്യാപകരെയും മൂന്ന് വിദ്യാർത്ഥി പ്രതിഭകളെയും ദ്വാരക എ.യു.പി. സ്കൂളിൽ ചേർന്ന പ്രത്യേക യോഗത്തിൽ വെച്ച് ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. അവരുടെ നേട്ടങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച മുഴുവൻ അധ്യാപകരെയും രക്ഷിതാക്കളെയും അഭിനന്ദിക്കുന്നു.

**സന്മാർഗ്ഗവും വേദപാഠവും സ്കോളർഷിപ്പ് പരീക്ഷ**

രൂപതാതലത്തിൽ 7-2-09 ന് നടത്തിയ സന്മാർഗ്ഗ വേദപാഠം

സ്കോളർഷിപ്പ് പരീക്ഷയിൽ 1200 വിദ്യാർത്ഥികൾ പങ്കെടുത്തു. അവരെ ഒരുക്കി പരീക്ഷ എഴുതാൻ സഹായിച്ച എല്ലാ അധ്യാപകരേയും നന്ദിയോടെ സ്മരിക്കുന്നു. കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തി വിജയികളെ തെരഞ്ഞെടുക്കുന്നതാണ്.

### IT അധ്യാപക സംഗമം

നമ്മുടെ വിദ്യാലയങ്ങളിലെ IT കോഡിനേറ്റർമാരുടെയോഗം IT ഡിപ്പാർട്ട്മെന്റ് 14-2-09 ന് ദ്വാരകയിൽ വിളിച്ചു ചേർത്തു. വരുന്ന പരീക്ഷയിൽ വിദ്യാർത്ഥികളെ ഒരുക്കേണ്ടതെങ്ങനെയെന്ന വിഷയത്തിൽ ഫലപ്രദമായ ചർച്ച നടത്തുകയും പൊതുതീരുമാനങ്ങൾ എടുക്കുകയും ചെയ്തു. IT ഡിപ്പാർട്ടുമെന്റ് ചെയർമാൻ ശ്രീ. പി.ഡി. ഫ്രാൻസീസ് മാസ്റ്ററും കൺവീനർ പൗലോസ് മാസ്റ്ററും നേതൃത്വം നൽകി.

### IT പരിശീലനം അധ്യാപകർക്ക്

ഏപ്രിൽ മെയ് മാസങ്ങളിലായി അധ്യാപകർക്ക് IT രംഗത്ത് ആവശ്യമായ പരിശീലനം നൽകാൻ നടപടികളായി. വിരമിക്കാൻ മൂന്നു വർഷത്തിൽ കൂടുതലുള്ളവരെല്ലാം IT പരിശീലനം നേടേണ്ടതാണ്.

### ഇംഗ്ലീഷ് മീഡിയം ഡിവിഷനും ഇംഗ്ലീഷ് പരിശീലന പരിപാടിയും

കഴിവതും വിദ്യാലയങ്ങളിൽ 2009-10 വർഷം ഇംഗ്ലീഷ് ഡിവിഷനുകൾ ആരംഭിക്കുവാനാണാഗ്രഹിക്കുന്നത്. അതിനാവശ്യമായ അധ്യാപക പരിശീലന പരിപാടികൾക്കും രൂപം നൽകിക്കഴിഞ്ഞു. ഒപ്പം കേരളത്തിനു വെളിയിൽനിന്ന് ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന ഇംഗ്ലീഷ് അധ്യാപകരെ പ്രത്യേകമായി നിയമിക്കാനും ഉദ്ദേശിക്കുന്നു.

### യൂണിഫോം മാറ്റം

വിദ്യാലയാന്തരീക്ഷം ആകർഷകമാക്കുവാനും കുട്ടികളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചുള്ള പല നടപടികളും മാറ്റങ്ങളും നടപ്പിലാക്കാൻ ആലോചിക്കുന്നു. അതിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷംകൊണ്ട് നമ്മുടെ സ്കൂളുകളിലെ യൂണിഫോം മുഴുവനായി നിശ്ചയിച്ചു നൽകുന്ന പാറ്റേൺ സ്വീകരിച്ച് മാറ്റണമെന്നാണ് പൊതുതീരുമാനം. പല തലങ്ങളിലും ഈ വിഷയം ചർച്ചചെയ്യുകയും സഹകരണം തേടുകയും ചെയ്തിട്ടുണ്ട്.

### വിരമിക്കുന്ന ജീവനക്കാർക്ക് യാത്രയയപ്പ്

ദീർഘകാലം നമ്മുടെ വിദ്യാലയങ്ങളിൽ വിവിധ രീതിയിൽ സേവനം അനുഷ്ഠിച്ചശേഷം 19 പേർ ഈ വർഷം കോർപ്പറേറ്റ് കുടും

ബത്തിൽ നിന്നും പടിയിറങ്ങുകയാണ്. അവരെയെല്ലാം ആദരവോടും നന്ദിയോടും കൂടി സ്മരിക്കുന്നു. അവർക്ക് കോർപ്പറേറ്റ് കുടുംബാംഗങ്ങളുടെ ആഭിമുഖ്യത്തിൽ 19-2-09 ന് സമുചിതമായ യാത്രയയപ്പ് നൽകി.

**വിരമിക്കുന്നവർ**

1. ശ്രീമതി റോസക്കുട്ടി കെ.വി. (H.M. പയ്യംമ്പള്ളി HS)
2. ശ്രീ. ജോർജ് പി. വി. (H.M. അമ്പായത്തോട് UP)
3. ശ്രീ. ജോസഫ് കെ.വി. (H.M. സെന്റ് തോമസ് UPS മുള്ളൻകൊല്ലി)
4. ശ്രീമതി ത്രേസ്യാമ്മ മാത്യു (H.M. സെന്റ് പോൾസ് LPS പുതിയിടംകുന്ന്)
5. സി. മേരി സി.ഒ. (H.M. സെന്റ് സെബാസ്റ്റ്യൻ LPS വാഴവറ്റ)
6. ശ്രീമതി ആനി ജോർജ്ജ് (കണിയാരം HS)
7. ശ്രീമതി മേരി റ്റി. റ്റി. (കൊട്ടിയൂർ HSS)
8. ശ്രീമതി ആലീസ് എം.സി. (മണിമൂളി HS)
9. ശ്രീമതി മോളി ജോസഫ് (മണിമൂളി HS)
10. ശ്രീ. ജോസ് പി. ജെ. (പയ്യംമ്പള്ളി HSS)
11. ശ്രീമതി ത്രേസ്യാമ്മ ഇ. റ്റി. (അസംപ്ഷൻ HS ബത്തേരി)
12. സി. ഡെയ്സമ്മ (തരിയോട് UP)
13. ശ്രീമതി അന്ന വി.ജെ. (തവിഞ്ഞാൽ UP)
14. ശ്രീ. തോമസ് പി. എ. (മണിമൂളി HS)
15. ശ്രീമതി മേരി വി.റ്റി. (TTI കണിയാരം)
16. ശ്രീ. കോയക്കുട്ടി തങ്ങൾ വി. (മുള്ളൻകൊല്ലി UP)
17. ശ്രീ. അബൂബക്കർ എം.സി. (തരിയോട് UPS)
18. ശ്രീ. സുലൈമാൻ ആർ. കെ. (നടവയൽ HS)
19. ശ്രീ. ഉലഹന്നൻ കെ.സി. (TTI കണിയാരം)

എല്ലാവർക്കും ഒരിക്കൽക്കൂടി മംഗളാശംസകൾ

**അറബിക്, ഉറുദു, സംസ്കൃതം, P.E.T അധ്യാപക നിയമന അറിയിപ്പ്**

വരും വർഷങ്ങളിൽ ഉണ്ടാകാനിടയുള്ള മേൽപ്പറഞ്ഞ അധ്യാപക തസ്തികകളിലെ ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിശ്ചിത ഫോറത്തിൽ 28-3-09 തീയതിവരെ അപേക്ഷ സമർപ്പിക്കാം. ഇതിനകം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷ നൽകേണ്ടതില്ല. സംശയനിവാരണത്തിന് ഓഫീസ് 04935 - 241091 നമ്പറിൽ ബന്ധപ്പെടുക.

**ഫാ. റോബിൻ വടക്കൻചേരി**
കോർപ്പറേറ്റ് മാനേജർ



# അറിയിപ്പുകൾ

## 1) Intensive Training in Communications and Media

We the Mananthavady Norbertines are glad to announce a one-week course for Formators on Communications and Media. It will be a blend of theory and practice and the participants will be empowered to integrate communications and media into the formation practice of the Church.

**Course Outline:** Communication and Media, Church and Media: Theoretical Perspectives, Spirituality of Social Communications, Audio - Visual language, Media Education, Media languages: Journalism, Film and Internet, Basic Video Production and Editing, Image Editing in Photoshop, and Basic Animation with Power Point.

Date : 26 April - 2 May 2009
Place : St. Augustine Study House, Bangalore
Seats Available : 20
Fee : Rs. 2500/--

**For Details, Please Contact**

Rev. Dr. Jose Murickan O.Praem
St. Augustine Study House
Carmelaram P.O., Kasavanahalli
Bangalore - 560035
Tel: 080 - 25920481; 28439385; Mob: (0)9986724381.
Email: jmurickan@gmail.com

**2. മേരിമാതാ ആർട്സ് & സയൻസ് കോളേജ്, മാനന്തവാടി - ഗസ്റ്റ് ലക്ചേഴ്സിനെ ആവശ്യമുണ്ട്.**

2009 –10 അദ്ധ്യയന വർഷത്തിലേയ്ക്ക് കൊമേഴ്സ്, കമ്പ്യൂട്ടർ സയൻസ്, കെമിസ്ട്രി, മലയാളം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ്

ലക്ചറൽമാരുടെ ഒഴിവുകളുണ്ട്. 'നെറ്റ്'/ പി. എച്ച്. ഡി യോഗ്യതയു ള്ളവർക്ക് മുൻഗണന. റിട്ടയർ ചെയ്തവരേയും കരാർ അടിസ്ഥാനത്തിൽ ജോലിയ്ക്ക് തയ്യാറുള്ളവരേയും പരിഗണിക്കും. അനുയോജ്യരായ ഉദ്യോ ഗാർത്ഥികൾക്ക് ശമ്പളം തടസമല്ല. പാസ്പോർട്ട് സൈസ് ഫോട്ടോ, ബന്ധപ്പെടുവാനുള്ള ഫോൺ നമ്പർ, പ്രതീക്ഷിക്കുന്ന ശമ്പളം എന്നിവ ഉൾപ്പെടുത്തിയുള്ള ബയോഡാറ്റ മാർച്ച് 10 -ാം തീയതിക്കകം -

പ്രിൻസിപ്പാൾ,
മേരിമാതാ ആർട്സ് & സയൻസ് കോളേജ്,
വേമം (പി. ഒ), മാനന്തവാടി,
വയനാട്, പിൻ: 670645
(ഫോൺ നമ്പർ 04935 – 241087)

എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

**3. ക്രിസ്തീയ ഭക്തിഗാന സിഡി – ലോഗോസ്**

കെ. സി. ബി. സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവവചനത്തെപ്പറ്റി തെരഞ്ഞെടുത്ത 11 ഗാനങ്ങളടങ്ങിയ ക്രിസ്തീയ ഭക്തിഗാന സിഡി യാണ് ലോഗോസ്. പ്രസിദ്ധ ഗായകർ പാടിയ ഇതിലെ ഗാനങ്ങൾ, ദൈവവചനത്തെക്കുറിച്ച് കേരള സഭയ്ക്ക് ഒരു നല്ല വചനവർഷ സ്മരണികയാണ്.

*പ്രസിദ്ധീകരണം :* കേരള കാത്തലിക് ബൈബിൾ സൊസൈറ്റി
*വില :* Rs 50/-

For copies :

Secretary,
Kerala Catholic Bible Society,
POC, Palarivattom,
Cochin - 282025. Ph : 0484 2805897



# Programme

## Pastoral Centre, Dwaraka

### March - 2009

| | |
|---|---|
| 27- March 2 | Marriage Preparation Course |
| 06 | Zion CRC : Night Vigil |
| 07 | Zion CRC : Prayer Day, Christeen Prayer Day |
| 13-15 | Catechism : Valuation Camp |
| 14 | Jesus Youth : Prayer Day |
| 22-26 | Zion CRC : Retreat |
| 27-30 | Marriage Preparation Course |
| 31 April 3 | Vocation Camp (Girls) |

### April - 2009

| | |
|---|---|
| March 31- April 3 | Vocation Camp (Girls) |
| 3 | Zion CRC : Night Vigil |
| 4 | Zion CRC : Prayer Day, Christeen Prayer Day |
| 4-8 | Marriage Preparation Course |
| 12 | EASTER |
| 13-15 | Catechism : Valuation Camp |
| 15-18 | Vocation Camp (Boys) |
| 19-22 | Marriage Preparation Course |

| | |
|---|---|
| *23-26* | *Christeen : Retreat* |
| *27-30* | *Marriage Preparation Course* |
| *30* | *CML Executive and Team Meeting* |

## *May - 2009*

| | |
|---|---|
| *1* | *Diocesan Day, Zion CRC : Night Vigil* |
| *2* | *Zion CRC Prayer Day* |
| *3-4* | *Catechism : Teachers Training I* |
| *5* | *Vestition : SH Sisters* |
| *5-8* | *CML : Diocesan Camp* |
| *9-12* | *Marriage Preparation Course* |
| *13-14* | *Catechism : Teachers Training II* |
| *15-20* | *Zion CRC : Team Retreat* |
| *21-22* | *Catechism Teachers Training III* |
| *23* | *Catechism : HM PP Conference* |
| *24-27* | *Christeen : Retreat* |
| *28-31* | *Marriage Preparation Course* |
| *29* | *CML Managing committee* |

**Rev. Fr. Mathew Madapallikunnel**

Director, Pastoral Centre



# Bishop's Programme

## 2009 March

| | |
|---|---|
| 1 Sun 2 Mon..... | Pastoral visit : Hassan |
| 3 Tue Morning | Thariode : Send off to Teachers |
| Afternoon | Dwaraka : Holy Mass in St. Alphonsa Church |
| 4 Wed ............. | Visitors' day |
| 5 Thu ............. | Consultors' Meeting |
| 6 Fri ............. | Out of Station |
| 7 Sat ............. | Makkiad : Benedictine Ashram |
| 8 Sun 11 Wed ....... | Ernakulam : KCBC Labour Commission: Women's day Celebrations & Diocesan KLM Directors Meet |
| 12 Thu 13 Fri ... | Out of station |
| 15 Sun ............. | Pastoral visit : Kurumani |
| 16 Mon ............. | Finance Council |
| 17 Tue ............. | Presbyteral council |
| 18 Wed ............. | Visitors' day |
| 19 Thu ............. | Mananthavady : St. Joseph's Hospital |
| 20 Fri ............. | Out of station |
| 21 Sat 22 Sun ... | Pastoral visit : Manimooly |
| 23 Mon ............. | Visitors' day |
| 24 Tue ............. | Women Religious Local Superiors' Meet |
| 25 Wed ............. | Visitors' day |

26 Thu 27 Fri ... Out of Station
28 Sat ............. Emmaus Villa
29 Sun ............. Pastoral visit : Poolapadam
30 Mon ............. Visitors' day
31 Tue ............. Engaged

## 2009 April

1 Wed ............ Visitors' day
2 Thu ............ Minor Orders of Diocesan Seminarians
3 Fri ............ Out of Station
5 Sun ............ Cathedral : Palm Sunday
6 Mon ............ Cathedral : Death Anniversary of Mar Emmanuel Pothanamuzhy
7 Tue ............. Gathering of Seminarians in PG
9 Thu ............. Cathedral : Maunday Thursday
10 Fri ............. Cathedral : Good Friday
12 Sun ............. Cathedral : Easter
13 Mon 15 Wed Ernakulam : KLM Programmes
16 Thu Morning Machikolly : Ordination of Deacon Jerry Onampally
Afternoon Peruvaka : Convocation: St. Ann's Juniorate
17 Fri ............ Out of Station
18 Sat Morning Thalappuzha : Ordination of Deacon Vinod Pakkanikuzhiyil
Afternoon Adackathode: Conclusion of Parish Jubilee
19 Sun Morning Kuttimoola : First Communion & Confirmation
Afternoon Chithragiri : Blessing of presbytery
20 Mon ............. Visitors' day
21 Tue Morning Muthireri : First Communion & Confirmation
Afternoon Rippon : Holy Mass

| | | |
|---|---|---|
| 22 Wed | ............ | Thonichal : Vestition and First Profession of SKD Novices |
| 23 Thu | ............ | Niravilpuzha : Blessing of Church |
| 24 Fri | 25 Sat ... | Out of station |
| 26 Sun | Morning | Thonichal : SKD Synaxis |
| | Afternoon | Chundakkara : Conclusion of Parish Jubilee |
| | Evening | Beginning of Major Seminarians' Gathering |
| 27 Mon | Morning | Vestition of Major Seminarians |
| | Afternoon | Vanjode : Holy Mass |
| 28 Tue | ............. | Chungakunnu : Ordination of Deacon Santhosh Anakkallil SAC |
| 29 Wed | Morning | Dwaraka : Vestition & First Profession of SABS Novices |
| | Afternoon | Kaniambetta : Blessing of FCC Convent |
| | Evening | Conclusion of Major Seminarians' Gathering |
| 30 Thu | ............ | Interview : Candidates to the Minor Seminary |